
# പഞ്ചായത്ത് രാജ്

പുസ്തകം 52 ◆ ലക്കം 3
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ജൂൺ 2012

## സാമൂഹ്യസുരക്ഷയിൽ നിന്നും സാമൂഹ്യനീതിയിലേക്ക്

### കർമ്മസാഫല്യത്തിന്റെ ഒരു വർഷം




## വികസനം കാരുണ്യം






# ഉള്ളടക്കം



5 എഡിറ്ററുടെ പേജ്



22 'കരുതുക ഓരോ തുള്ളിയും'
പി.ജെ. ജോസഫ്

23 ജലസമൃദ്ധിയും ജലശുദ്ധിയും ജല ഐശ്വര്യകേരളവും
ഡോ. വി. സുഭാഷ്ചന്ദ്രബോസ്

30 സേവനാവകാശ നിയമം: ഭരണചക്രത്തിന്റെ അകവും പുറവും സുതാര്യമാകുമ്പോൾ
ലിപിൻ രാജ് എം.പി.



32 മീനങ്ങാടി ഗ്രാമപഞ്ചായത്ത്: ഒരുമയോടെ മികവിലേക്ക്
അസൈനാർ

6 **സാമൂഹ്യക്ഷേമത്തിൽ നിന്നും സാമൂഹ്യ നീതിയിലേക്ക്**
ഡോ. എം.കെ. മുനീർ

8 **സർക്കാരിന്റെ ഭരണനേട്ടങ്ങൾ**

10 **നേട്ടങ്ങളുടെ നെറുകയിൽ കുടുംബശ്രീ**

12 **ശുചിത്വമിഷൻ**

15 **ഇൻഫർമേഷൻ കേരള മിഷൻ**

18 **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി**

20 **കില: നൂതന പ്രവർത്തനങ്ങൾ**

21 **സാമൂഹ്യക്ഷേമം**

35 മഴക്കാലം വരവായി... കോഴി വളർത്തലുകാർ ഈ മുന്നൊരുക്കങ്ങൾ നടത്തണം
ഡോ. മരിയ ലിസ മാത്യു

36 ശുചിത്വഗ്രാമം-ഹരിതഗ്രാമം
സി.കെ. രവീന്ദ്രൻ



38 കർഷകനായ ബാബുരാജിന് തുണയായത്
പി.വി. രാധാകൃഷ്ണൻ

40 കണ്ണൂർ സെൻട്രൽ ജയിൽ ക്ഷീര സ്വയംപര്യാപ്തതയിലേക്ക്
ചിത്രൻ കെ. & സുധീർകുമാർ

42 വാർത്തകൾ വിശേഷങ്ങൾ




### ഗൗരവമായി ചർച്ച ചെയ്യണം

മെയ് ലക്കം പഞ്ചായത്ത് രാജ് മാസികയിലെ പട്ടികജാതി പട്ടികവർഗ്ഗ വികസനം ഒരു നേർക്കാഴ്ച എന്ന ഒ.ജെ. ജോണിന്റെ ലേഖനം ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിലനിൽപ്പിനും വികസനത്തിനും അതിജീവനത്തിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി നിയമനിർമ്മാണങ്ങൾ നടത്തുകയും വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടും അതനുസരിച്ചുള്ള ഒരു മാറ്റം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉണ്ടാകാത്തതിന്റെ കാരണം സമഗ്രമായി അന്വേഷിക്കേണ്ടതുണ്ട്. പ്രസ്തുത വിഭാഗങ്ങളെ അവരുടെ ആവാസ വ്യവസ്ഥയിൽ നിന്നും മാറ്റിക്കൊണ്ടുള്ള വികസനം വിജയിപ്പിക്കുവാൻ ബുദ്ധിമുട്ടാണ്. കൂടാതെ പദ്ധതികൾ നടപ്പാക്കുന്നതിനുമുമ്പ് അതു സംബന്ധിച്ച അവബോധം നൽകി അവരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനം ഉണ്ടാകേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ ഏറെ പ്രവർത്തനം കാഴ്ചവയ്ക്കുവാൻ കഴിയും. ഈ പദ്ധതിക്കാലം മുതൽ അത്തരത്തിലുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

***ബിജു സാം,** തടത്തിൽ, കുട്ടമ്പുഴ, എറണാകുളം*

## ഗ്ലോബൽ റൂറൽ മീറ്റ്: ആലോചനായോഗം ചേർന്നു

ഗ്ലോബൽ റൂറൽ മീറ്റ് സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കാൻ പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ തൈക്കാട് ഗസ്റ്റ് ഹൗസിൽ യോഗം ചേർന്നു. കേരളത്തിലെ വികേന്ദ്രീകരണത്തിന്റെയും വികസന നേട്ടങ്ങളുടെയും അനുഭവം ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകയും പുതിയ സാഹചര്യത്തിനനുസരിച്ച് വികസന സമീപനം രൂപീകരിക്കുകയുമാണ് മീറ്റിന്റെ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. ലോകത്തെ മറ്റിടങ്ങളിലെ മികച്ച വികസനാനുഭവങ്ങൾ പരിചയപ്പെടുവാനും ആശയവിനിമയം നടത്താനും മീറ്റ് അവസരം ഒരുക്കും. പഞ്ചായത്തുകൾക്ക് ചില ഉൽപ്പന്നങ്ങളിൽ സ്പെഷ്യലൈസേഷൻ സാധ്യത കണ്ടെത്താനും സ്വയംപര്യാപ്തത കൈവരിക്കാനും സാധിക്കും. തദ്ദേശസ്ഥാപനങ്ങൾ പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിൽ നമ്മുടെ ശക്തി ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് വേണ്ട മാറ്റങ്ങൾ വരുത്താൻ ഗ്ലോബൽ റൂറൽ മീറ്റ് സഹായിക്കുമെന്നും മന്ത്രി പറഞ്ഞു. ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ഡോ. കെ.എം. ചന്ദ്രശേഖർ, അംഗങ്ങളായ സി.പി. ജോൺ, ജി. വിജയരാഘവൻ, ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സാജൻ പീറ്റർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗ്ഗീസ്, 'കില' ഡയറക്ടർ ഡോ. പി.പി. ബാലൻ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ജെ. സദാനന്ദൻ, ഡോ. എം.എ. ഉമ്മൻ, ജില്ലാ കളക്ടർ കെ.എൻ. സതീഷ് തുടങ്ങിയവർ സംബന്ധിച്ചു.



*ഗ്ലോബൽ റൂറൽ മീറ്റ് സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കാൻ പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ തൈക്കാട് ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗം.*

## 'തദ്ദേശ സേവന വാർത്ത' പ്രകാശനം ചെയ്തു

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കുന്ന കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ (കെ.എൽ.ജി.എസ്.ഡി.പി.) പ്രതിമാസ വാർത്താപത്രിക 'തദ്ദേശ സേവന വാർത്ത'യുടെ പ്രകാശനം പഞ്ചായത്ത്, സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ പഞ്ചായത്ത് ഡയറക്ടർ(ഇൻ-ചാർജ്ജ്) ജെ. സദാനന്ദന് നൽകി നിർവ്വഹിച്ചു. തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ കെ.എൽ.ജി.എസ്.ഡി.പി. പ്രോജക്ട് ഡയറക്ടർ അജിത് കുമാർ ഐ.എ.എസ്., ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എം. ഷംസുദ്ദീൻ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ഡയറക്ടർ ഡോ. ഡി. നാരായണ, എസ്.ഐ.ആർ.ഡി. ഡയറക്ടർ സുഭാഷ്ബാബു എന്നിവർ സംബന്ധിച്ചു.



*കെ.എൽ.ജി.എസ്.ഡി.പി.യുടെ പ്രതിമാസ വാർത്താപത്രിക 'തദ്ദേശ സേവന വാർത്ത'യുടെ പ്രകാശനം പഞ്ചായത്ത്, സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്ജ്) ജെ. സദാനന്ദന് നൽകി നിർവ്വഹിക്കുന്നു. കെ.എൽ.ജി.എസ്.ഡി.പി. പ്രോജക്ട് ഡയറക്ടർ അജിത് കുമാർ ഐ.എ.എസ്. സമീപം.*

**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2012
പുസ്തകം 52
ലക്കം 3
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**ജെയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**ജെ. സദാനന്ദൻ**
പഞ്ചായത്ത് ഡയറക്ടർ (അഡീഷണൽ ചാർജ്ജ്)

എഡിറ്റർ (അഡീഷണൽ ചാർജ്ജ്)
**ജെ. സദാനന്ദൻ**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

*എഡിറ്ററുടെ പേന*

# പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2012-13ലെ വാർഷിക പദ്ധതിയും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയും (2012-17) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നു. കഴിഞ്ഞ മൂന്ന് പഞ്ചവത്സര പദ്ധതിക്കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകി പദ്ധതി രൂപീകരണം സമയബന്ധിതമാക്കുന്നതിന് ഉതകുന്ന മാറ്റങ്ങളോടെയാണ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിരിക്കുന്നത്.


പങ്കാളിത്ത ആസൂത്രണത്തിലൂടെ ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും ജനങ്ങളുടെയും സമഗ്ര വികസനമാണ് പൊതുസമീപനമായി കൈക്കൊണ്ടിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ വിഭവം പങ്കുവെയ്ക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമഗ്രമായി കണ്ട് ഉല്പാദനമേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതി സംരക്ഷണം, മാനവ വികസനം, ജീവിത ഗുണനിലവാര വർദ്ധന, ആസ്തികൾ സൃഷ്ടിക്കുന്നതോടൊപ്പം സംരക്ഷണവും, മെച്ചപ്പെട്ട സേവനപ്രദാന സംവിധാനം, സാമൂഹ്യനീതി എന്നിവയ്ക്കാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ മുൻഗണന നൽകേണ്ടത്. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തേക്കുള്ള പഞ്ചവത്സര പദ്ധതിയും (പെഴ്സ്പെക്ടീവ് പ്ലാൻ), അഞ്ച് വർഷത്തേക്കുള്ള പദ്ധതിക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹം വർഷം തിരിച്ചും മുൻഗണന അനുസരിച്ചും മേഖല തിരിച്ചും തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതികളും ഓരോ രണ്ടുവർഷത്തേക്കും തയ്യാറാക്കണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് പരിശോധനയ്ക്ക് മുൻവർഷങ്ങളിൽ നിലനിന്നിരുന്ന സാങ്കേതിക സമിതികളെ ഒഴിവാക്കിയതാണ് മാർഗ്ഗരേഖയുടെ പ്രധാന സവിശേഷത. ഇനിമുതൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി അംഗീകരിച്ച പദ്ധതിയും പ്രോജക്ടുകളും പഞ്ചായത്തിലെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് കുറ്റമറ്റതാണെന്ന് സാക്ഷ്യപ്പെടുത്തണം. അതിനുശേഷം പ്രോജക്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥൻ പ്രസ്തുത പ്രോജക്ട് പരിശോധിച്ച് വിലയിരുത്തി അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കിയ പദ്ധതികൾക്ക് അംഗീകാരം നൽകുക മാത്രമാണ് ജില്ലാ ആസൂത്രണ സമിതികൾ നിർവ്വഹിക്കേണ്ടത്. പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും നിലനിൽക്കുന്ന കാലതാമസം വലിയ അളവിൽ പരിഹരിക്കുവാൻ പുതിയ സംവിധാനം ഉപകരിക്കുമെന്ന് കരുതുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് വികസനഫണ്ടിന്റെ പരമാവധി 45 ശതമാനം പശ്ചാത്തലമേഖലയിൽ വിനിയോഗിക്കാം. ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഇത് 50 ശതമാനമാണ്. വനിതാ ഘടക പദ്ധതി, കുട്ടികൾ, വികലാംഗർ, മറ്റു ദുർബല വിഭാഗക്കാർക്ക് 10 ശതമാനത്തിൽ കുറയാത്ത തുക നീക്കിവെയ്ക്കണം. ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏതു മേഖലയ്ക്കും വേണ്ടി യഥേഷ്ടം ചെലവഴിക്കാവുന്നതാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതിനുള്ള ധനസഹായത്തിനും കൃഷിഭൂമിയില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് പാട്ടകൃഷി ചെയ്യുന്നതിനുള്ള ധനസഹായത്തിനും ഈ മേഖലയിലെ യുവജനങ്ങൾക്ക് വിദേശത്ത് ജോലി ലഭ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇനി പദ്ധതി തയ്യാറാക്കാം. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് വരുത്തിയ ഈ മാറ്റങ്ങൾ എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ കൂടുതൽ ക്രിയാത്മകമായ വിനിയോഗത്തിന് വഴിയൊരുക്കും.

പന്ത്രണ്ടാം പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് സമയക്രമവും നിശ്ചയിച്ചിട്ടുണ്ട്. ഇതുപ്രകാരം സെപ്തംബർ 7നകം പദ്ധതികളുടെ അംഗീകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നേടിയിരിക്കേണ്ടതുണ്ട്. അതിന് അവരെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലന പരിപാടി കിലയുടെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു. അടുത്ത അഞ്ചുവർഷക്കാലയളവിൽ (2012-17) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏകദേശം 30,000 കോടി രൂപ വികസനക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ലഭിക്കും. അതു മുന്നിൽക്കണ്ടുകൊണ്ട് ദീർഘവീക്ഷണത്തോടെ ഓരോ പ്രദേശത്തിന്റെയും സമഗ്രവികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ആത്മാർത്ഥമായ ശ്രമം ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.

# സാമൂഹ്യക്ഷേമത്തിൽ നിന്നും സാമൂഹ്യ നീതിയിലേക്ക്



ഡോ. എം.കെ. മുനീർ
പഞ്ചായത്ത്, സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി

വികസനം കാരുണ്യം

പിന്നിട്ട വർഷം പഞ്ചായത്ത്, സാമൂഹ്യക്ഷേമ വകുപ്പുകൾ സ്ഥായിയായ നേട്ടങ്ങളുടേതായിരുന്നു. ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലകളായ ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനും അവയെ അർത്ഥസമ്പുഷ്ടമായി പ്രവർത്തിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഗ്രാമങ്ങളിൽ നവചലനങ്ങൾ സൃഷ്ടിക്കുന്ന പരിപാടികൾക്ക് തുടക്കമിട്ടുകഴിഞ്ഞു. പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനം സമയബന്ധിതമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് ആസൂത്രണ പ്രക്രിയയിൽ പഞ്ചായത്തുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്. അടുത്തവർഷം നടത്തുന്ന ഗ്ലോബൽ റൂറൽ മീറ്റ് ലോകത്തിന്റെ ഇതരഭാഗങ്ങളിലെ മാതൃകാപരമായ വികസനാനുഭവങ്ങൾ പരിചയപ്പെടാനും അവ പകർത്തുന്നതിനും പഞ്ചായത്തുകൾക്ക് അവസരമൊരുക്കും.

പാർശ്വവൽക്കരിക്കപ്പെട്ട ഒരു വലിയ വിഭാഗം ജനങ്ങൾക്ക് ഇത്രമേൽ പരിഗണനയും പരിചരണവും സാന്ത്വനവും ലഭ്യമായ മറ്റൊരു കാലമില്ല. ബധിര ശിശുക്കൾക്ക് ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കാനുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ, വയോജനക്ഷേമത്തിനായി വയോമിത്രം, വിശപ്പ് രഹിത നഗരം പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമം നേരിടാനും പുനരധിവാസത്തിനും നിർഭയ, സർവമേഖലകളിലെയും സ്ത്രീ പുരോഗതി ലാക്കാക്കുന്ന ജൻഡർപാർക്ക്, ജൻഡർഫെസ്റ്റ്, അംഗൻവാടികളുടെ നവീകരണവും പോഷകാഹാരവും തുടങ്ങി ഒട്ടേറെ പദ്ധതികൾക്ക് തുടക്കമായത് കേരളീയ സമൂഹം പരക്കെ സ്വാഗതം ചെയ്യുകയുണ്ടായി.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കുടുംബശ്രീ മുഖേന ഒരു പദ്ധതിക്ക് തുടക്കമാവുകയാണ്. ക്ഷേമ പെൻഷനുകൾക്ക് അർഹരായ മുഴുവൻ ആളുകളെയും കുടുംബശ്രീ വഴി കണ്ടെത്തി അവർക്ക് പെൻഷൻ ഉറപ്പാക്കുന്ന പദ്ധതിയാണിത്. അർഹരായ ഒരാൾക്ക് പോലും പെൻഷൻ ലഭിക്കാത്ത സ്ഥിതി ഉണ്ടാകരുത് എന്ന് ഗവൺമെന്റിന് നിർബന്ധം ഉണ്ട്. കടലോര മേഖലയിലെയും എസ്.സി/എസ്.റ്റി വിഭാഗത്തിലെയും അർഹരായ കുടുംബങ്ങളിൽ നിന്ന് ഒരാളെയെങ്കിലും കുടുംബശ്രീ അയൽകൂട്ടത്തിൽ അംഗമാക്കുക എന്ന ആശയമാണ് മറ്റൊന്ന്.

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആശ്വാസകിരണം പദ്ധതി ഇതുവരെ 30000 പേർക്ക് പ്രയോജനപ്പെട്ടു. നിത്യശയ്യാവലംബികളായവരെ ഒപ്പം ഇരുന്ന് ശുശ്രൂഷിക്കുന്ന കുടുംബാംഗത്തിനോ അല്ലാതെയുള്ള വ്യക്തിക്കോ പ്രതിമാസം 400 രൂപ ആശ്വാസധനമായി നൽകുന്ന ഈ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും.

വികലാംഗ ക്ഷേമത്തിൽ ഈ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. പി.എസ്.സി. വഴി 1183 തസ്തികകളിൽ വികലാംഗ നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ചു കഴിഞ്ഞു. മൂന്ന് ശതമാനം വികലാംഗ സംവരണം നിയമനത്തിൽ ഉറപ്പാക്കും. യന്ത്രവൽകൃത ത്രിചക്രവാഹനങ്ങൾ അവ സ്വയം ഓടിച്ച് തൊഴിൽ ചെയ്യാൻ പ്രാപ്തരായ എല്ലാ വികലാംഗർക്കും നൽകും. ഈ പദ്ധതിക്ക് തുടക്കമായി. 'നിഷി'ന്റെ പ്രാദേശിക കേന്ദ്രങ്ങൾ കോഴിക്കോട്ടും കൊച്ചിയിലും പ്രവർത്തിച്ചു തുടങ്ങുന്നതോടെ വ്യത്യസ്ത ശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം ഇതര വിഭാഗം കുട്ടികളുടെ വിദ്യാഭ്യാസത്തോട് കിടപിടിക്കുന്ന തലത്തിലേക്ക് ഉയരും. ഈയിടെ വി.ജെ,റ്റി. ഹാളിൽ 'നിഷി'ലെ കുട്ടികൾ വരച്ച പെയിന്റിംഗുകളുടെ പ്രദർശനം എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി. മാധ്യമങ്ങൾ ഏറെ പ്രോത്സാഹനം ഈ പ്രദർശനത്തിന് നൽകുകയുണ്ടായി.

മനോരോഗ ചികിത്സ കഴിഞ്ഞവരുടെ പുനരധിവാസം ജീവകാരുണ്യപരമായ ഒരു പ്രക്രിയയായി ഏറ്റെടുക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഏതെങ്കിലും വൈകല്യം മൂലം മുഖ്യധാരയിൽ എത്താൻ കഴിയാത്തവരെ കേവലം വികലാംഗർ എന്ന നിലയ്ക്കല്ല ഈ ഗവൺമെന്റ് വീക്ഷിക്കുന്നത്. വ്യത്യസ്ത ശേഷിയുള്ളവർ (differently abled) എന്ന നിലയിലാണ് അവരെ കാണുക. അവരുടെ പ്രതിഭയും കഴിവും കണ്ടെത്തി സമൂഹത്തിന് മൊത്തത്തിൽ പ്രയോജനപ്പെടുത്താനുള്ള ശ്രമമാണ് ഉണ്ടാവുക.

മൂന്ന് വയസ്സ് വരെയാണ് കുട്ടികളുടെ മസ്തിഷ്ക വികാസം. ഈ പ്രായത്തിൽ അവർക്ക് വേണ്ടത്ര പോഷകാഹാരം ലഭിക്കണം. ഇല്ലെങ്കിൽ ഭാവി തലമുറയുടെ ആരോഗ്യം അപകടത്തിലാവുന്ന സ്ഥിതിയുണ്ടാകും. കൗമാരപ്രായക്കാരായ പെൺകുട്ടികളിൽ അനീമിയ കണ്ടുവരുന്നുണ്ട്. ഇതും ആരോഗ്യ പ്രശ്നം സൃഷ്ടിക്കും. അംഗൻവാടികൾ മുഖേനയും അല്ലാതെയും ഈ പ്രശ്നം പരിഹരിക്കുന്നതിന് സാമൂഹ്യക്ഷേമ വകുപ്പ് മുൻഗണന നൽകും. അംഗൻവാടി വർക്കർമാർക്ക് വേണ്ടത്ര പരിശീലനം നൽകി അവരെ അംഗൻവാടി ടീച്ചർമാരാക്കാനും അംഗൻവാടി കേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളായി ഉയർത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

'പകൽവീട്' എന്ന ആശയം കൂടി ഉൾക്കൊള്ളുന്ന മാതൃകാ അംഗൻവാടികൾ ഈ രംഗത്ത് ഒരു വലിയ പരിവർത്തനം സൃഷ്ടിക്കും. കുട്ടികൾ, കൗമാര പ്രായക്കാർ, വയോജനങ്ങൾ എന്നിവർക്ക് ഒരുമിച്ച് ബാല്യ കൗമാര വാർദ്ധക്യ ഭേദമില്ലാതെയുള്ള ഒരു 'സംഗമകേന്ദ്രം' എന്ന നിലയിലേക്കാണവ മാറുക. സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികളെയും MISൽ കൊണ്ടുവരികയും അടുത്ത 5 വർഷം കൊണ്ട് ISO നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്യും.

പുതിയ വയോജന നയം, ബാലാവകാശ കമ്മിഷൻ, നിർഭയ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, വികലാംഗ ക്ഷേമ കമ്മിഷണറേറ്റ്, വികലാംഗക്ഷേമ കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവയുടെയൊക്കെ പ്രവർത്തനങ്ങൾ പാർശ്വവൽകൃത വിഭാഗങ്ങളുടെ മുന്നേറ്റവും അതിലൂടെ സാമൂഹ്യ നീതിയും ലക്ഷ്യമാക്കി കൂടുതൽ വേഗത്തിൽ ഫലപ്രാപ്തി കൈവരിക്കാൻ ഉതകും വിധം നടപ്പിലാക്കുക എന്നതാണ് ഗവൺമെന്റിന്റെ നയം. സാമൂഹ്യക്ഷേമ പരിപാടികൾക്കും അപ്പുറം സാമൂഹ്യനീതി എന്നത് നമ്മുടെ ലക്ഷ്യമായിരിക്കേ സാമൂഹ്യനീതിക്കായും വനിതാ ശിശു ക്ഷേമ കാര്യങ്ങൾക്കായും ഓരോ പ്രത്യേക വകുപ്പ് എന്ന രീതിയിൽ സാമൂഹ്യക്ഷേമ വകുപ്പ് വിഭജിച്ച് പുനസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സാമൂഹ്യ ക്ഷേമത്തിൽ നിന്ന് സാമൂഹ്യ നീതിയിലേക്കുള്ള ഈ പ്രയാണത്തിന്റെ വിജയത്തിന് കേരള ജനതയുടെ സർവാത്മനാ ഉള്ള പിന്തുണ ഞാൻ അഭ്യർത്ഥിക്കുന്നു. ■

പഞ്ചായത്ത് രാജ്

# സർക്കാരിന്റെ ഭരണ നേട്ടങ്ങൾ 2011-12

## പഞ്ചായത്ത്

- ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെ ഓണറേറിയം 1,000 രൂപ നിരക്കിൽ വർദ്ധിപ്പിച്ചു.
- ത്രിതല പഞ്ചായത്ത് അദ്ധ്യക്ഷന്മാർ, ഉപാദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ എന്നിവർക്ക് സൗജന്യ സി.യു.ജി മൊബൈൽ ഫോൺ സിം കാർഡുകൾ.
- പഞ്ചായത്ത് വകുപ്പ് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.
- ഐ.കെ.എം മുഖേന ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം 345 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി.
- തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നികുതി അടയ്ക്കാൻ ഇ-പേയ്മെന്റ് സംവിധാനം.
- ജനന, മരണ, വിവാഹ ഇ-രജിസ്ട്രേഷൻ സംവിധാനം.
- ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികകൾ ഏകീകരിച്ചു.
- കില മുഖേന 30 ലക്ഷം ഗ്രാമസഭാംഗങ്ങൾക്ക് മാസ്റ്റർ ട്രെയ്നർമാർ, മാസ്റ്റർ ഫസിലിറ്റേറ്റർമാർ, ഫസിലിറ്റേറ്റർമാർ എന്നിവരിലൂടെ പരിശീലനം.
- 9 നിയോജക മണ്ഡലങ്ങളിൽ ഗ്രാമയാത്ര പൂർത്തിയാക്കി.
- 'ഹരിതഗ്രാമം ശുചിത്വഗ്രാമം' പദ്ധതിക്ക് തുടക്കമായി. 25 കോടി രൂപ ഇതിനായി വിനിയോഗിക്കും.
- കില ഡീംഡ് യൂണിവേഴ്സിറ്റിയായി ഉയർത്താൻ നടപടിക്ക് തുടക്കമായി. കിലയുടെ റീജിയണൽ സെന്ററുകൾ തിരുവനന്തപുരത്തും കണ്ണൂരും തുടങ്ങും.
- ഗ്രാമപഞ്ചായത്തുകൾക്കായി അസിസ്റ്റന്റ് എൻജിനീയർമാരുടെ 203 തസ്തികകളും ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ 65 തസ്തികകളും പുതുതായി സൃഷ്ടിച്ചു. ഇതോടെ 574 ഗ്രാമപഞ്ചായത്തുകൾക്ക് ഓരോ എ.ഇ.യെ ലഭിക്കും.
- പന്ത്രണ്ടാം പദ്ധതി മുതൽ ത്രിതല പഞ്ചായത്തുകളിലും പഞ്ചവത്സര പദ്ധതി.
- തദ്ദേശ സ്ഥാപനങ്ങൾക്ക് ധനവിനിയോഗത്തിന് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്നവിധം നടപടി ലഘൂകരിക്കാൻ തീരുമാനിച്ചു.
- ഗ്രാമസഭകൾ നിർദ്ദേശിക്കുന്ന പ്രകാരം പഞ്ചായത്തുകൾ പദ്ധതി രൂപീകരിക്കും. ഇതോടെ ഗ്രാമസഭകൾ കൂടുതൽ ശാക്തീകരിക്കപ്പെടുകയും ജനാധിപത്യവൽക്കരിക്കപ്പെടുകയും ചെയ്യും.
- 'ടാഗ്' നിർത്തലാക്കാൻ തീരുമാനിച്ചു.
- പ്ലാൻ ഫണ്ടിന്റെ 45% കവിയാത്ത തുക ജില്ലാ പഞ്ചായത്തും 55% കവിയാത്ത തുക നഗരസഭകളും പശ്ചാത്തല സൗകര്യത്തിനായി വിനിയോഗിക്കണം.
- ത്രിതല പഞ്ചായത്തുകൾ 10%ൽ കുറയാത്ത തുക ബലഹീനർ, വികലാംഗർ, വൃദ്ധർ എന്നിവരുടെ ക്ഷേമത്തിനായി നീക്കിവയ്ക്കണം.
- Panchayat Empowerment & Accountability Incentive System അനുസരിച്ച് 2011-12 വർഷം functions, funds, functionaries എന്നീ ഘടകങ്ങളിൽ പഞ്ചായത്തീരാജ് സംവിധാനത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ബഹുമതി കേരളത്തിന്.
- ഗ്രാമലക്ഷ്മി മുദ്രാലയം കല്ലിയൂർ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.

## കുടുംബശ്രീ

- 24,000 ഹെക്ടർ സ്ഥലത്ത് 1.5 ലക്ഷം വനിതാകർഷകർക്ക് തൊഴിൽ നൽകുന്ന സംഘകൃഷി പദ്ധതി. പദ്ധതി അടങ്കൽ 60.62 കോടി രൂപ.
- 22 പുതിയ ബഡ്സ് സ്കൂളുകൾ.
- 53,431 ബാലസഭകളിലായി 9,13,581 കുട്ടികൾ അംഗങ്ങൾ.
- കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് കൺസോർഷ്യം.
- ഹോം ഷോപ്പ് സംവിധാനം എല്ലാ ജില്ലകളിലും.
- ആശ്രയ പദ്ധതി പ്രകാരം 76,299 കുടുംബങ്ങൾക്ക് 93.92 കോടി രൂപയുടെ സഹായം.
- ക്ഷീരസാഗരം ആടുഗ്രാമം പദ്ധതികൾ നടപ്പാക്കി.
- നിർഭയ പദ്ധതി നടപ്പാക്കാൻ കുടുംബശ്രീ വഴി പരിശീലനം.
- 38 ലക്ഷം കുടുംബശ്രീ വനിതകളുടെ വിശദവിവരങ്ങൾ - എം.ഐ.എസും ഡിജിറ്റൽ ഡാറ്റാബേസും.
- ജീവിതസാഹചര്യം ഉയർത്താനുള്ള ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള 'ഹഡ്കോ അവാർഡ് 2011' കുടുംബശ്രീക്ക്.

## പഞ്ചായത്ത് - പുതിയ പദ്ധതികൾ

- ശുചിത്വമിഷൻ പ്രവർത്തനം വിപുലീകരിക്കും.
- ആധുനിക അറവുശാലകളും ശ്മശാനങ്ങളും 20 കോടി രൂപ ചെലവിൽ സ്ഥാപിക്കാൻ തീരുമാനം.
- 2012 ഡിസംബറിൽ തിരുവനന്തപുരത്ത് ഗ്ലോബൽ റൂറൽ മീറ്റ് സംഘടിപ്പിക്കും.
- കെ.എൽ.എസ്.ജി ഡി പി വഴി ഈ വർഷം 248 കോടി രൂപ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി നൽകും.
- എല്ലാ ഗ്രാമപഞ്ചായത്തുകളിലും കലാഗ്രാമങ്ങൾ സ്ഥാപിക്കും.
- 100 പഞ്ചായത്തുകളിൽ CESSന്റെ സഹകരണത്തോടെ ഗ്രീൻ ടെക്നോളജി സെന്ററുകൾ സ്ഥാപിക്കും.
- പാലിയേറ്റീവ് കെയർ സംവിധാനം എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും.
- ഐ.കെ.എം. മുഖേന എം-ഗവേണൻസ് നടപ്പിലാക്കും.
- പഞ്ചായത്ത് വകുപ്പിലെ സ്റ്റാഫ് ഘടന ശാസ്ത്രീയമായി പരിഷ്ക്കരിക്കും.
- സ്വരാജ് ഭവൻ പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യും.

## കുടുംബശ്രീ - പുതിയ പദ്ധതികൾ

- കുടുംബശ്രീ, നാഷണൽ ഹോർട്ടികോർപ്പ് മിഷൻ, നാളികേര വികസന ബോർഡ് എന്നിവ സംയുക്തമായി കാർഷിക വിപണന കേന്ദ്രങ്ങൾ ആരംഭിക്കും.
- സാമൂഹിക സുരക്ഷാ പെൻഷനുകൾക്ക് അർഹതയുള്ളവരെ കുടുംബശ്രീ പ്രവർത്തകർ മുഖേന കണ്ടെത്തും. കേന്ദ്രസർക്കാർ ആവിഷ്കരിച്ച നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോജക്റ്റിന്റെ ഭാഗമായിട്ടാണിത്.
- പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ കുടുംബങ്ങളിൽ നിന്നും കുടുംബശ്രീ അയൽക്കൂട്ടത്തിൽ ഒരംഗത്തെ എങ്കിലും ഉൾപ്പെടുത്തും.
- ഒരു സി.ഡി.എസിൽ 5 തൊഴിൽക്കൂട്ടങ്ങൾ വീതം ഈ വർഷം രൂപീകരിക്കും. അതിലൂടെ 3 ലക്ഷം വനിതകൾക്ക് മികച്ച വരുമാനം ഉറപ്പാക്കാൻ കഴിയും.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് സ്കിൽ ട്രെയിനിംഗ് ആന്റ് പ്ലേസ്മെന്റ് പദ്ധതി നടപ്പാക്കും. ഇതിലൂടെ 25,000 ഗുണഭോക്താക്കളെ സൃഷ്ടിക്കാൻ കഴിയും.
- കുറഞ്ഞത് ഒരു ബ്ലോക്കിൽ ഒന്ന് എന്ന തോതിൽ ബഡ്സ് സ്കൂളുകൾ ആരംഭിക്കും.
- കുഞ്ഞുങ്ങൾക്ക് സമ്പൂർണ്ണ രോഗപ്രതിരോധ കുത്തിവയ്പിനുള്ള ജനകീയ മോണിട്ടറിംഗ് ചുമതല കൂടി അയൽക്കൂട്ടങ്ങൾ നിർവഹിക്കും.
- 'ആജീവിക' (എൻ.ആർ.എൽ.എം) പദ്ധതിപ്രകാരം ഏഴ് വർഷത്തിനുള്ളിൽ 1,160.13 കോടി രൂപ ചെലവാക്കും. ഈ വർഷം ഇതിനായി 84.86 കോടി രൂപ വിനിയോഗിക്കും.■








# നേട്ടങ്ങളുടെ നെറുകയിൽ കുടുംബശ്രീ

**സർക്കാരിന്റെ ഭരണനേട്ടങ്ങൾ**

**അജിത് വെണ്ണിയൂർ**

'കേരളത്തിന്റെ അഭിമാനവും അന്തസ്സും ഉയർത്തുന്ന പ്രസ്ഥാനമാണ് കുടുംബശ്രീ. സർവ്വ പിന്തുണയും നൽകി അതിനെ സംരക്ഷിക്കും മുന്നോട്ടു നയിക്കും അധികാരമേറ്റയുടൻ മന്ത്രി ഡോ. എം.കെ. മുനീർ നടത്തിയ പ്രഖ്യാപനം പരസഹസ്രം പ്രവർത്തകരിൽ ആത്മവിശ്വാസവും കർമ്മവീര്യവും പകർന്നു. വാക്കുകളുടെ ആഴവും ആത്മാർത്ഥതയും പ്രവർത്തന നേട്ടങ്ങളിൽ പ്രതിഫലിച്ച കാലഘട്ടമായിരുന്നു കുടുംബശ്രീയുടെ കഴിഞ്ഞ ഒരു വർഷം.

കാലഘട്ടത്തിന്റെ ആതുരതകളും ആവശ്യങ്ങളും കണ്ടറിഞ്ഞ് പ്രവർത്തന മുൻഗണനകൾ പരിഷ്ക്കരിച്ചും പദ്ധതികൾക്ക് പണം കണ്ടെത്തിയും പരിപാടികളുടെ നടത്തിപ്പിൽ പെൺപങ്കാളിത്തം വർദ്ധിപ്പിച്ചും കുടുംബശ്രീയുടെ ദൗത്യങ്ങൾക്ക് പുതിയ മാനവും ദിശാബോധവും പകർന്നു നൽകാൻ സർക്കാരിനു കഴിഞ്ഞു. അതിലൂടെ കൈവരിച്ച നേട്ടങ്ങൾക്ക് ലഭിച്ച അംഗീകാരങ്ങൾ അനവധിയാണ്.

കേരളത്തിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ (എൻ ആർ എൽ എം) യും കേന്ദ്ര സർക്കാരിന്റെ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ. എസ്.പി) യുടെയും സംസ്ഥാന നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെ തെരഞ്ഞെടുത്തതും കുടുംബശ്രീയുടെ സുക്ഷ്മസംരംഭ മാതൃക ദേശീയ തലത്തിൽ പ്രാവർത്തികമാക്കാൻ കുടുംബശ്രീയെ നിയോഗിച്ചതും പ്രവർത്തന മികവിനുള്ള അംഗീകാരമാണ്. ഇതു സംബന്ധിച്ച് ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ അഞ്ചു സംസ്ഥാനങ്ങളുമായി കുടുംബശ്രീ ധാരണാപത്രത്തിൽ ഒപ്പിട്ടു. കുടുംബശ്രീ മാതൃകയിൽ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രി ജയറാം രമേഷ് ഈയിടെ ഡൽഹിയിൽ പ്രസ്താവിച്ചതും ശ്രദ്ധേയമാണ്.

ചേരിനിവാസികളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന മികച്ച മാതൃകാ പദ്ധതികൾക്കുള്ള ഹഡ്കോയുടെ ഇക്കൊല്ലത്തെ ദേശീയ പുരസ്കാരം കുടുംബശ്രീക്ക് ലഭിച്ചതും ദേശീയ അംഗീകാരങ്ങളുടെ പട്ടികയിൽ നിർണായകമായി. ദേശീയതലത്തിൽ ലഭിച്ച 68 എൻട്രികളിൽ നിന്നാണ് അവാർഡ് നിർണയത്തിൽ കുടുംബശ്രീ ഒന്നാമതെത്തിയത്.

**സംഘകൃഷിയിലൂടെ ഭക്ഷ്യഭദ്രത**

ഭക്ഷ്യ ഭദ്രതയ്ക്ക് കുടുബശ്രീ അയൽക്കൂട്ടങ്ങളെ കാർഷിക മേഖലയിൽ സജീവമാക്കുന്നതിനുള്ള പരിശ്രമങ്ങളുടെ ഫലമാണ് ഇന്ന് സംസ്ഥാനമെമ്പാടും ശക്തിയാർജിച്ചുകൊണ്ടിരിക്കുന്ന സംഘകൃഷി. ചുരുങ്ങിയ കാലത്തിനുള്ളിൽ അതൊരു വലിയ പ്രസ്ഥാനമായി വളർന്ന് ദേശീയഅംഗീകാരം പിടിച്ചുപറ്റി.

സംസ്ഥാനത്തുടനീളം 47,275 ഗ്രൂപ്പുകളിലായി രണ്ടര ലക്ഷം സ്ത്രീകളെ അണിനിരത്തി 39033.64 ഹെക്ടർ തരിശുഭൂമിയെ തളിരണിയിക്കാൻ കുടുംബശ്രീ സംവിധാനത്തിനു സാധിച്ചു. അതിനു ലഭിച്ച അംഗീകാരമാണ് കേന്ദ്ര സർക്കാരിന്റെ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന(എം.കെ.എസ്.പി.) യിലൂടെ 2012ൽ കേരളത്തിനു ലഭിച്ച 80 കോടി രൂപയുടെ പദ്ധതി. എം.കെ.എസ്.പി യുടെ ദേശീയതല ഉദ്ഘാടനത്തിന് കേന്ദ്രം തെരഞ്ഞെടുത്തതും കേരളത്തെയാണ്. 2012 ഫെബ്രുവരി 14 ന് തൃശൂരിലെ കുഴൂരിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഗ്രാമവികസന മന്ത്രി ജയ്റാം രമേഷാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. പദ്ധതിയുടെ ആദ്യഗഡുവായ 9.3 കോടി ആ ചടങ്ങിൽ അദ്ദേഹം കുടുംബശ്രീക്ക് കൈമാറുകയും ചെയ്തു.



**സ്ത്രീകളുടെ തൊഴിൽക്കൂട്ടം**

അതേ ചടങ്ങിൽ വച്ച് മന്ത്രി ഡോ. എം.കെ.മുനീർ ഉദ്ഘാടനം ചെയ്ത 'തൊഴിൽക്കൂട്ട'മാണ് കുടുംബശ്രീയുടെ നവീന സംരംഭങ്ങളിൽ ശ്രദ്ധേയമായ മറ്റൊന്ന്. തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്ത്രീകൾ ആർജിച്ച വൈദഗ്ധ്യത്തെ ഫലപ്രദമായി കൂട്ടിയോജിപ്പിച്ച് കായിക തൊഴിൽ മേഖലയിൽ അനുഭവപ്പെടുന്ന മനുഷ്യ വിഭവദാരിദ്ര്യം പരിഹരിക്കുകയും സ്ത്രീകളുടെ വരുമാനമാർഗ്ഗം വിപുലീകരിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പുതിയൊരു തൊഴിൽ സംസ്ക്കാരവും കായിക തൊഴിൽമേഖലയിൽ സ്ത്രീ പുരുഷ തുല്യതയും കൈവരുത്താൻ ഉതകുന്നതാണ് ഈ സംരംഭം. ഒരു സി.ഡി.എസിൽ കുറഞ്ഞത് അഞ്ച് തൊഴിൽക്കൂട്ടങ്ങൾ എന്നതാണ് ഇക്കൊല്ലത്തെ പദ്ധതിലക്ഷ്യം. മൂന്നു ലക്ഷം കുടുംബങ്ങൾക്ക് ഇതിലൂടെ അധിക വരുമാനം കണ്ടെത്താനാവും. ഇതിലൂടെ അംഗങ്ങളുടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് പരിശീലനവും ലഘുയന്ത്രങ്ങൾ വാങ്ങുന്നതിന് സംഘങ്ങൾക്ക് സാമ്പത്തികസഹായവും കുടുംബശ്രീ വഴി ലഭ്യമാകും.

**ഹോംഷോപ്പ് ശൃംഖല എല്ലാ ജില്ലകളിലേക്കും**

പ്രാദേശിക ഉല്പാദന വിപണന രംഗത്ത് കുടുംബശ്രീയുടെ നവീന സംരംഭമായ ഹോംഷോപ്പ് ശൃംഖല എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചതാണ് ശ്രദ്ധേയമായ മറ്റൊരു പ്രധാന നേട്ടം. 2400 ഹോംഷോപ്പുകളിലൂടെ 60 ലക്ഷം രൂപയുടെ പ്രതിമാസ വിറ്റുവരവ് നേടി ഇക്കൊല്ലം കുടുംബശ്രീ ചരിത്രം കുറിച്ചു.

സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാങ്കേതിക, വിപണന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ ഉത്പ്പാദിപ്പിക്കുന്ന ഒരേ തരം ഉൽപ്പന്നങ്ങൾ ഒരേ ബ്രാൻഡിനു കീഴിലാക്കി വിപണനത്തിന് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംരംഭകരുടെ മൂന്ന് കൂട്ടായ്മകൾ (കൺസോർഷ്യം)ക്കും കഴിഞ്ഞ ഒരു കൊല്ലത്തിനിടയിൽ കുടുംബശ്രീ രൂപം നല്കി. റെഡിമെയ്ഡ് ഷർട്ടുകൾ 'കാദംബരി' എന്ന പേരിലും അംഗൻവാടി കുട്ടികൾക്കുള്ള പോഷകാഹാരം 'നൂട്രീമിക്സ്' എന്ന ബ്രാൻഡിലും കുടുംബശ്രീ വിപണിയിൽ ഇറക്കി. ഐ.റ്റി സംരംഭങ്ങൾ എല്ലാം 'ഉന്നതി'യുടെ ശൃംഖലയിൽ ഉൾപ്പെടുത്തി. മറ്റ് ഉൽപ്പന്നങ്ങളെയും ഇത്തരത്തിൽ വെവ്വേറെ ബ്രാൻഡുകളിൽ വിപണിയിൽ എത്തിക്കാനുള്ള ശ്രമം നടന്നു വരികയാണ്. കേന്ദ്ര സർക്കാരിന്റെ സാമൂഹിക, സാമ്പത്തിക, ജാതി സെൻസസിനുള്ള ഐ.റ്റി സാങ്കേതിക സഹായം കേരളത്തിൽ കുടുംബശ്രീയുടെ ഉന്നതിയാണ് ലഭ്യമാക്കുന്നത്.

പുതിയ സംരംഭകർക്ക് ഉപദേശ നിർദ്ദേശങ്ങൾ നല്കാൻ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നു തന്നെ മികവു തെളിയിച്ച സംരംഭകരെ തെരഞ്ഞെടുത്ത് മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരായി പരിശീലിപ്പിച്ച് 33 ഗ്രൂപ്പുകൾക്ക് സംസ്ഥാനമിഷൻ രൂപം നല്കി. ഇതിനു പുറമേ 20 ട്രെയിനിംഗ് ഗ്രൂപ്പുകളെയും സ്ഥാപനവൽക്കരിച്ച് കുടുംബശ്രീ പരിശീലന പരിപാടികൾക്ക് പുതിയ രൂപഭാവങ്ങൾ നല്കി. കഴിഞ്ഞ ഒരുവർഷം വിവിധ മേഖലകളിലും വിഷയങ്ങളിലുമായി 6,13,447 പേർക്കാണ് പരിശീലനം ലഭ്യമാക്കിയത്.

*ശേഷം പേജ് 28ൽ*

## കേന്ദ്രമന്ത്രി അഗത സാംഗ്മ കേരളം സന്ദർശിച്ചു

കേരളത്തിലെ വികേന്ദ്രീകൃതഭരണ സമ്പ്രദായവും കുടുംബശ്രീ പ്രവർത്തനങ്ങളും മനസ്സിലാക്കുന്നതിനുവേണ്ടി കേന്ദ്രഗ്രാമ വികസന വകുപ്പ് സഹമന്ത്രി അഗത സാംഗ്മ കേരളം സന്ദർശിച്ചു. കേരളത്തിലെ പഞ്ചായത്തീരാജ് സമ്പ്രദായത്തെക്കുറിച്ചും കുടുംബശ്രീ പ്രവർത്തനങ്ങളെക്കുറിച്ചും കോവളം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ മന്ത്രിക്ക് വിശദീകരിച്ചുകൊടുത്തു. തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗ്ഗീസ്, 'കില' ഡയറക്ടർ ഡോ. പി.പി. ബാലൻ, കുടുംബശ്രീ ഡയറക്ടർ പി.കെ. തോമസ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജെ. ആർ. ഗോപകുമാർ തുടങ്ങിയവർ സംബന്ധിച്ചു. തിരുവനന്തപുരത്ത് കാരോട് ഗ്രാമപഞ്ചായത്ത് ഓഫീസ്, സി.ഡി.എസ്. കേന്ദ്രം, വെള്ളാർ പേപ്പർ ബാഗ് യൂണിറ്റ്, വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്ക്കൂൾ, നാചറൽ ഫ്രെഷ് മിൽക്ക് തുടങ്ങിയ കേന്ദ്രങ്ങളും മന്ത്രി സന്ദർശിച്ചു.



*കേന്ദ്ര ഗ്രാമവികസന വകുപ്പു സഹമന്ത്രി അഗത സാംഗ്മ വെള്ളാർ ടൂറിസ്റ്റ് വില്ലേജിലെ പയനിയർ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് സന്ദർശിക്കുന്നു.*



## സർക്കാരിന്റെ ഭരണനേട്ടങ്ങൾ





# ശുചിത്വമിഷൻ

- കോർപ്പറേഷനുകളിലെ നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകളിൽ വിവിധ തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങളുള്ളതായി കണ്ടതിനാൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി അവയെ നവീകരിക്കാനുള്ള നടപടിയുടെ ഭാഗമായി നവീന സാങ്കേതിക വിദ്യകൾ നൽകാൻ തയ്യാറുള്ള ഏജൻസികളെ ഒരു സാങ്കേതിക സമിതി വഴി തെരഞ്ഞെടുത്ത് ഷോർട്ട് ലിസ്റ്റ് ചെയ്തു.

2. തിരുവനന്തപുരം നഗരത്തിൽ പ്രതിദിനം 35 ടൺ ഖരമാലിന്യം സംസ്ക്കരിക്കാനുള്ള ഒരു പ്ലാന്റ് PPP (Public Private Partnership) പ്രകാരം സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി. മലിനീകരണം ഉണ്ടാക്കാത്ത പ്ലാന്റ് സംസ്ഥാനത്ത് ഒരു മോഡൽ ആയി നടപ്പിലാക്കാൻ നടപടി എടുത്തുവരുന്നു.
3. കൊച്ചിയിൽ ബ്രഹ്മപുരത്ത് 300-500 ടൺ മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള PPP അടിസ്ഥാനത്തിലുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനു ടെൻഡർ വിളിച്ചു.

**പഞ്ചായത്ത് ന്യൂസ് സർവ്വീസ്**



പഞ്ചായത്ത് രാജ്

## സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടി

| പ്രഖ്യാപനം | നടപ്പിലാക്കിയത് / അല്ലാത്തത് | വിശദവിവരം |
|---|---|---|
| ഖരമാലിന്യ സംസ്കരണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിച്ച് മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. | നടപ്പിലാക്കിയത് | മുൻസിപ്പാലിറ്റികൾക്കായി 19.19 കോടി രൂപ അനുവദിച്ചു |
| വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പരമാവധി മാലിന്യങ്ങൾ ഉത്ഭവസ്ഥാനത്ത് തന്നെ സംസ്ക്കരിക്കുന്ന രീതി വ്യാപകമാക്കും. | നടപ്പിലാക്കിയത് | 38 മുൻസിപ്പാലിറ്റികൾക്ക് 6.79 കോടി രൂപയും തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനുകൾക്ക് 8.56 കോടി രൂപയും അനുവദിച്ചു |
| മാലിന്യസംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിച്ചു നൽകുന്നതിന് സാങ്കേതിക യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും സർക്കാർ സഹായത്തോടെ മാലിന്യസംസ്ക്കരണ പരിപാലന സംഘത്തിന് ഈ സാമ്പത്തിക വർഷം രൂപം നൽകുന്നതുമായിരിക്കും. ഇതിന്റെ സാങ്കേതിക സഹായത്തോടെ മേഖലാബ്ലോക്കുതല പരിപാലന യൂണിറ്റുകളും ആരംഭിക്കും. | നടപ്പിലാക്കിയത് | സേവനദാതാക്കളുടെ പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ ലിസ്റ്റ് വരുന്ന മുറയ്ക്ക് പരിശീലനം നൽകുന്നതാണ്. |
| ദ്രവമാലിന്യ പ്രശ്നങ്ങൾ അധികമായി നേരിടുന്ന ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സംവിധാനം ഏർപ്പെടുത്തും. | നടപ്പിലാക്കിയത് | നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിക്ക് ദ്രവമാലിന്യപ്ലാന്റ് തുടങ്ങുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും അതിന് സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട് ഫണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ചിറയിൻകീഴ്, നോർത്ത് പറവൂർ താലൂക്ക് ആശുപത്രികൾക്ക് പ്രൊപ്പോസൽ ഉണ്ടാക്കുന്നതിന് സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. |
| സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ പ്രധാനപ്പെട്ട ഓഫീസ് സമുച്ചയങ്ങളിലും യാത്രാകേന്ദ്രങ്ങളിലും സ്ഥാപിക്കും. | നടപ്പിലാക്കിയത് | അനുയോജ്യ ശുപാർശകൾ ലഭിച്ച ULBകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് ULBകൾക്ക് ശുപാർശകൾ ആവശ്യപ്പെട്ടിട്ടുണ്ട് |
| നഗരപ്രദേശങ്ങളിലടക്കം പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഗേൾഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ സ്ഥാപിക്കും. | നടപ്പിലാക്കിയത് | അനുയോജ്യ ശുപാർശകൾ ലഭിച്ച ULBകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് ULBകൾക്ക് ശുപാർശകൾ ആവശ്യപ്പെട്ടിട്ടുണ്ട് |
| ശുചിത്വ മേഖലയിൽ നേട്ടങ്ങൾ കൈവരിക്കുന്ന തദ്ദേശ സർക്കാരുകൾക്കും പൊതുസ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും സ്ക്കൂളുകൾക്കും അംഗനവാടികൾക്കും അംഗീകാരം നൽകുകയും അവരെ ആദരിക്കുന്നതുമാണ്. | നടപ്പിലാക്കിയത് | ഗ്രാമപഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും അവാർഡ് നൽകുന്നത് സംബന്ധിച്ച് അവസാനഘട്ട നടപടി നടന്നു വരുന്നു. ആശുപത്രികൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും സ്ക്കൂളുകൾക്കും ജില്ലാതലത്തിലാണ് അവാർഡുകൾ നിർണ്ണയിച്ച് നൽകുന്നത് |
| ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നവീന അറവുശാലകൾ സ്ഥാപിക്കുന്നതാണ്. ഇതിനുള്ള സാങ്കേതിക സഹായം ശുചിത്വ മിഷൻ നൽകുന്നതാണ്. | നടപ്പിലാക്കിയത് | നവീന അറവുശാല തുടങ്ങുന്നതിലേക്കായി 29 മുൻസിപ്പാലിറ്റികൾക്ക് സാങ്കേതിക അനുമതി നൽകി. 8 പഞ്ചായത്തുകൾക്ക് സാങ്കേതിക അനുമതി നൽകി 18 പഞ്ചായത്തുകൾക്ക് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. |

** പ്രഖ്യാപിത പരിപാടികൾ എല്ലാം നടപ്പാക്കിയിട്ടുണ്ട്.*

4. കോഴിക്കോട്, കണ്ണൂർ, എന്നിവിടങ്ങളിൽ ആധുനിക പ്ലാന്റുകൾ PPP അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നുവരുന്നു.
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് 23 സർവ്വീസ് പ്രൊവൈഡർമാരും 3 അക്രഡിറ്റഡ് ഏജൻസികളുമാണ് നിലവിലുള്ളത്. നിലവിലുള്ള ഏജൻസികളുടെ എണ്ണം പര്യാപ്തമല്ലാത്തതിനാൽ യോഗ്യരായ കൂടുതൽ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് നടപടി കൈക്കൊള്ളുകയും അവരെ ഒരു സാങ്കേതിക സമിതി പരിശോധിച്ച്, 60 ഓളം ഏജൻസികളെ കൂടി ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടു.
6. വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യം പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ സാങ്കേതിക വിദ്യകൾ കേരളത്തിന്റെ പല ഭാഗത്തും പരീക്ഷിച്ച് വിജയമെന്ന് കണ്ടവയെ ഉൾപ്പെടുത്തി ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാക്കാൻ കഴിഞ്ഞു.
7. ഖരമാലിന്യ സംസ്കരണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിച്ച് മെച്ചപ്പെടുത്തുന്നതിന് മുൻസിപ്പാലിറ്റികൾക്കായി 19.19 കോടി രൂപ അനുവദിച്ചു.




*സ്വാശ്രയ ശുചിത്വ കേരളം സുകൃതപുരം സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കുന്നു.*

8. വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പരമാവധി മാലിന്യങ്ങൾ ഉത്ഭവ സ്ഥാനത്ത് തന്നെ സംസ്കരിക്കുന്ന രീതി വ്യാപകമാക്കുന്നതിന് 38 മുൻസിപ്പാലിറ്റികൾക്ക് 6.79 കോടി രൂപയും തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനുകൾക്ക് 8.56 കോടി രൂപയും അനുവദിച്ചു.
9. ജലാശയങ്ങളെ മലിനപ്പെടുത്തുന്ന കക്കൂസുകളിൽ നിന്നുള്ള സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിന് അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി ഒരു സെമിനാർ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ച് ആ മേഖലയിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് വ്യക്തത വരുത്താൻ കഴിഞ്ഞു.
10. കേരളത്തിൽ ജലാശയങ്ങളെ മലിനപ്പെടുത്തികൊണ്ടിരിക്കുന്ന കക്കൂസുകളുടെ മാലിന്യം സംസ്കരിക്കുന്നതിനായി ഒരു സംസ്കരണ സംവിധാനം എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നഗരത്തിലെ സീവേജ് സംസ്കരിക്കുന്ന പ്ലാന്റിൽ തന്നെ സെപ്റ്റേജ് സംസ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് മുട്ടത്തറയിലും കൊച്ചിയിൽ ഇളംകുളത്തും ഇതിനുള്ള നടപടികൾ കൈക്കൊണ്ടു. കൊച്ചിയിലെ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായമായി രണ്ട് കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 11 ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്താൻ കഴിഞ്ഞു. തുടർ നടപടികൾ നടന്നു വരുന്നു.
11. നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിക്ക് ദ്രവ മാലിന്യ പ്ലാന്റ് തുടങ്ങുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും അതിന് സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട് ഫണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ചിറയിൻകീഴ്, നോർത്ത് പറവൂർ താലൂക്ക് ആശുപത്രികൾക്ക് പ്രൊപ്പോസൽ ഉണ്ടാക്കുന്നതിന് സാങ്കേതിക സഹായം നൽകിയിട്ടുണ്ട്.
12. സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ പ്രധാനപ്പെട്ട ഓഫീസ് സമുച്ചയങ്ങളിലും യാത്രാ കേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതിന് അനുയോജ്യ ശുപാർശകൾ ലഭിച്ച ULB കൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് ULB കൾക്ക് ശുപാർശകൾ ആവശ്യപ്പെട്ടിട്ടുണ്ട്.
13. നഗരപ്രദേശങ്ങളിലടക്കം പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഗേൾഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യ ശുപാർശകൾ ലഭിച്ച ULBകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മറ്റു ULB കൾക്ക് ശുപാർശകൾ ആവശ്യപ്പെട്ടിട്ടുണ്ട്.
14. നവീന അറവുശാല തുടങ്ങുന്നതിലേക്കായി 24 മുൻസിപ്പാലിറ്റികൾക്ക് പരിശീലനം നൽകി പദ്ധതി തയ്യാറാക്കാനുള്ള സാങ്കേതിക സഹായം നൽകാനും അവയിൽ 16 നഗരസഭകളുടെ പദ്ധതിക്ക് സാങ്കേതിക അനുമതി നൽകുകയും ചെയ്തു. 18 പഞ്ചായത്തുകൾക്ക് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് സാങ്കേതിക സഹായവും 8 പഞ്ചായത്തുകൾക്ക് സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. അവയ്ക്ക് 50% തുക നൽകാൻ കഴിഞ്ഞു.
15. സമൂഹത്തിൽ ശുചിത്വ അവബോധം വർദ്ധിപ്പിക്കുന്നതിനായി ഒക്ടോബർ 2 മുതൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ശുചിത്വ വർഷാചരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ശുചിത്വവർഷാചരണത്തിന്റെ ഭാഗമായി വിവിധ മാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു.
16. ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരം കേന്ദ്രീകരിച്ച് ഉറവിട മാലിന്യ സംസ്കരണ രീതികളുടെ പ്രദർശനം സംഘടിപ്പിച്ചു.
17. തിരുവനന്തപുരം നഗരസഭ കേന്ദ്രീകരിച്ചു കൊണ്ട് നഗരത്തിൽ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി മലയാള മനോരമയുമായി സഹകരിച്ച് സുകൃതപുരം പദ്ധതിക്ക് തുടക്കം കുറിച്ചു. പദ്ധതിയുടെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.
18. ഹരിതഗ്രാമം-ശുചിത്വഗ്രാമം പദ്ധതിക്ക് തുടക്കമിട്ടു. ■




*വിവരങ്ങൾക്ക് കടപ്പാട്:* ***ശുചിത്വമിഷൻ***





**സർക്കാരിന്റെ ഭരണനേട്ടങ്ങൾ**

# ഇൻഫർമേഷൻ കേരള മിഷൻ

കേരള സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഇൻഫർമേഷൻ കേരള മിഷൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനും ഇ-ഗവേണൻസിനുമായി താഴെ പറയുന്ന പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരം ചുവടെ പ്രതിപാദിക്കുന്നു.

**ഡബിൾ എൻട്രി എല്ലാ പഞ്ചായത്തുകളിലും**

2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവ പ്രകാരം അക്രൂവൽ അടിസ്ഥാനമാക്കിയുള്ള അക്കൗണ്ടിംഗ് സമ്പ്രദായം നഗരസഭകളിലും ത്രിതല പഞ്ചായത്തുകളിലും നിലവിൽ വന്നു. ഇ-ഗവേണൻസിന്റെ ഭാഗമായി അക്രൂവൽ അടിസ്ഥാനമാക്കിയുള്ള അക്കൗണ്ടിംഗ് സംവിധാനം കമ്പ്യൂട്ടർവത്കരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതിനായി സർക്കാർ നിർദ്ദേശപ്രകാരം ഇൻഫർമേഷൻ കേരള മിഷൻ സാംഖ്യ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുകയും ചെയ്തു.

നിലവിൽ സംസ്ഥാനത്തെ 65 നഗരസഭകളിലും 345 ഗ്രാമപഞ്ചായത്തുകളിലും 14 ബ്ലോക്ക് പഞ്ചായത്തുകളിലും 13 ജില്ലാ പഞ്ചായത്തുകളിലും സാംഖ്യ നടപ്പാക്കിക്കഴിഞ്ഞു.

കൂടാതെ കാസർഗോഡ് ജില്ലയിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളിലും സാംഖ്യ നടപ്പാക്കിയതോടെ, മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളിലേയും അക്കൗണ്ടുകൾ കമ്പ്യൂട്ടറൈസ് ചെയ്ത ഭാരതത്തിലെ പ്രഥമ ജില്ല എന്ന ബഹുമതി കാസർഗോഡ് ജില്ല കൈവരിച്ചു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓൺലൈനായി സാംഖ്യ വെബ് മൊഡ്യൂളിലൂടെ ലഭ്യമാക്കാൻ സാധിക്കുന്ന തരത്തിലുള്ള വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ www.finance.lsgkerala.gov.in, പ്രവർത്തനക്ഷമമാക്കി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുമായി ബന്ധപ്പെട്ട് കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ട്രയൽ ബാലൻസ്, ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്, ജേണൽ ബുക്ക്, ലഡ്ജറുകൾ എന്നിവയുടെ എം.ഐ.എസ് റിപ്പോർട്ടുകൾ വെബ്സൈറ്റിലൂടെ ലഭ്യമാകുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനം, ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച ക്രോഡീകരിച്ച റിപ്പോർട്ടുകൾ സംസ്ഥാന, ജില്ലാ, തദ്ദേശഭരണസ്ഥാപന തലത്തിൽ വെബ്സൈറ്റിലൂടെ ലഭ്യമാക്കുന്നു.

തദ്ദേശഭരണസ്ഥാപനങ്ങളിൽ ആവശ്യമുള്ള കമ്പ്യൂട്ടറുകൾ, നെറ്റ്‌വർക്കിംഗ് സംവിധാനം എന്നിവ വിന്യസിപ്പിച്ചും കിലയുടെ നേതൃത്വത്തിൽ ജീവനക്കാർക്ക് പരിശീലനം നൽകിയും കഴിഞ്ഞാൽ, ഐ.കെ.എം-ന്റെ സാങ്കേതിക സഹായത്തോടെയും കൈത്താങ്ങോടെയുമാണ് സാംഖ്യ ഡബിൾ എൻട്രി സംവിധാനം നടപ്പാക്കുന്നത്. തദ്ദേശഭരണസ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ആർജ്ജിച്ചും കില വഴിയായി ജീവനക്കാരുടെ പരിശീലനം പൂർത്തിയാക്കിയും 2012-13 വർഷത്തിൽ കേരളത്തിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളിലും സാംഖ്യ വിന്യസിപ്പിക്കുന്നതാണ്.

**സുലേഖ ആപ്ലിക്കേഷന്റെ വെബ് മൊഡ്യൂൾ**

പദ്ധതി രൂപീകരണം, പരിശോധന, അംഗീകാരം, പദ്ധതി നിർവ്വഹണം, പദ്ധതി പുരോഗതി രേഖപ്പെടുത്തൽ എന്നി




*ഐ.കെ.എം. ഹെൽപ്ഡെസ്കിന്റെയും വെബ്സൈറ്റുകളുടെയും ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ ഉദ്ഘാടനം ചെയ്യുന്നു.*

വയ്ക്കുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയറാണ് സുലേഖ. സുലേഖയുടെ www.plan.lsgkerala.gov.in എന്ന പരിഷ്കരിച്ച വെബ്സൈറ്റിലൂടെ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും 10,11 പഞ്ചവത്സര പദ്ധതിക്കാലത്തെ വിവിധ പ്രോജക്ടുകളുടെ മേഖല, ഉപമേഖല, സൂക്ഷ്മമേഖല, സ്രോതസ്സ് തുടങ്ങിയവ തിരിച്ചുള്ള വകയിരുത്തൽ, ചെലവ് റിപ്പോർട്ടുകളും അവയുടെ സംഗ്രഹ റിപ്പോർട്ടുകളും ചാർട്ട്, ഗ്രാഫ് രൂപത്തിൽ ലഭ്യമാകുകയും, തെരച്ചിൽ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്തു. കൂടാതെ കാലാകാലങ്ങളായി ജനകീയാസൂത്രണത്തിനായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ തുടങ്ങിയവ പ്രസ്തുത വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്ക് വേണ്ടി ഭേദഗതി വരുത്തിയിട്ടുള്ള പദ്ധതി രൂപീകരണ ഫോറങ്ങളനുസരിച്ച് സുലേഖ ആപ്ലിക്കേഷൻ പരിഷ്ക്കരിക്കുന്നതിനും തുടർന്ന് പദ്ധതിരൂപീകരണം, പരിശോധന, അംഗീകാരം, മോണിട്ടറിംഗ് തുടങ്ങിയ ഘട്ടങ്ങൾ വെബ് അധിഷ്ഠിതമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സുലേഖ സോഫ്റ്റ്വെയറിന്റെ പരിഷ്ക്കരണം അന്തിമഘട്ടത്തിലാണ്.

### സഞ്ചയ ആപ്ലിക്കേഷൻ

സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വരുമാനങ്ങൾ കൈകാര്യം ചെയ്യുന്ന പ്രക്രിയ സുഗമമാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ആപ്ലിക്കേഷൻ സോഫ്റ്റ്വെയറാണ് 'സഞ്ചയ'. വിവരങ്ങളുടെ കൃത്യത ഉറപ്പാക്കൽ, കാലതാമസമില്ലാതെ സേവനങ്ങൾ പൂർത്തീകരിക്കൽ, നിയമപരമായി നൽകേണ്ട വസ്തുനികുതിയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ നൽകൽ, രജിസ്റ്ററുകൾ പൂർണ്ണതയോടും ഗുണനിലവാരത്തോടും കൂടി ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കൽ തുടങ്ങി ഒട്ടേറെ സേവനങ്ങൾ 'സഞ്ചയ'യിലൂടെ സാധ്യമാകുന്നു. കൂടാതെ വെബ് അധിഷ്ഠിത സഞ്ചയ ആപ്ലിക്കേഷനിലൂടെ ഓൺലൈനായി നികുതി അടയ്ക്കുന്നതിനുള്ള 'ഇ-പെയ്മെന്റ്' സംവിധാനവും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈനായി നടത്തുന്ന പണമിടപാടുകളിൽ ബാങ്കിൽ നിന്നും ക്രെഡിറ്റ് ആകുന്ന മുറയ്ക്ക് നികുതിദായകന്റെ മൊബൈൽ ഫോണിൽ എസ് എം എസ് ആയി വിവരങ്ങൾ തൽസമയം അറിയിക്കുന്നതുമാണ്. ഇ-മെയിൽ ഐഡിയും മൊബൈൽ നമ്പറുമുള്ള ഏതൊരാൾക്കും അയാളുടെ ക്രെഡിറ്റ് കാർഡ്/ഡെബിറ്റ് കാർഡ്/നെറ്റ് ബാങ്കിംഗ് സംവിധാനത്തിലൂടെ ലോകത്തിൽ എവിടെനിന്നും https://www.tax.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴി ഇ-പെയ്മെന്റ് നടത്താവുന്നതാണ്. വെബ്സൈറ്റിലൂടെ കേരളത്തിലെ കോർപ്പറേഷനുകളിലെയും നഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും വസ്തു നികുതി വിവരങ്ങൾ ലഭ്യമാണ്. പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി കെട്ടിട നികുതി നിർണ്ണയിക്കുന്നതിനും ഇ-ഫയലിംഗിലൂടെ അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ പൈലറ്റ് അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി, കെട്ടിട വാടക, വിനോദ നികുതി എന്നിവ സംബന്ധിച്ച പുതിയ സർക്കാർ ഉത്തരവ് അനുസരിച്ച് ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ വേണ്ട ക്രമീകരണങ്ങൾ നടത്തിവരുന്നു.

### 100% കണക്റ്റിവിറ്റി

സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും 54 മുനിസിപ്പാലിറ്റികളിലും 141 ബ്ലോക്ക് പഞ്ചായത്തുകളിലും 14 ജില്ലാ പഞ്ചായത്തുകളിലും 936 ഗ്രാമപഞ്ചായത്തുകളിലും ഉൾപ്പെടെ 1150 തദ്ദശഭരണ സ്ഥാപനങ്ങളിൽ കണക്റ്റിവിറ്റി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളിലും 100% കണക്റ്റിവിറ്റി നൽകി കമ്പ്യൂട്ടർ ശൃംഖലയിലൂടെ കോർത്തിണക്കി, ത്രിതല പഞ്ചായത്തുകളുടെ പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും വെബ് വഴി നൽകുന്ന ആദ്യത്തെ സംസ്ഥാനം എന്ന ബഹുമതി ഈ സാമ്പത്തിക വർഷം തന്നെ കേരളത്തിന് നേടിയെടുക്കാൻ സാധിക്കും.

### ജനന-മരണ-വിവാഹ രജിസ്ട്രേഷൻ: ഇ-ഫയലിംഗും എം-ഗവേണൻസും

ജനന-മരണ-വിവാഹ (ഹിന്ദു വിവാഹ നിയമപ്രകാരവും/കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരവും നടക്കുന്ന വിവാഹങ്ങൾ) രജിസ്ട്രേഷനുകൾ സംബന്ധമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയറാണ് സേവന (സിവിൽ രജിസ്ട്രേഷൻ).

2008-ലെ പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും അതാത് തദ്ദേശഭരണസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. ഈ പ്രവർത്തനം കമ്പ്യൂട്ടർവൽകൃതമായി നിർവ്വഹിക്കുന്നതിനും വിവരങ്ങൾ വെബ്സൈറ്റ് വഴിയായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമുള്ള സേവന സിവിൽ രജിസ്ട്രേഷൻ (പൊതു വിവാഹം) ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഐ.കെ.എം വികസിപ്പിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിന്യസിപ്പിച്ചിട്ടുണ്ട്. ഇലക്ട്രോണിക് രജിസ്ട്രേഷൻ നടപ്പിലാക്കിയ സ്ഥലങ്ങളിൽ ദമ്പതിമാർക്ക് വിവാഹ രജിസ്ട്രേഷനുവേണ്ടി തദ്ദേശഭരണ സ്ഥാപനത്തിൽ സമർപ്പിക്കേണ്ട അപേക്ഷ വെബ് അധിഷ്ഠിതമായി രേഖപ്പെടുത്തുന്നതിനും സമർപ്പിക്കുന്നതിനുമുള്ള സംവിധാനവും വിന്യസിപ്പിച്ചിട്ടുണ്ട്. സ്വന്തമായ ഇന്റർനെറ്റ് കണക്ഷൻ, അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ ഐ.ടി. യൂണിറ്റുകൾ, ഇന്റർനെറ്റ് കഫേകൾ എന്നിവിടങ്ങളിൽ നിന്ന് വിവാഹ രജിസ്ട്രേഷന് ആവശ്യമായ മെമ്മോറാണ്ടം നേരിട്ട് വെബ് ഫോറത്തിൽ രേഖപ്പെടുത്താൻ കഴിയുന്നതാണ്. വിവാഹ സംബന്ധമായ വിവരങ്ങൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിലേക്ക് ലോഗിൻ ചെയ്ത് നിർവ്വഹിക്കാവുന്നതാണ്.

ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ സംബന്ധമായ വിവരങ്ങൾ മൊബൈൽ ഫോൺ വഴി ബന്ധപ്പെട്ടവർക്ക് നൽകുന്നതിനുള്ള സംവിധാനവും നവജാതശിശുക്കളുടെ രോഗപ്രതിരോധ കുത്തിവയ്പ്പുകൾ സംബന്ധിച്ച അറിയിപ്പുകൾ എസ്.എം.എസ് സന്ദേശം വഴി മാതാപിതാക്കളെ ഓർമ്മിപ്പിക്കുന്നതിനുമുള്ള സംവിധാനവും ഐ.കെ.എം തയ്യാറാക്കിയിട്ടുണ്ട്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അതിനുള്ള ഉത്തരവ് ലഭിക്കുന്ന ഉടനെ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്നതാണ്.

സ്റ്റേറ്റ് ഡേറ്റാ സെന്ററുമായി കണക്റ്റിവിറ്റി നടപ്പിലാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭിക്കാനുള്ള സംവിധാനം www.cr.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴി ലഭ്യമാവുന്നതാണ്. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ മുൻകാല വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾ പൂർത്തിയാകുന്നതോടെ ജനന-മരണ-വിവാഹ സംബന്ധമായ എല്ലാ വിവരങ്ങളും വെബ്സൈറ്റ് വഴി ലഭ്യമാകുന്നതാണ്.

### പോസ്റ്റ് ഓഫീസുകൾ വഴി വസ്തു നികുതി ഒടുക്കാൻ സൗകര്യം

കേരളത്തിലെ കമ്പ്യൂട്ടർവത്കരിച്ച 1300 പോസ്റ്റ് ഓഫീസുകൾ വഴി വസ്തു നികുതി ഒടുക്കുന്നതിനുള്ള സൗകര്യം സഞ്ചയ ആപ്ലിക്കേഷനിലൂടെ സാദ്ധ്യമാക്കിയിട്ടുണ്ട്.

### 'ഹാൻഡ് ഹെൽഡ് ഡിവൈസ്' സംവിധാനം

ഫീൽഡിൽ നിന്നും നികുതി പിരിക്കുന്നതിന് കയ്യിൽ കൊണ്ട് നടന്ന് പ്രവർത്തിപ്പിക്കാവുന്ന 'ഹാൻഡ്ഹെൽഡ് ഡിവൈസ്' പ്രവർത്തിപ്പിക്കുന്നതിനുള്ള സോഫ്റ്റ്വെയർ സംവിധാനം വികസിപ്പിച്ചു.





### കണക്റ്റിവിറ്റി

| തദ്ദേശഭരണ സ്ഥാപനം | എണ്ണം | KSWAN | LGWAN | കണക്റ്റിവിറ്റി സ്ഥാപിച്ചവ | വ്യാപനം (%) |
|---|---|---|---|---|---|
| മുനിസിപ്പിൽ കോർപ്പറേഷൻ | 5 | 3 | 2 | 5 | 100.00 |
| മുനിസിപ്പാലിറ്റി | 60 | 33 | 21 | 54 | 90.00 |
| ജില്ലാ പഞ്ചായത്ത് | 14 | 14 | 0 | 14 | 100.00 |
| ബ്ലോക്ക് പഞ്ചായത്ത് | 152 | 140 | 1 | 141 | 92.76 |
| ഗ്രാമപഞ്ചായത്ത് | 978 | 68 | 868 | 936 | 95.71 |
| ആകെ | 1209 | 258 | 892 | 1150 | 95.12 |

2012 ഏപ്രിൽ വരെയുള്ള സ്റ്റാറ്റസ്

### നഗരസഭകളിലെ ആപ്ലിക്കേഷൻ വിന്യാസം

| ആപ്ലിക്കേഷൻ | തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം | വിന്യാസം | പ്രവർത്തനം | കവറേജ് % |
|---|---|---|---|---|
| സേവന സിവിൽ രജിസ്ട്രേഷൻ | 65 | 65 | 65 | 100.00 |
| സേവന പെൻഷൻ | 65 | 65 | 64 | 98.46 |
| സുലേഖ | 65 | 65 | 65 | 100.00 |
| സ്ഥാപന | 65 | 65 | 65 | 100.00 |
| സാംഖ്യ | 65 | 65 | 65 | 100.00 |
| സഞ്ചിത | 65 | 65 | 65 | 100.00 |
| സംവേദിത | 65 | 65 | 65 | 100.00 |
| സഞ്ചയ | 65 | 20 | 20 | 30.77 |
| സുഗമ | 65 | 63 | 63 | 96.92 |
| സൂചിക | 65 | 37 | 37 | 56.92 |

2012 ഏപ്രിൽ വരെയുള്ള സ്റ്റാറ്റസ്

### പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലെ ആപ്ലിക്കേഷൻ വിന്യാസം

| ആപ്ലിക്കേഷൻ | തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം | വിന്യാസം | പ്രവർത്തനം | കവറേജ് % |
|---|---|---|---|---|
| സേവന സിവിൽ രജിസ്ട്രേഷൻ | 978 | 977 | 976 | 99.80 |
| സേവന പെൻഷൻ | 978 | 977 | 976 | 99.80 |
| സുലേഖ | 1144 | 1144 | 1144 | 100.00 |
| സ്ഥാപന | 1144 | 991 | 945 | 95.26 |
| സാംഖ്യ | 1144 | 373 | 373 | 32.60 |
| സഞ്ചിത | 1144 | 1143 | 1143 | 99.91 |
| സംവേദിത | 1144 | 1143 | 1143 | 99.91 |
| സഞ്ചയ | 978 | 9 | 9 | 0.92 |
| സുഗമ | 1144 | 1143 | 1143 | 99.91 |
| സൂചിക | 1144 | 855 | 323 | 32.56 |

2012 ഏപ്രിൽ വരെയുള്ള സ്റ്റാറ്റസ്

### സകർമ്മ ഓൺലൈൻ ആപ്ലിക്കേഷൻ

കൗൺസിൽ/കമ്മിറ്റികളുടെ കാര്യപരിപാടികൾ, തീരുമാനങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള സകർമ്മ ഓൺലൈൻ ആപ്ലിക്കേഷൻ, ഉപഭോക്താക്കളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പരിഷ്ക്കരിച്ചിട്ടുണ്ട്. ഫീൽഡിൽ വിന്യസിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### സുഗമ ആപ്ലിക്കേഷൻ

പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള സുഗമ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ പരിഷ്ക്കരിച്ച് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി.

### i-collect സംവിധാനത്തിലൂടെ ഇ-പേയ്മെന്റ് സൗകര്യം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ i-collect എന്ന പുതിയ സംവിധാനത്തിലൂടെയും നികുതികൾ ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സൗകര്യം ഉടൻ തന്നെ ലഭ്യമാക്കി തദ്ദേശഭരണസ്ഥാപനങ്ങളിൽ വിന്യസിക്കുന്നതാണ്.

### സങ്കേതം ആപ്ലിക്കേഷൻ

കെട്ടിട നിർമ്മാണ പെർമിറ്റുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സങ്കേതം ആപ്ലിക്കേഷനിൽ ആർക്കിടെക്ച്ചർ രജിസ്ട്രേഷനും കെട്ടിട പെർമിറ്റിനും വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് സംവിധാനം കൂടി ഉൾപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. ബിൽഡിംഗ് പ്ലാനും സൈറ്റ് പ്ലാനും ആട്ടോകാഡ് (Auto CAD) വഴി അപ്‌ലോഡ് ചെയ്ത് ആട്ടോമാറ്റിക്കായി തന്നെ ചെക്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സംവിധാനം കൂടി ഉൾപ്പെടുത്തി ആപ്ലിക്കേഷൻ പരിഷ്ക്കരിച്ചുവരുന്നു.

### ഗ്രാമപഞ്ചായത്തുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്

തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് ഇൻഫർമേഷൻ കേരള മിഷനിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരാണ് സാങ്കേതിക സഹായം നൽകിവരുന്നത്. ത്രിതല പഞ്ചായത്തുകൾക്കു വേണ്ടി ഇത്തരത്തിൽ സാങ്കേതികസഹായം നൽകുന്നത് 14 ജില്ലകളിലും 152 ബ്ലോക്കുകളിലും വിന്യസിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരാണ്. ഗ്രാമപഞ്ചായത്തുകളിലെ സാങ്കേതിക സഹായം കൂടുതൽ ഫലപ്രദമാക്കുന്നതിനായി 978 ഗ്രാമപഞ്ചായത്തുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ 1 വർഷത്തേക്ക് നിയോഗിക്കുന്നതിനുവേണ്ടി സർക്കാരിലേക്ക് നിർദ്ദേശം സമർപ്പിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിഗണനയിലാണ്.■

*വിവരങ്ങൾക്ക് കടപ്പാട്:*
**ഇൻഫർമേഷൻ കേരള മിഷൻ**

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പധതി

സർക്കാരിന്റെ ഭരണനേട്ടങ്ങൾ



### ഭൗതിക സാമ്പത്തിക നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

2011-12 വർഷം പദ്ധതിയിലെ ഓരോ ഘടകത്തിലും ഉണ്ടായ നേട്ടങ്ങളെ 2010-11 ലെ പുരോഗതിയുമായി ചുവടെ താരതമ്യം ചെയ്തിട്ടുള്ളത് പരിശോധിച്ചാൽ കൈവരിച്ച പുരോഗതി വ്യക്തമാകുന്നതാണ്.

| ക്രമ നം | ഘടകം | 2010-11 | 2011-12 | വിശദീകരണം |
|---|---|---|---|---|
| 1 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 1195096 | 1418056 | 2011-12 വർഷം തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണത്തിൽ 18% വർദ്ധന |
| 2 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1185173 | 1416386 | 2011-12 വർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണത്തിൽ 19.49% വർദ്ധന |
| 3 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 49322652 | 63193914 | 2011-12 വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങളിൽ 28.12% വർദ്ധന |
| 4 | ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളിൽ സ്ത്രീകൾക്ക് ലഭിച്ച തൊഴിൽ ദിനങ്ങളുടെ ശതമാനം | 90.26 | 92.82 | 2011-12 വർഷം സ്ത്രീകൾക്ക് ലഭിച്ച തൊഴിൽ ദിനങ്ങളിൽ 2.6% വർദ്ധന |
| 5 | 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 72395 | 124317 | 2011-12 വർഷം 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളിൽ 71.72% വർദ്ധന |
| 6 | ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ | 41.61 | 44.62 | 2011-12 വർഷം ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങളിൽ 7% വർദ്ധന |
| 7 | ലഭിച്ച കേന്ദ്ര വിഹിതം (തുക ലക്ഷത്തിൽ) | 70423.24 | 95105.42 | 2011-12 വർഷം ലഭിച്ച കേന്ദ്ര ഫണ്ടിൽ 35% വർദ്ധന |
| 8 | അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള കൂലിയിനത്തിൽ ചെലവായ തുക (തുക ലക്ഷത്തിൽ) | 62946.72 | 98924.92 | 2011-12 വർഷത്തിൽ അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള കൂലിയിനത്തിൽ ചെലവായ തുകയിൽ 57% വർദ്ധന |
| 9 | ഭരണ ചെലവ് (തുക ലക്ഷത്തിൽ) | 3220.25 | 3908.49 | 2011-12 വർഷത്തിൽ കരാർ ജീവനക്കാരുടെ ശമ്പളവർദ്ധനവിന്റെ ഭാഗമായി ഭരണചെലവ് വർദ്ധിച്ചു. |
| 10 | ആകെ ചെലവിനത്തിൽ ഭരണചെലവിന്റെ ശതമാനം | 4.59 | 3.67 | 2011-12 വർഷം മുൻവർഷത്തെ അപേക്ഷിച്ച് ഭരണചെലവ് 3.5% മായി ചുരുക്കുവാൻ സാധിച്ചിട്ടുണ്ട്. |
| 11 | ആകെ ചെലവ് (തുക ലക്ഷത്തിൽ) | 70113.1 | 106631.23 | 2011-12 വർഷം ചെലവായ തുകയിൽ 52% വർദ്ധന |

### ആമുഖം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അവിദഗ്ധ കായിക ജോലികൾ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും പ്രതിവർഷം 100 ദിവസത്തെ അധിക തൊഴിലിന് നിയമപരമായ ഉറപ്പു നൽകുന്നു. ഇന്ത്യൻ പാർലമെന്റ് 2005 സെപ്തംബറിൽ പാസാക്കി വിജ്ഞാപനം ചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള ഈ പദ്ധതി ഒരേ സമയം ദാരിദ്ര്യനിർമാർജ്ജനവും സാമൂഹ്യ ആസ്തികളുടെ നിർമാണവും ലക്ഷ്യമിടുന്നു.

കേരളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ആദ്യഘട്ടം 02.02.2006ൽ പാലക്കാട്, വയനാട് ജില്ലകളിൽ തുടക്കം കുറിച്ചു. രണ്ടാം ഘട്ടമായി 01.04.2007ൽ ഇടുക്കി, കാസർകോട് ജില്ലകളിലേക്കും മൂന്നാം ഘട്ടമായി 01.04.2008 മുതൽ ബാക്കിയുള്ള 10 ജില്ലകളിലേക്കുകൂടിയും പദ്ധതി വ്യാപിപ്പിക്കുകയുണ്ടായി.

### പദ്ധതി നിർവ്വഹണം കേരളത്തിൽ

2011-12 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനം ഭൗതികമായും സാമ്പത്തികമായും വമ്പിച്ച പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്.

- ദേശീയതലത്തിൽ തൊഴിൽ ആവശ്യപ്പെട്ട ഒരു കുടുംബത്തിന് 39.95 ദിവസമാണ് തൊഴിൽ നൽകിയിട്ടുള്ളത് എങ്കിൽ സംസ്ഥാനത്ത് 44.62 ദിവസത്തെ തൊഴിൽ ഒരു കുടുംബത്തിന് നൽകുവാൻ സാധിച്ചിട്ടുണ്ട്.
- ദേശീയതലത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളിൽ 48.71% മാത്രമാണ് സ്ത്രീകൾക്ക് ലഭിച്ചത് എങ്കിൽ സംസ്ഥാനത്ത് ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളിൽ 92.82%ഉം സ്ത്രീകൾക്കാണ് ലഭിച്ചത്. ■







### ജില്ലാ-ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലങ്ങളിലെ പുരോഗതി

നടപ്പു സാമ്പത്തിക വർഷം ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങളും ചെലവും കൈവരിച്ച ജില്ലാ- ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തലം | ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ഏറ്റവും തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചത് | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|
| ജില്ലാ | തിരുവനന്തപുരം | 15188.07 | തിരുവനന്തപുരം | 9382562 |
| ബ്ലോക്ക് | പെരുങ്കടവിള | 2214.29 | പെരുങ്കടവിള | 1320851 |
| ഗ്രാമ പഞ്ചായത്ത് | ചെങ്കൽ | 620.0 | ചെങ്കൽ | 400216 |

### 2011-12 സാമ്പത്തിക വർഷത്തിലെ മറ്റ് നേട്ടങ്ങൾ

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ വേതനം ചുവടെ സൂചിപ്പിക്കുന്ന പ്രകാരം 01.12.2011 മുതൽ പരിഷ്ക്കരിച്ചു.

| ക്രമ നം | വിഭാഗം | പരിഷ്കരിക്കുന്നതിന് മുമ്പുള്ള വേതനം | പരിഷ്കരിച്ച വേതനം | യാത്രാ ബത്ത | പരിഷ്കരിച്ച യാത്രാ ബത്ത |
|---|---|---|---|---|---|
| 1 | ഐ.റ്റി പ്രൊഫഷണൽ (സംസ്ഥാനതലം) | 12000 | 18000 | - | - |
| 2. | ഐ.റ്റി പ്രൊഫഷണൽ (ജില്ലാ തലം) | 10000 | 15000 | - | - |
| 3. | അസിസ്റ്റന്റ് എഞ്ചിനീയർ | 9000 | 12000 | 500 | 1000 |
| 4 | ഓവർസിയർ (ഡിപ്ലോമ ഹോൾഡർ) | 6000 | 10000 | 500 | 1000 |
| 5 | ഓവർസിയർ (സർട്ടിഫിക്കറ്റ് ഹോൾഡർ) | 5000 | 10000 | 500 | 1000 |
| 6 | ഡേറ്റാ എൻട്രി ഓപ്പറേറ്റർ (ബികോം+പി.ജി.ഡി.സി.എ) | 6000 | 10000 | - | - |
| 7 | ഡേറ്റാ എൻട്രി ഓപ്പറേറ്റർ (ബികോം+സർട്ടിഫിക്കറ്റ്) | 4500 | 10000 | - | - |

തുടർന്ന് പ്രസ്തുത ജീവനക്കാർക്ക് അർഹതപ്പെട്ട 01.06.2011 മുതൽ 30.11.2011 വരെ ഉള്ള കുടിശ്ശിക അനുവദിച്ചു.

2. ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർവ്വഹണത്തിന് സഹായകമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
3. തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം വിനിയോഗം എന്നിവ പ്രതിപാദിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
4. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, വയനാട് ജില്ലകളുടെ ലേബർ ബഡ്ജറ്റ് പ്രസ്തുത ജില്ലകളുടെ പുരോഗതിക്ക് അനുസൃതമായി കേന്ദ്രഗവൺമെന്റ് പുതുക്കി നിശ്ചയിച്ചു.
5. തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തിന് ഉണ്ടായ സാമ്പത്തിക പുരോഗതി വിലയിരുത്തി 2012 മാർച്ച് മാസം കേന്ദ്രസർക്കാർ 1800 ലക്ഷം രൂപ അധികമായി സംസ്ഥാനത്തിന് അനുവദിച്ചു. പ്രസ്തുത തുക ഫണ്ട് ആവശ്യമുള്ള ഇടുക്കി, തിരുവനന്തപുരം, കണ്ണൂർ, മലപ്പുറം ജില്ലകൾക്ക് അനുവദിച്ചു.
6. 2012-13 സാമ്പത്തിക വർഷത്തേക്ക് 633 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ലേബർ ബഡ്ജറ്റ് കേന്ദ്ര ഗവൺമെന്റിന്റെ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചു. ഇതനുസരിച്ച് 1556.67 കോടി രൂപ സംസ്ഥാനത്ത് കേന്ദ്ര സംസ്ഥാന വിഹിതമായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

*വിവരങ്ങൾക്ക് കടപ്പാട്:* **എം.ജി.എൻ.ആർ.ഇ.ജി.എസ്. സെൽ**

**സർക്കാരിന്റെ ഭരണനേട്ടങ്ങൾ**



# കില നൂതന പ്രവർത്തനങ്ങൾ

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

**കല്പിത സർവ്വകലാശാല പദവിയിലേക്ക്**

കിലയെ കല്പിത സർവ്വകലാശാലയാക്കി ഉയർത്തുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു. രാജ്യത്ത് ആദ്യമായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഭവസമാഹരണം നടത്തി ഇത്തരമൊരു സർവ്വകലാശാല ആരംഭിക്കുന്നതെന്ന് യു.ജി.സി. വൈസ് ചെയർമാൻ വേദവ്യാസ് അഭിപ്രായപ്പെടുകയുണ്ടായി. ഇക്കാര്യത്തിനായി വ്യത്യസ്ഥതലത്തിലുള്ള ശില്പശാലകൾ, കൂടിയാലോചനകൾ തുടങ്ങിയ പ്രവർത്തനങ്ങൾ 2011-12 കാലയളവിൽ നടക്കുകയുണ്ടായി.

**ഗ്രാമസഭാ പരിശീലനം**

സംസ്ഥാനത്തെ എല്ലാ ഗ്രാമസഭാംഗങ്ങൾക്കും/വാർഡ്സഭാംഗങ്ങൾക്കും പരിശീലനം നൽകുന്ന 'ഗ്രാമസഭാ പരിശീലന പരിപാടി' വ്യാപ്തികൊണ്ടും ആശയമികവുകൊണ്ടും ആസൂത്രണമികവുകൊണ്ടും കേരളത്തിലെ ചരിത്രതാളുകളിൽ ഇടംപിടിച്ചു. ഇന്ത്യയിൽതന്നെ നടന്ന ഏറ്റവും ബൃഹത്തായ ഈ പരിശീലന പരിപാടി ഗ്രാമസഭകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്ത്-നഗരസഭകളിലായി 19,255 വാർഡുകളിൽ ഒരു വാർഡിൽ 150-200 പേർക്കുവീതം പരിശീലനം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി സംസ്ഥാനതലത്തിൽ 890 മാസ്റ്റർ ട്രെയിനർമാരെയും 10255 ബ്ലോക്കുതല പരിശീലകരെയും 102550 പഞ്ചായത്തുതല ഫെസിലിറ്റേറ്റർമാരെയും 2052256 ഗ്രാമസഭാംഗങ്ങളെയും കില പരിശീലിപ്പിച്ചു.

2011 ഡിസംബർ 18 മുതൽ 2012 ഫെബ്രുവരി 28 വരെയുള്ള കാലയളവിലാണ് കേരളത്തിലുടനീളം ഗ്രാമസഭ പരിശീലനം നടത്തിയത്. ഗ്രാമസഭാംഗങ്ങളുടെ അവകാശാധികാരങ്ങളും ചുമതലകളും ഇടപടൽ സാധ്യതകളും സോഷ്യൽ ഓഡിറ്റിംഗും മാലിന്യസംസ്കരണവും ആയിരുന്നു പരിശീലനത്തിലെ പ്രധാന ചർച്ചാവിഷയം.

**ചൈൽഡ് റിസോഴ്സ് സെന്റർ**



കുട്ടികളുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ യൂണിസെഫ് കിലയിൽ ചൈൽഡ് റിസോഴ്സ് സെന്റർ എന്ന ബൃഹദ് സംരംഭത്തിന് തുടക്കം കുറിച്ചു. യൂണിസെഫിന്റെ സാങ്കേതിക-സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഈ കേന്ദ്രം മുഖ്യമന്ത്രി ഉമ്മൻചാണ്ടി 2011 ഒക്ടോബർ 8-ാം തീയതി ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെത്തന്നെ പ്രാഥമിക സംരംഭമായി യൂണിസെഫ് വിഭാവനം ചെയ്യുന്ന ഈ കേന്ദ്രം, കേന്ദ്ര സർക്കാരും കേരള സർക്കാരും യൂണിസെഫും സംയുക്തമായി സംഘടിപ്പിച്ച ദേശീയതല ശില്പശാലയുടെ മുഖ്യവീക്ഷണകേന്ദ്രമായിരുന്നു. ഇതിനെ ചുവടുപിടിച്ച് ഗുജറാത്ത് യൂണിസെഫ് പ്രതിനിധികൾ ഇത്തരം ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നതിനായി ഇവിടെ സന്ദർശനം നടത്തിയിരുന്നു. കുട്ടികളുടെ സമഗ്ര വികസനത്തിനായി സർക്കാർ-സർക്കാരിതര, ഗവേഷക, മാധ്യമ മേഖലകളെ കോർത്തിണക്കി 'കുട്ടികളുടെ അവകാശ സംരക്ഷണം' എന്ന ആത്യന്തിക ലക്ഷ്യത്തെ മുഖ്യധാരാവൽക്കരിക്കാനുള്ള പ്രവർത്തനങ്ങൾ ഈ സെന്റർ നടത്തിവരുന്നു.

**മുഖ്യ പ്രവർത്തനങ്ങൾ**

***പരിശീലന പരിപാടി***

'കുട്ടികളുടെ സമഗ്ര വികസനവും തദ്ദേശഭരണ സ്ഥാപനങ്ങളും' എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടി അഞ്ച് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി നടത്തി. പരിശീലനത്തിനുമുന്നോടിയായി 20 മാസ്റ്റർ ട്രെയിനർമാർക്കും 56 ജില്ലാതല പരിശീലകർക്കും പരിശീലനം നൽകി. കാസർഗോഡ്, പാലക്കാട്, വയനാട്, മലപ്പുറം, തൃശൂർ എന്നീ ജില്ലകളിലെ ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്കും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർക്കും വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർമാന്മാർക്കും കൺവീനർമാർക്കും വേണ്ടിയാണ് പരിശീലനം നടത്തിയത്. 63 ബാച്ചുകളിലായി 2197 പേർ പരിശീലനം നേടി.

2. 'കുട്ടികളുടെ സമഗ്ര വികസനവും തദ്ദേശഭരണ സ്ഥാപനങ്ങളും' എന്ന കൈപ്പുസ്തകവും പരിശീലന സഹായിയും വീഡിയോ ഡോക്യുമെന്ററിയും പ്രകാശനം ചെയ്തു.
3. ഓൺലൈൻ റെപ്പോസിറ്ററിയുടെ പ്രാഥമിക ഘട്ടം പൂർത്തിയായി.
4. കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ സംസ്ഥാനതല കൺസോർഷ്യവും ഗവേഷകരുടെ ഗവേഷകതല കൺസോർഷ്യവും സംഘടിപ്പിച്ചു.

**തയ്യാറെടുക്കുന്ന പ്രവർത്തനങ്ങൾ**

1. സർക്കാരിതര സംഘടനകൾക്കുവേണ്ടിയുള്ള പരിശീലന പരിപാടി.
2. മാധ്യമങ്ങൾക്കുള്ള പരിശീലന പരിപാടി.
3. ജേർണലിസം കോളേജുകൾക്കുള്ള പരിശീലന പരിപാടി.
4. ശിശുപദവി പഠനത്തിനുള്ള മെത്തഡോളജി.
5. കുട്ടികൾക്കായുള്ള സേവനങ്ങളുടെ ഡയറക്ടറി.
6. കുട്ടികളുടെ സമഗ്ര വികസനത്തിനായി സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും കംപന്റിയം.
7. കുട്ടികളുടെ സമഗ്ര വികസനത്തിനായി പ്രവർത്തിക്കുന്ന വകുപ്പുകളുടെ പ്രാദേശികതല കൺസോർഷ്യം.■

*വിവരങ്ങൾക്ക് കടപ്പാട്:* **കില**











# സാമൂഹ്യക്ഷേമം

- വികലാംഗർക്ക് സംവരണം ചെയ്യപ്പെട്ട 3% ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചു. 1188 ബാക്ക്ലോഗ് ഒഴിവുകൾ പി.എസ്.എസി.ക്ക് റിപ്പോർട്ട് ചെയ്തു. ഒഴിവുകൾ പി.എസ്.എസി. വിജ്ഞാപനം ചെയ്തു.
- കോഴിക്കോട് ജെൻഡർ പാർക്കിന് തറക്കല്ലിട്ടു, പാർക്ക് നിർമ്മാണത്തിന് ഈ വർഷം 9 കോടി രൂപ ചെലവാക്കും. സ്ത്രീകളുടെ സമസ്ത മേഖലകളിലുമുള്ള മുന്നേറ്റത്തിന് ഉപയുക്തമായ ഒരു സംഗമ സ്ഥാനമായിരിക്കും ഇത്.
- 2012 മാർച്ച് 8 മുതൽ 17 വരെ കോഴിക്കോട് ജൻഡർ ഫെസ്റ്റ് സംഘടിപ്പിച്ചു.
- നിർഭയ പദ്ധതി ഉദ്ഘാടനം ചെയ്തു സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുക, ഇരകളായവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ സ്വീകാര്യരാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, അക്രമം നടത്തുന്നവരെ നിയമത്തിന്റെ പിടിയിലാക്കാൻ ഫാസ്റ്റ് ട്രാക്ക് കോടതി സംവിധാനം എന്നിവ.
- സംസ്ഥാന ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി രൂപീകരിച്ചു. സംയോജിത ശിശു സംരക്ഷണം നടപ്പാക്കും.
- ചൈൽഡ് റൈറ്റ്സ് കമ്മീഷൻ രൂപീകരണം ഉടൻ പ്രഖ്യാപിക്കും.
- 33115 അംഗൻവാടികളിലെ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയത്തിൽ 450 രൂപയുടെ പ്രതിമാസ വർദ്ധന.

*ശേഷം പേജ് 27*





**പി.ജെ. ജോസഫ്**
ജലവിഭവ വകുപ്പ് മന്ത്രി



# കരുതുക ഓരോ തുള്ളിയും

**എല്ലാവർക്കും ശുദ്ധജലം ഉറപ്പാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ജലപരിശോധന സംവിധാനങ്ങളും പരിഹാരമാർഗ്ഗങ്ങളും വ്യാപകമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ജലം ശുദ്ധീകരിക്കുവാനുള്ള ചെലവു കുറഞ്ഞ ടെറാഫിൽ ടെക്നോളജിയും ഇപ്പോൾ നിലവിലുണ്ട്. ഇവ വ്യാപകമാക്കേണ്ടതുണ്ട്. ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പാക്കി ഒരു ജലശ്രീ കേരളം നമ്മുടെ ലക്ഷ്യമാവണം.**

കുടിവെള്ളം ഓരോ പൗരന്റെയും അവകാശമാണ്. അവ ഉറപ്പുവരുത്തുവാനുള്ള ഉത്തരവാദിത്വം നടപ്പിലാക്കുവാനുള്ള നിരവധി പ്രവർത്തനങ്ങൾക്കാണ് സർക്കാർ രൂപം നൽകുന്നത്. അതുപോലെ തന്നെ കൃഷി, വ്യവസായം, ടൂറിസം, വൈദ്യുതി തുടങ്ങിയ വിവിധമേഖലകളുടെ വളർച്ചയ്ക്കും നിലനിൽപ്പിനും ജലം അത്യാവശ്യമായ ഘടകമാണ്. ഒരു വശത്ത് ധാരാളം മഴ ലഭിക്കുമ്പോഴും ആളോഹരി ജലലഭ്യതയുടെ കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും വരണ്ട സംസ്ഥാനമായ രാജസ്ഥാനേക്കാൾ നാം പിന്നിലാണ്. നമ്മുടെ ഭൂമിശാസ്ത്ര പ്രത്യേകതകളും ഘടകങ്ങളും കാരണം ലഭിക്കുന്ന മഴയെ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നതിലും ഏറെ പരിമിതികളുണ്ട്. മഴക്കാലത്ത് ജലം സമ്പന്നമാണെങ്കിലും വേനൽക്കാലത്തേക്കാവശ്യമായ ജലം ഇനിയും കൂടുതലായി കരുതേണ്ടതുണ്ട്. മൺസൂണിനെ ആശ്രയിച്ചുള്ള കൃഷി രീതികളാണ് നാം തുടരുന്നത്. മഴയിലുണ്ടാകുന്ന ഏതൊരു മാറ്റവും നമ്മുടെ ജലമാവശ്യമുള്ള മേഖലയുടെ താളം തെറ്റിക്കുന്നു.

കാലാവസ്ഥാവ്യതിയാനവും ആഗോളതാപനവുമൊക്കെ ഏറെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നത് ജലമേഖലയിലാണ്. അതിവർഷവും കാലം തെറ്റുന്ന മഴയും പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നു. നമ്മുടെ ഗ്രാമങ്ങളിൽ ലക്ഷകണക്കിനു വരുന്ന കിണറുകൾ, ധാരാളം കുളങ്ങൾ, നീരുറവകൾ, സുരംഗങ്ങൾ എന്നിവ കാണപ്പെടുന്നു. ഇവയൊക്കെ സംരക്ഷിച്ചും ജലസമൃദ്ധി വർദ്ധിപ്പിച്ചും മാത്രമേ നമുക്ക് ലക്ഷ്യം നേടാനാവുകയുള്ളു. മഴവെള്ള സംഭരണത്തിനും ഭൂജലപരിപോഷണത്തിനും വർദ്ധിച്ച സാധ്യതയാണുള്ളത്. ഈ രംഗത്ത് തമിഴ്നാട് വളരെയേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മഴവെള്ള സംഭരണമാർഗ്ഗങ്ങൾ വ്യാപിപ്പിക്കുവാൻ സർക്കാർ ഇതിനകം തന്നെ തീരുമാനിച്ചിട്ടുണ്ട്. വീടുകൾ, ഓഫീസുകൾ, ഫ്ളാറ്റുകൾ എന്നിവിടങ്ങളിൽ മഴവെള്ള സംഭരണം ഏർപ്പെടുത്തുന്നതിലൂടെ ജലക്ഷാമം പരിഹരിക്കുവാനും കുത്തിയൊലിച്ചു പോകുന്ന ജലമുണ്ടാക്കുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുവാനും കഴിയും.

ശുദ്ധമായ ജലത്തിന്റെ വിനിയോഗത്തിൽ തികഞ്ഞ അച്ചടക്കം അത്യാവശ്യമാണ്. ജലം ഉപയോഗിക്കുമ്പോൾ അവയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടുള്ള കരുതലാവശ്യമാണ്. നാം വലിച്ചെറിയുന്ന മാലിന്യങ്ങൾ മലിനപ്പെടുത്തുന്നത് നമ്മുടെ പൊതുകുടിവെള്ള സ്രോതസുകളെ കൂടിയാണ്. ജലശുദ്ധി നാം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. എല്ലാവർക്കും ശുദ്ധജലം ഉറപ്പാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ജലപരിശോധന സംവിധാനങ്ങളും പരിഹാരമാർഗ്ഗങ്ങളും വ്യാപകമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ജലം ശുദ്ധീകരിക്കുവാനുള്ള ചെലവു കുറഞ്ഞ ടെറാഫിൽ ടെക്നോളജിയും ഇപ്പോൾ നിലവിലുണ്ട്. ഇവ വ്യാപകമാക്കേണ്ടതുണ്ട്. ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പാക്കി ഒരു ജലശ്രീ കേരളം നമ്മുടെ ലക്ഷ്യമാവണം.

കാലവർഷത്തിന്റെ പടിവാതിലിലാണ് നാമിപ്പോൾ. പെയ്തെത്തുന്ന മഴയെ പരമാവധി സംരക്ഷിക്കുവാൻ നമുക്കു കഴിയണം. മഴവെള്ള സംഭരണികൾ നിർമ്മിച്ചും പറമ്പുകൾ സജ്ജമാക്കിയും മഴയെ കൂടുതലായി ശേഖരിക്കേണ്ടതുണ്ട്. നീർതടാധിഷ്ഠിത പരിപാടി പ്രകാരമുള്ള മണ്ണൊരുക്കലിന് നാം പ്രത്യേകം ശ്രദ്ധിക്കണം. കയ്യാലകൾ തീർത്തും വരമ്പുകൾ ഒരുക്കിയും വെള്ളത്തെ തടയുവാൻ ശ്രമമുണ്ടാകണം. ഓരോ വീട്ടിലും പുരയിടങ്ങളിലും മഴക്കാലത്ത് ഇത്തരം പ്രവർത്തികളാവശ്യമാണ്. മൺസൂൺ നമ്മുടെ പ്രധാന സമ്പത്താണ്. അവ പരമാവധി കരുതുവാനുള്ള വിവിധ പ്രവർത്തനങ്ങളാവശ്യമാണ്. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയ്ക്കൊക്കെ ഈ മേഖലയിൽ നിരവധി പരിപാടികൾ ഏറ്റെടുക്കുവാൻ കഴിയും.

മഴവെള്ളസംഭരണത്തിലും ഭൂജല പരിപോഷണത്തിലും നിരവധി മാതൃകകൾ സംസ്ഥാനത്തുണ്ട്. അവ പരമാവധി വ്യാപിപ്പിച്ചും പുതിയവ രൂപപ്പെടുത്തിയും ജലസുരക്ഷയെന്ന ലക്ഷ്യത്തിലേക്ക് നീങ്ങാനാവും. മഴവെള്ള സംഭരണം, ഭൂജലപരിപോഷണം, ജലശുദ്ധി ഉറപ്പാക്കൽ എന്നിവ ഉറപ്പാക്കുവാൻ വിപുലമായ പ്രവർത്തനങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇവ കൂടുതൽ വ്യാപകമാക്കുവാനുള്ള നിർദ്ദേശങ്ങളും നടപടികളും ഇതിനകം ആരംഭിച്ചിട്ടുണ്ട്. വ്യത്യസ്ത പ്രചാരണപരിപാടികളും കർമ്മപദ്ധതികളുമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ഓരോ തുള്ളി ജലവും കരുതുവാൻ നമുക്കു കഴിയണം. ആയിരം വേനൽ വന്നാലും അര മഴ വരുമ്പോൾ വേനലിനെ മറക്കുന്ന ശീലമാണ് നമുക്കുള്ളത് അവ മാറണം. മഴക്കാലം ജലം കരുതുവാനുള്ള സമയമാണ്. വേനലിന്റെ വറുതിയെ വരുതിയിലാക്കുവാൻ നമുക്കു കഴിയണം. സംരക്ഷിക്കപ്പെടുന്ന ഓരോ തുള്ളിയും നാളെയുടെ നിക്ഷേപമാണ്. ഇന്നിന്റെ ആവശ്യങ്ങൾക്കപ്പുറമുള്ള ജലനിക്ഷേപത്തിനായി കൂട്ടായ പരിശ്രമമാവശ്യമാണ്. അത്തരം പ്രവർത്തികളിൽ പങ്കെടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. അതോടൊപ്പം സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന എല്ലാപ്രവർത്തനങ്ങൾക്കുള്ള പിന്തുണയും അഭ്യർത്ഥിക്കുവാനും ഈ അവസരം ഞാനുപയോഗിക്കുന്നു.

*ജലം നമ്മുടെ ഭാവിയാണ്*
*കരുതുക ഓരോ തുള്ളിയും.*■





# ജലസമൃദ്ധിയും ജലശുദ്ധിയും ജല ഐശ്വര്യകേരളവും

**ഡോ. വി. സുഭാഷ്ചന്ദ്രബോസ്**




ഭൂമിയുടെ മൂന്നിലൊന്നു ഭാഗവും ജലമാണെങ്കിലും ലോകത്തെ ജലപ്രതിസന്ധി രൂക്ഷമാവുകയാണ്. ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കുമാവശ്യമായതിന്റെ ഏകദേശം എട്ടിരട്ടിയോളം ജലമുള്ളപ്പോഴാണ് ലോകജനസംഖ്യയുടെ മൂന്നിലൊന്നിന് ദാഹനീർ കിട്ടാക്കനിയാവുന്നത്. ജലജന്യ രോഗങ്ങൾമൂലവും ശുദ്ധജലത്തിന്റെ അഭാവവും കൊണ്ട് കുട്ടികളുൾപ്പെടെ ലക്ഷക്കണക്കിനാളുകളാണ് മരണപ്പെടുന്നത്. രണ്ടായിരത്തിഇരുപതോടുകൂടി ജലപ്രതിസന്ധിയുടെ രൂക്ഷത പതിൻമടങ്ങ് വർദ്ധിക്കുകയും രണ്ടായിരത്തി അൻപതോടുകൂടി ഗൗരവമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും വിവിധ പഠനങ്ങൾ തെളിയിക്കുന്നു. ലോക കാലാവസ്ഥാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ലോകബാങ്കിന്റെയും മറ്റു സ്ഥാപനങ്ങളുടെയും വിവിധ പഠനങ്ങളും നിരീക്ഷണങ്ങളും ഇവയെ കൂടുതൽ ബലപ്പെടുത്തുന്നു. ചൈനയും ഇന്ത്യയും ജലപ്രതിസന്ധി നേരിടുന്ന രാജ്യങ്ങളുടെ പട്ടികയിലാണുള്ളത്. ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവുമൊക്കെ ഏറ്റവും കൂടുതൽ ബാധിക്കുന്നത് ജലമേഖലയിലാണ്. മാറുന്നതും വ്യതിയാനവും ഏറ്റകുറച്ചിലുമുണ്ടാക്കുന്ന മഴ വിവിധ പ്രതിസന്ധികൾ സൃഷ്ടിച്ചേക്കാം.



## കാവുകളും കാടുജലസംഭരണികൾ

ഭാരതത്തിൽ ഈയിടെ നടന്ന ഒരു പഠനപ്രകാരം ഭൂജലസ്രോതസുകൾ വ്യാപകമായി മലിനപ്പെടുകയാണ്. ജലസേചനത്തിന്റെയും കുടിവെള്ളത്തിന്റെയും ജലവിതരണപദ്ധതികളുടെയും പ്രധാന ജലസ്രോതസായ ഭൂഗർഭജലം മലിനപ്പെടുന്നത് ഗുരുതരമായ സാമ്പത്തിക ബാധ്യതയും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കും. ജലസമ്പത്തിലുണ്ടാകുന്ന കുറവും മലിനീകരണവും നാം നേരിടുന്ന ഗൗരവമായ വെല്ലുവിളികളാണ്.

കേരളത്തിലെ കാലാവസ്ഥയിലും മഴയുടെ ലഭ്യതയിലും മാറ്റങ്ങൾ അനുഭവപ്പെടുന്നുണ്ട്. ജൂൺ മാസത്തിൽ തകൃതിയായി ലഭിക്കേണ്ട മഴയുടെ ആരംഭം സാവധാനമാകുന്നു. ഒരു പക്ഷെ എല്ലാ വർഷവും ലഭിക്കുന്നതോ അതിലധികമോ മഴ ഈ വർഷവും ലഭിച്ചേക്കാം. ശരാശരി വാർഷിക മഴയിൽ കുറവുവരാതെയുമിരിക്കാം. എന്നാൽ മഴ ദിനങ്ങളുടെയും മഴയുടെ തീവ്രതയിലും വ്യത്യാസമുണ്ടാകുന്നത് നല്ല കാര്യമല്ല. കുറഞ്ഞ സമയത്തിനുള്ളിൽ തീവ്രമായ മഴ ലഭിച്ചതുകൊണ്ട് പ്രയോജനമില്ല. ചരിഞ്ഞതും നിരവധി സൂക്ഷ്മതല ഭൗതിക പ്രത്യേകതകളുമുള്ളതുമായ കേരളത്തിൽ ധാരാളം മഴ ഒന്നിച്ചെത്തിയാൽ വെള്ളപ്പൊക്കവും ഉപരിതലനീരൊഴുക്കും വർദ്ധിക്കുകയായിരിക്കും ഫലം. താരതമ്യേന ഭൂജലശേഷി കുറഞ്ഞുവരുന്ന സംസ്ഥാനത്ത് നീണ്ട കാലയളവിൽ കുറെശ്ശെ മഴ ലഭിച്ചാൽ മാത്രമെ ഗുണകരമാവുകയുള്ളൂ.

സംസ്ഥാനത്തെ മുപ്പതോളം ബ്ലോക്കു പഞ്ചായത്തുകളിൽ ഭൂജല നിരപ്പ് ക്രമാതീതമായി കുറയുന്നതായി ഭൂജലവകുപ്പിന്റെ പഠനങ്ങൾ പറയുന്നു. ഇവയിൽ പതിനഞ്ചു ബ്ലോക്കു പഞ്ചായത്തുകളിൽ അതീവ ഗുരുതരമായ ഭൂജല ചൂഷണമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഭൂജലസമ്പത്ത് കുറയുന്നതുപോലെ തന്നെ ഉപരിതല, ഭൂജലസ്രോതസുകൾ വ്യാപകമായി മലിനമാവുകയും ചെയ്യുന്നു. മാലിന്യങ്ങൾ ഏറ്റവും കൂടുതൽ

## വീഴുന്നിടത്ത് താഴട്ടെ മഴ

നശിപ്പിക്കുന്നത് ജലസ്രോതസുകളെയാണ്. അതിനനുസൃതമായി രോഗങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. ജലസമൃദ്ധിയും ജലശുദ്ധിയുമാണ് ഭാവിയിൽ നേരിടേണ്ട പ്രധാനജലവെല്ലുവിളികൾ. കൃഷിക്കും വൈദ്യുതോൽപ്പാദനത്തിനും പ്രകൃതിയുടെ നിലനിൽപ്പിനും കുടിവെള്ളത്തിനും ആവശ്യമായ കാലയളവുകളിൽ ആവശ്യാനുസരണം ജലം ലഭ്യമാകാതെ വരുമ്പോഴാണ് പ്രതിസന്ധികളുണ്ടാകുന്നത്. തീവ്രമായ മഴ കുറഞ്ഞ കാലയളവിൽ ലഭിച്ചതുകൊണ്ടു മാത്രം പ്രയോജനപ്പെടണമെന്നില്ല. എത്ര മഴ ലഭിച്ചു എന്നതിലല്ല, എത്ര വെള്ളം സംരക്ഷിക്കുകയും ശേഖരിക്കപ്പെടുകയും ചെയ്തു എന്നതിനനുസരിച്ചാണ് ജലസുരക്ഷയുണ്ടാകുന്നത്. ഒരു ഹെക്ടർ വനഭൂമി മുപ്പതിനായിരം ചതുരശ്ര മീറ്ററും ഒരു ഹെക്ടർ വയൽ അഞ്ചുലക്ഷം ലിറ്റർ മഴയെയും ഉൾക്കൊള്ളും. ആയിരം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു പുരപ്പുറത്ത് മൂന്നുലക്ഷം ലിറ്ററും ഒരു ഹെക്ടറിൽ ഒരു കോടി ഇരുപതുലക്ഷം ലിറ്ററും മഴയാണ് പെയ്ത് വീഴുന്നത്. മഴയെ കരുതുവാനും കൈകാര്യം ചെയ്യുവാനും നാം കൂടുതലായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ലഭ്യമാവുന്ന മഴയെ പരമാവധി മണ്ണിലും ജലസംഭരണികളിലുമൊക്കെയായി സംരക്ഷിക്കുകയും ശേഖരിക്കുകയും ചെയ്യണം.

ജലസമൃദ്ധിയുടെ ഭാഗമായി പരമാവധി മഴയെ മണ്ണിൽ താഴ്ത്തണം. പുരപ്പുറങ്ങളിലെ മഴ ടാങ്കുകളിൽ ശേഖരിക്കുന്ന നിരവധി മാതൃകകൾ സംസ്ഥാ



### ജലശുദ്ധീകരണത്തിന് ടെറാഫിൽ

വീടുകളിലും സ്ഥാപനങ്ങളിലും കുടിവെള്ളത്തിനും പാചകത്തിനുമായുള്ള വെള്ളം ശുദ്ധീകരിക്കപ്പെടുവാനുള്ള ടെറാഫിൽ വാട്ടർ പ്യൂരിഫയർ. സി.സി.ഡി.യു.വിൽ നിന്ന് 750 രൂപ നിരക്കിൽ ലഭ്യമാണ്. കേന്ദ്രസർക്കാരിന്റെ കൗൺസിൽ ഫോർ ഇൻഡസ്ട്രിയൽ റിസർച്ചിന്റെ കീഴിൽ ഭുവനേശ്വറിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിനറൽസ് ആന്റ് മെറ്റിരീയോളജിക്കൽ ടെക്നോളജി എന്ന സ്ഥാപനമാണ് ടെറാഫിൽ ടെക്നോ വികസിപ്പിച്ചെടുത്തത്. വെള്ളത്തിലെ ഉപ്പിന്റെ അംശമൊഴിച്ചുള്ള കേരളത്തിൽ സാധ്യതയുള്ള എല്ലാ മലിനവസ്തുക്കളെയും ടെറാഫിൽ ശുദ്ധീകരിക്കുന്നു. കർണാടക, ബീഹാർ, ഒറീസ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വ്യാപകമായി ഇവ ഉപയോഗിച്ചുവരുന്നു. മറ്റിടങ്ങളിലും അന്തർദേശീയതലത്തിലും ടെറാഫിൽ ഇതിനകം പ്രചാരമാരംഭിച്ചിട്ടുണ്ട്. ഭുവനേശ്വറിലെ സിപെറ്റ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ് പ്ലാസ്റ്റിക് നിർമ്മിതമായ പ്യൂരിഫയർ വികസിപ്പിച്ചത്. ടെറാഫിൽ പ്ലാസ്റ്റിക് കണ്ടയിനറിൽ ഘടിപ്പിച്ച രീതിയാണുള്ളത്. വെള്ളം നേരിട്ട് മുകളിലത്തെ കണ്ടയിനറിൽ ഒഴിച്ചാൽ ടെറാഫില്ലുകളിലൂടെ താഴത്തെ കണ്ടയിനറിൽ അരിച്ചിറങ്ങും. താഴത്തെ കണ്ടയിനറിലുള്ള ടാപ്പുപയോഗിച്ച് ആവശ്യാനുസരണം ജലം എടുക്കാവുന്നതാണ്.

ടെറാഫിൽ ഫിൽട്ടർ ആവശ്യമുള്ളവർക്ക് സി.സി.ഡി.യു.വിൽ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.





## മുറ്റത്തൊരു വറ്റാത്ത കിണർ

നത്തുണ്ട്. കിണർ റീചാർജ് നല്ലൊരു ഭൂജല വർദ്ധന പ്രവർത്തനമാണ്. പുരപ്പുറങ്ങളിലെ വെള്ളം മണൽ, ചല്ലി, ചിരട്ടക്കരി എന്നിവ അടുക്കുകളായി ചേർത്തുവച്ച അരിപ്പയിലൂടെ കടത്തിവിട്ട് ശുദ്ധീകരിച്ച് ശേഖരിക്കുവാനും കിണർ റീചാർജ് ചെയ്യുവാനും ഉപയോഗിക്കാവുന്നതാണ്. കൃത്രിമ കുളങ്ങൾ നിർമ്മിച്ചും നിലവിലുള്ളവ സംരക്ഷിച്ചും മഴവെള്ളത്തെ സംഭരിക്കാവുന്നതാണ്. ഓരോ പറമ്പിലും പാടത്തുമെല്ലാം നിരവധി പ്രവർത്തനങ്ങൾ ആവശ്യമാണ്.

മഴയെത്തും മുൻപെ മണ്ണൊരുക്കണം. മഴകുഴികൾ, ട്രഞ്ചുകൾ, കയ്യാലകൾ, തടയണകൾ, അടിയണകൾ തുടങ്ങിയ വിവിധമാർഗങ്ങൾ നടപ്പിലാക്കി പരമാവധി മഴയെ ഭൂമിയിലേക്കു താഴ്ത്ത

### സൗജന്യജലഗുണനില പരിശോധനയും പരിശീലനവും ഫീൽഡ് ടെസ്റ്റ് കിറ്റും



കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ ധനസഹായത്തോടെ സംസ്ഥാന ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി.സി.ഡി.യുവിന്റെ നേതൃത്വത്തിൽ കുടിവെള്ള സ്രോതസുകളുടെ ഗുണനിലവാരം സൗജന്യമായി പരിശോധിക്കുവാൻ സംവിധാനമുണ്ട്. ജലത്തിന്റെ രാസ, ഭൗതിക ഘടകങ്ങളും ബാക്ടീരിയയുടെ സാന്നിദ്ധ്യവുമാണ് പ്രധാനമായും പരിശോധിക്കപ്പെടുന്നത്. ഫീൽഡ് ടെസ്റ്റ് കിറ്റുകളും സ്ട്രിപ്പുകളും ഉപയോഗിച്ചാണ് പ്രാഥമിക പരിശോധന നടത്തുന്നത്. അതോടൊപ്പം പരിഹാരമാർഗ്ഗങ്ങളും ലഭ്യമാണ്. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, മറ്റു സംഘടനകൾ എന്നിവർക്ക് സൗജന്യമായി ജലഗുണനിലവാരപരിശോധനയ്ക്കുള്ള പരിശീലനവും ഫീൽഡ് ടെസ്റ്റുകളും നൽകിവരുന്നു. ഒരു കിറ്റുപയോഗിച്ച് പരമാവധി നൂറ് ജലസാമ്പിളുകൾ വരെ പരിശോധിക്കാവുന്നതാണ്. കേന്ദ്ര, സംസ്ഥാനസർക്കാരുകളുടെ ഈ സംയുക്ത സംരംഭത്തിലൂടെ സംസ്ഥാനത്ത് കൂടുതൽ ജലശുദ്ധി ഉറപ്പാക്കുവാനാണ് ലക്ഷ്യമിടുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ, സി.സി.ഡി.യു., ജലവിഭവ വകുപ്പ്. പി.ടി.സി. ടവർ, ഒന്നാം നില, തമ്പാനൂർ, തിരുവനന്തപുരം - 1 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ : 0471 - 2320848, ഇ-മെയിൽ: ccdukerala@gmail.com വെബ്സൈറ്റ്: www.ccdukerala.org



**കാലവർഷമെ സ്വാഗതം മണ്ണൊരുക്കാം മനസൊരുക്കാം**

ണം. അതിലൂടെ ജലസമൃദ്ധിയും സൂക്ഷ്മകാലാവസ്ഥാ പരിപാലനവും സാധ്യമാണ്.

ജലശുദ്ധി പ്രധാനപ്പെട്ട ഒരു ഘടകമായി മാറുകയാണ്. നാം ഉപയോഗിക്കുന്ന കീടനാശിനികൾ, രാസവളങ്ങൾ, ഉപേക്ഷിക്കപ്പെടുന്ന ഖര, ദ്രവ മാലിന്യങ്ങൾ എന്നിവയെല്ലാം കൂടി ജലത്തിന്റെ ഗുണനിലവാരം നശിപ്പിക്കുകയാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇരുമ്പ്, ഫ്ളൂറൈഡ്, കലക്കൽ, കോളിഫോം ബാക്ടീരിയ എന്നിവയുടെ സാന്നിധ്യം വർദ്ധിക്കുന്നതായിട്ടാണ് കാണപ്പെടുന്നത്. പ്രാദേശിക കുടിവെള്ള സ്രോതസുകളായ കിണറുകൾ, നീരുറവകൾ, കുഴൽകിണറുകൾ എന്നിവയും മലിനപ്പെടുന്നുണ്ട്. കിണറുകളിലെ ജലനിരപ്പ് താഴുന്നതിനനുസരിച്ച് മാലിന്യ സാധ്യതകളും വർദ്ധിക്കുന്നു. കിണർ റീചാർജിംഗും കിണറുകളെ വൃത്തിയായി സൂക്ഷിക്കുന്നതും കുടിവെള്ളത്തെ മലിനരഹിതമാക്കുവാൻ സഹായിക്കും.

ജലശുദ്ധി ഉറപ്പാക്കുവാൻ വിപുലമായ ജനകീയ പങ്കാളിത്തം അനിവാര്യമാണ്. കിണറുകൾ മലിനപ്പെടാനുള്ള സാഹചര്യം ഒഴിവാക്കപ്പെടണം. കിണറുകൾക്ക് ആൾമറ, ആളോടി എന്നിവ നിർമ്മിക്കണം. കിണറുകളുടെ സമീപത്ത് കക്കൂസുകൾ, ചാണകക്കുഴികൾ, മറ്റു മാലിന്യകൂമ്പാരങ്ങൾ എന്നിവ തയ്യാറാക്കരുത്.

കുടിവെള്ളത്തിന് ജലശുദ്ധി അത്യാവശ്യമാണ്. സംശയമുണ്ടാകുന്ന സാഹചര്യത്തിൽ പരിശോധനയ്ക്കു വിധേയ

**കുളങ്ങൾ, പാറമടകൾ, ജലസംഭരണികൾ എന്നിവ സജ്ജമാക്കുക; മഴയ്ക്കായ്**

***ഓടുന്ന വെള്ളത്തെ നടത്തണം***
***നടക്കുന്നവയെ നിറുത്തണം***
***നിൽക്കുന്നവയെ ഇരുത്തണം***
***ഇരിക്കുന്നവയെ കിടത്തണം***
***കിടക്കുന്നവയെ ഉറക്കണം***
***ഭൂമിയിൽ കിനിഞ്ഞിറങ്ങുവാൻ***
***അനുവദിക്കണം***



**ഒരു ഹെക്ടർ ഭൂമിയിൽ ഒരു കോടി ഇരുപതു ലിറ്റർ പെയ്ത്തുമഴ**

മാക്കണം. ബാക്ടീരിയയുടെ സാന്നിധ്യം മനസ്സിലാക്കിയാൽ പതിനഞ്ച് മിനിറ്റുവരെയെങ്കിലും തിളപ്പിച്ച വെള്ളമേ കുടിക്കുവാൻ ഉപയോഗിക്കാവൂ. ബ്ലീച്ചിംഗ് പൗഡറുൾപ്പെടെ ചേർത്ത് ക്ലോറിനേറ്റു ചെയ്യണം. ജലം മലിനമാകുവാനുള്ള എല്ലാ സാഹചര്യവും ഒഴിവാക്കണം.

ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പാക്കി മാത്രമെ എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ. അതുപോലെ മഴയെ മാത്രം

**കിണർ റീചാർജ് ചെയ്യൂ. ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പാക്കൂ**

ആശ്രയിച്ചുള്ള കൃഷിരീതികൾ പിന്തുടരുന്ന കേരളത്തിൽ ഭക്ഷ്യസുരക്ഷ നേരിടണമെങ്കിൽ കൃത്യവും ശാസ്ത്രീയവുമായ ജലസംരക്ഷണം നടക്കണം. നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം വളരെ നിർണ്ണായകമാണ്.

പെയ്ത മഴയെ കൈകാര്യം ചെയ്തും ജല മലിനീകരണം ഒഴിവാക്കിയും മാത്രമെ ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പാക്കാനാവൂ. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, പൗരസമിതികൾ, റസിഡൻസ് അസോസിയേഷനുകൾ, മറ്റു സംഘടനകൾ എന്നിവയ്ക്ക് വിപുലമായ ഇടപെടൽ സാധ്യതകളാണുള്ളത്. മഴയെ വരവേൽക്കുവാൻ നാം സജ്ജമാകേണ്ടതുണ്ട്. വർഷത്തിൽ വിവിധഘട്ടത്തിൽ ലഭിക്കുന്ന മഴ മാത്രമാണ് വേനലിന്റെ വറുതിയെ വരുതിയിലാക്കുവാനുള്ള ഏക ജലസ്രോതസ്. അവയെ സംഭരിക്കുവാനും സംരക്ഷിക്കുവാനും ശുദ്ധമായി നിലനിർത്തുവാനും നമുക്ക് കഴിയണം. അതിലൂടെ മാത്രമെ ജലസമൃദ്ധിയും ജലശുദ്ധിയും കൂടുതലായി രൂപപ്പെടുത്താനാവൂ. ജലഐശ്വര്യ കേരളത്തിന്റെ പ്രധാനഘടകങ്ങളാണ് ജലസമൃദ്ധിയും ജലശുദ്ധിയും. ഭക്ഷ്യസുരക്ഷയുടെയും ജലസ്വാശ്രയത്വത്തിന്റെയും കുടിവെള്ളത്തിന്റെയും അടിസ്ഥാനവും അതുതന്നെ.

### ജലസമൃദ്ധിക്കും ജലശുദ്ധിക്കും സി.സി.ഡി.യുന്റെ സേവനങ്ങൾ

മഴവെള്ളസംഭരണം, ഭൂജലപരിപോഷണം, നീർത്തടാധിഷ്ഠിതവികസനപരിപാടികൾ എന്നിവയ്ക്കുള്ള സാങ്കേതിക നിർദ്ദേശങ്ങളും വിവിധനിർമ്മാണ രീതികളും മാതൃകാ പ്രവർത്തനപദ്ധതികളും സംബന്ധിച്ച വിവരങ്ങളും സി.സി.ഡി.യു.വിൽ നിന്ന് പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, വ്യക്തികൾ, വിവിധ സാമൂഹ്യ, സാംസ്ക്കാരിക സമിതികൾ എന്നിവയ്ക്ക് നൽകിവരുന്നു. താൽപര്യമുള്ളവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.■

*ലേഖകൻ ജലവിഭവ വകുപ്പ് സി.സി.ഡി.യു.വിന്റെ ഡയറക്ടറാണ്*





## സാമൂഹ്യക്ഷേമം

*പേജ് 21ൽ നിന്നും*

- വനിതാ വികസന കോർപ്പറേഷന്റെ 'റീച്ച്' ഫിനിഷിംഗ് സ്കൂൾ മുഖേന 611 ഉദ്യോഗാർത്ഥികൾക്ക് പരിശീലനവും തൊഴിലും നൽകി. പയ്യന്നൂരിൽ ഒരു ഫിനിഷിംഗ് സ്കൂൾ ആരംഭിച്ചു.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് 45 കോടി രൂപ ഈ വർഷം സ്വയം തൊഴിൽ വായ്പ നൽകും. ഇതിനുള്ള ധാരണാപത്രം കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളുമായി വനിതാ വികസന കോർപ്പറേഷൻ ഒപ്പുവച്ചു.
- 20000 വിദ്യാർത്ഥിനികൾക്കായി കരിയർ ഗൈഡൻസ് പ്രോഗ്രാം നടത്തി.
- 200 ഷീ ടോയ്‌ലറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ ഉടൻതന്നെ 23 ഷീ ടോയ്‌ലറ്റുകൾ പ്രവർത്തിച്ചു തുടങ്ങും.
- അനാഥാലയങ്ങളുടെ നിലവാരമുയർത്തുകയും സന്നദ്ധ സംഘടനകൾ നടത്തുന്ന അനാഥാലയങ്ങൾ ഉൾപ്പെടെയുള്ളവയുടെ നടത്തിപ്പിനായി സംസ്ഥാന നയം പ്രഖ്യാപിക്കുകയും ചെയ്യും.
- അനാഥാലയങ്ങളിലെ എല്ലാ അന്തേവാസികളെയും ആനുകൂല്യങ്ങൾക്കായി ബി.പി.എൽ കാറ്റഗറിയിൽ ഉൾപ്പെടുത്തും.
- ഡോക്ടർമാർ അനാഥാലയങ്ങൾ സന്ദർശിച്ച് ആരോഗ്യ സംരക്ഷണം ഉറപ്പാക്കും.
- 25 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 400 രൂപയായി വർധിപ്പിച്ചു.
- ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് 250 രൂപയിൽ നിന്ന് 525 രൂപയായി വർധിപ്പിക്കുന്നതാണ്.
- അനാഥാലയങ്ങളിൽ നിന്നും 10-ാം തരം പാസ്സാകുന്ന കുട്ടികളുടെ തുടർ പഠനം ഉറപ്പാക്കും.
- അനാഥാലയങ്ങളിലെ കുട്ടികളുടെ ഗ്രാന്റ് കാലസാമസം കൂടാതെ ലഭ്യമാക്കാൻ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുഖേന നേരിട്ട് വിതരണം ചെയ്യും.
- വൃദ്ധർ, വികലാംഗർ, കുട്ടികൾ എന്നിവർക്കായി നീക്കിവെയ്ക്കുന്ന പദ്ധതി തുക വിനിയോഗിക്കുന്നതിന് മാർഗരേഖ തയ്യാറാക്കും.
- മനോരോഗം ഭേദമായവരെ സംരക്ഷിക്കുന്നതിന് എല്ലാ ജില്ലകളിലും സംവിധാനം ഏർപ്പെടുത്തും.
- ബുദ്ധിമാന്ദ്യം ബാധിച്ചവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പിന് നിയമ നിർമ്മാണം കൊണ്ടുവരും.
- അംഗീകാരമുള്ള അനാഥാലയങ്ങൾക്ക് ഗാർഹിക കണക്ഷൻ വ്യവസ്ഥയിൽ ശുദ്ധജല വിതരണം അനുവദിക്കും.
- Destitute Certificate നൽകുന്നതിനുള്ള നടപടി ലഘൂകരിക്കും.
- പുതിയ വയോജന നയം പ്രഖ്യാപിക്കും.
- എല്ലാ നിയോജക മണ്ഡലങ്ങളിലും മാതൃകാ അംഗൻവാടികൾ സ്ഥാപിക്കും.
- അംഗൻവാടികളെ പടിപടിയായി പ്രീസ്കൂൾ ട്രെയിനിംഗ് കേന്ദ്രങ്ങളുടെ നിലവാരത്തിലേക്ക് ഉയർത്തും.
- പോഷകാഹാര നയം പ്രഖ്യാപിക്കും.
- ശ്രീചിത്ര പുവർ ഹോമിലെ 24 കുട്ടികളിൽ 22 പേർ പ്രശസ്തമായ നിലയിൽ S.S.L.C പരീക്ഷ പാസ്സായി.
- കുട്ടികളുടെയും സ്ത്രീകളുടെയും സുരക്ഷിതത്വം ഉറപ്പാക്കാനായി ജാഗ്രതാ സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തും.
- അതിക്രമങ്ങൾക്കെതിരായ ബോധവൽക്കരണം കൗൺസിലർമാർ മുഖേന കൂടുതൽ സ്ക്കൂളുകളിലേക്ക് വ്യാപിപ്പിക്കും.
- ORC- Our Responsibility to Children എന്ന ഒരു സന്നദ്ധ പ്രസ്ഥാനം എല്ലാ ജില്ലകളിലും നടപ്പാക്കുന്ന കാര്യം പരിഗണിക്കും.

### സാമൂഹ്യ സുരക്ഷാ മിഷൻ

- കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി ആരംഭിച്ചു. ഈ വർഷം 200 സർജറികൾ പൂർത്തിയാക്കും.
- ആശ്വാസ കിരണം പദ്ധതി പ്രകാരം 23000-ൽ അധികം ഗുണഭോക്താക്കൾക്ക് പ്രതിമാസം 400 രൂപ നിരക്കിൽ നൽകി വരുന്നു. ശയ്യാവലംബികളായവരെ പരിചരിക്കുന്നവർക്കുള്ള ധനസഹായമാണിത്.
- എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 2559 കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് 2000, 3000, 4000 നിരക്കിൽ ആനുകൂല്യം നൽകി.
- ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ആനുകൂല്യങ്ങൾ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകും.
- വയോമിത്രം പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കി.
- 'വിശപ്പ് രഹിത നഗരം പദ്ധതി' ഈ വർഷം തിരുവനന്തപുരം, കൊല്ലം നഗരങ്ങളിൽ നടപ്പാക്കും.
- സ്നേഹസ്പർശം-ആദിവാസി കോളനികളിലെ അവിവാഹിത അമ്മമാർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം.
- സ്നേഹപൂർവ്വം- അപകടത്തിൽ മാതാപിതാക്കൾ നഷ്ടമായ കുട്ടികൾക്ക് സംരക്ഷണം നൽകുന്ന ഒരു പദ്ധതി ആരംഭിക്കും.
- എല്ലാ വികലാംഗർക്കും ബയോമെട്രിക് തിരിച്ചറിയൽ കാർഡുകൾ നൽകും.■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

## നേട്ടങ്ങളുടെ നെറുകയിൽ കുടുംബശ്രീ

*പേജ് 11ൽ നിന്നും*

**ആശ്രയ, ഭവനശ്രീ ഗുണഭോക്താക്കൾക്ക് ആശ്വാസം**

നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന ആശ്രയ പദ്ധതി പ്രകാരം കഴിഞ്ഞ ഒരു കൊല്ലം 65 തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പദ്ധതികൾക്കായി 12.69 കോടി രൂപ ചലഞ്ച് ഫണ്ട് ഇനത്തിൽ അനുവദിച്ചു. 6226 അഗതികൾക്ക് ഇതിന്റെ ഗുണം ലഭിക്കും.

2010 മാർച്ച് വരെ നടപ്പാക്കിയ മുഴുവൻ ആശ്രയ പദ്ധതികളിലെയും ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവന ഘടക പാക്കേജുകൾ പുന:പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചു. ഇതനുസരിച്ച് 704 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുന:പരിശോധന നടത്തി. 2011-12 വർഷം 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയ പുനപരിശോധനയുടെ അടിസ്ഥാനത്തിൽ 22.46 ലക്ഷം രൂപയുടെ ചലഞ്ച് ഫണ്ട് അനുവദിച്ചു.

പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ അവർക്കു വേണ്ടി നടപ്പാക്കുന്ന പ്രത്യേക ആശ്രയ പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം 12 പ്രോജക്ടുകൾക്ക് അംഗീകാരം നൽകി. 2012-13 സാമ്പത്തിക വർഷം അർഹരായ മുഴുവൻ പട്ടികവർഗ്ഗ വിഭാഗക്കാരെയും ഉൾപ്പെടുത്തി സഹായം ലഭ്യമാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

ഭവനശ്രീ പദ്ധതി പ്രകാരം വായ്പ എടുത്ത കുടുംബശ്രീ അംഗങ്ങളുടെ തിരിച്ചടവ് ബാധ്യത സർക്കാർ ഏറ്റെടുത്തു. ഇതിനായി കുടുംബശ്രീയും ബന്ധപ്പെട്ട ബാങ്കും സർക്കാരും തമ്മിൽ ഒരു ത്രികക്ഷി കരാറിൽ ഒപ്പുവെച്ചു. അതിന്റെ അടിസ്ഥാനത്തിൽ 14 ബാങ്കുകൾക്കായി കഴിഞ്ഞ വർഷം 76.28 കോടി രൂപ നല്കി. അടുത്ത സാമ്പത്തിക വർഷം ഇതിന്റെ മൂന്നാം ഗഡു നല്കുന്നതിനായി 25 കോടി രൂപ ബജറ്റിൽ മാറ്റി വച്ചിട്ടുണ്ട്.

അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ആശ്രയ പദ്ധതിയുടെ ഘടകമായ ബഡ്സ് സ്കൂൾ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചു. പതിനൊന്ന് 'ബഡ്സ്' സ്കൂളുകൾക്ക് പുതുതായി അംഗീകാരം ലഭിച്ചു. 22 സ്കൂളുകൾക്ക് സ്വന്തമായി വാഹനം ലഭ്യമാക്കി.

കുട്ടികളുടെ ആരോഗ്യം, പോഷകാഹാരം, നേതൃത്വശേഷി, സഹകരണ മനോഭാവം തുടങ്ങിയവ കായിക-വിനോദവുമായി ബന്ധപ്പെടുത്തി പരിപോഷിപ്പിക്കുന്നതിന് പൈലറ്റടിസ്ഥാനത്തിൽ 7 ജില്ലകളിൽ ആരംഭിച്ച സമഗ്രകായികാരോഗ്യ പരിപാടി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. 22 ബ്ലോക്കുകളിലെ 139 പഞ്ചായത്തുകളിൽ ഇതിനകം പദ്ധതി പൂർത്തീകരിച്ചു.

**സംരംഭങ്ങൾക്ക് വർദ്ധിച്ച ആനുകൂല്യങ്ങൾ**

ആട്, കന്നുകാലി വളർത്തൽ എന്നിവ പരിപോഷിപ്പിക്കുന്നതിന് കുടുംബശ്രീ ആവിഷ്കരിച്ച ആട്ഗ്രാമം, ക്ഷീരസാഗരം എന്നീ ശ്രദ്ധേയമായ പദ്ധതികൾ ജില്ലയിൽ രണ്ട് പഞ്ചായത്തുകൾ എന്നതോതിൽ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. ഇതുവഴി പ്രദേശിക ക്ഷീരോത്പാദന മേഖലയിൽ വലിയൊരു കുതിച്ചുചാട്ടത്തിന് നാന്ദി കുറിച്ചിരിക്കുകയാണ്.



സൂക്ഷ്മസംരംഭങ്ങൾ തുടങ്ങുന്നവർക്കും നേരത്തേ ആരംഭിച്ച സ്വയംസംരംഭങ്ങളുടെ വൈവിധ്യവൽക്കരണത്തിനും അതാത് മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി പരിശീലനം നല്കുന്ന പരിപാടി ശക്തിപ്പെടുത്തി. ഇതിനായി കഴിഞ്ഞ കൊല്ലം 189.28 ലക്ഷം ചെലവഴിച്ചു. ഇതിനുപുറമേ നൂതന ആശയങ്ങൾ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾക്ക് 6.79 ലക്ഷം രൂപയും കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കാൻ 8.23 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 44.93 ലക്ഷം രൂപയും സംരംഭക മേഖലയിൽ അനുഭവപ്പെട്ട പ്രതിസന്ധികൾ അതിജീവിക്കുന്നതിനുള്ള അടിയന്തര സഹായമായി 287.91 ലക്ഷം രൂപയും ചെലവാക്കുകയുണ്ടായി. 750 ഗ്രൂപ്പ് സംരംഭങ്ങളും 88 വ്യക്തിഗത സംരംഭങ്ങളുമാണ് കഴിഞ്ഞ വർഷം പുതുതായി ആരംഭിച്ചത്. ഇതിന് 550.97 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചു.

വ്യക്തിഗതമായും കൂട്ടായും സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങുന്നതിന് അയൽക്കൂട്ട അംഗങ്ങൾക്ക് ധനസഹായം നല്കുന്ന പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 581 ലക്ഷം രൂപയുടെ ആനുകൂല്യമാണ് സംരംഭകർക്ക് ലഭ്യമാക്കിയത്. ഇതിനു പുറമേ കുടുംബശ്രീ അംഗത്വമുള്ള വീടുകളിലെ അഭ്യസ്ത വിദ്യരും തൊഴിൽരഹിതരുമായ യുവതീ യുവാക്കൾക്ക് തൊഴിൽ അവസരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച യുവശ്രീ പദ്ധതി പ്രകാരം 66.52 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്.

**എം.ഐ.എസ്, ഓൺലൈൻ മോണിറ്ററിംഗ്**

കുടുംബശ്രീ പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ മോണിറ്ററിംഗിന് സി-ഡാക്കിന്റെ സാങ്കേതിക സഹായത്തോടെ സജ്ജീകരിച്ച വെബ് അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ (എം.ഐ.എസ്) സംവിധാനത്തിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞത് മറ്റൊരു പ്രധാന നേട്ടമാണ്. അയൽക്കൂട്ടം മുതൽ സംസ്ഥാന മിഷൻ വരെ എല്ലാ തലങ്ങളിലും സുതാര്യമായി ഓൺലൈൻ മോണിറ്ററിംഗ് സാധ്യമാകും വിധമാണ് എം ഐ എസ് സജ്ജീകരിച്ചിരിക്കുന്നത്.

കുടുബശ്രീയിലൂടെ നടപ്പാക്കിയ നഗര ചേരിനവീകരണ പദ്ധതികൾ കഴിഞ്ഞ കൊല്ലം ദേശീയ തലത്തിൽ ശ്രദ്ധയും അംഗീകാരവും പിടിച്ചുപറ്റി. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കിയ വിവിധ പദ്ധതികളിൽ തിരുവനന്തപുരം നഗരചേരികളിൽ 6,013 വീടുകളുടെയും കൊച്ചി പ്രോജക്ടിൽ 5,334 വീടുകളുടെയും നിർമ്മാണം ഇതിനകം പൂർത്തിയാക്കി. തിരുവനന്തപുരം നഗര







സഭയിലെ ഹാർബർ വാർഡിൽ മതിപ്പുറം ചേരിയുടെ വികസനത്തിനായി സമർപ്പിച്ച പൈലറ്റ് പദ്ധതി പ്രകാരം നടപ്പുവർഷം 1,032 കുടുംബങ്ങൾക്ക് വീടും മറ്റു ഭൗതിക സാമൂഹിക പശ്ചാത്തല സൗകര്യങ്ങളും സജ്ജീകരിക്കുന്നതിന് 71.86 കോടി രൂപയുടെ പ്രോജക്ട് അംഗീകരിച്ചു കിട്ടി.

ചാവക്കാട് നഗരസഭയിൽ കേന്ദ്ര സർക്കാരിന്റെ ഐ.എച്ച്.എസ്.ഡി.പി. പ്രകാരം കുടുംബശ്രീ നടപ്പാക്കിയ ഭവന പദ്ധതിയിൽ കെട്ടിട രൂപകല്പന, കെട്ടിട നിർമ്മാണത്തിനുള്ള വിഭവ സമാഹരണം ഗുണഭോക്തൃ വിഹിത ശേഖരണം അനുമതി സമ്പാദനം നിർമ്മാണ പരിശോധന, മേൽനോട്ടനിർവ്വഹണം എന്നിവയിൽ സ്ത്രീനേതൃത്വം വിന്യസിക്കുകവഴി കുടുംബശ്രീ സിഡിഎസ് സൃഷ്ടിച്ച അനുകരണീയ മാതൃകയാണ് കേരളത്തെ ഇക്കൊല്ലം ഹഡ്കോ അവാർഡിന് അർഹമാക്കിയത്. സാമൂഹിക സംഘടനാ സംവിധാനത്തിലൂടെ നഗര ചേരിനവീകരണ പ്രവർത്തനം ജനകീയമാക്കുന്നതിനും സ്ത്രീകളുടെ നേതൃത്വശേഷി പ്രയോജനപ്പെടുത്തുന്നതിലും കുടുംബശ്രീ കാട്ടിയ മികവിനെ ഹഡ്കോയും കേന്ദ്ര സർക്കാരും അഭിനന്ദിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളായ സുവർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (എസ്സ്.ജെ.എസ്സ്.ആർ.വൈ), സംയോജിത പാർപ്പിട ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി), ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുടെ നാലാമത്തെ ഘടകമായ നഗരങ്ങളിലെ പാവപ്പെട്ടവർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ (ബി.എസ്.യു.പി), രാജീവ് ആവാസ് യോജന (RAY) -ചേരി രഹിത നഗരാസൂത്രണ കർമ്മ പരിപാടി (SFCPoA) എന്നിവയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി സർക്കാർ കുടുംബശ്രീയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

**പട്ടികജാതി, പട്ടികവർഗ സംവരണം**

കുടുംബശ്രീയുടെ എഡിഎസ്, സിഡിഎസ് തെരഞ്ഞെടുപ്പുകളിൽ നിയമാവലി പരിഷ്ക്കരിച്ച് ഇതാദ്യമായി ഇക്കൊല്ലം ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിലേക്ക് അംഗസംഖ്യാനുപാതികമായി പട്ടികജാതി, പട്ടികവർഗ്ഗ സംവരണം ഏർപ്പെടുത്തിയത് സാമൂഹിക നീതി ഉറപ്പു വരുത്തുക എന്ന ദൃഢനിശ്ചയത്തോടെയാണ്. സമയബന്ധിതമായും സുതാര്യമായും ജനാധിപത്യ രീതിയിൽ സംഘടനാ സംവിധാനത്തിന്റെ എല്ലാ തലങ്ങളിലും തെരഞ്ഞെടുപ്പ് പൂർത്തിയാക്കാനായി എന്നതുപോലെതന്നെ പ്രശംസനീയമാണ്, തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ ഭാരവാഹികൾക്കും സമയബന്ധിതമായി പരിശീലനം നല്കാനായതും.

**നിർഭയ പദ്ധതി സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക്**

കേരളത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും അന്തസ്സായി ജീവിക്കാനും നിർഭയം സഞ്ചരിക്കാനുമുള്ള സാഹചര്യം ഉണ്ടാകുംവരെ തന്റെ വകുപ്പിന് വിശ്രമമില്ല എന്ന് കോഴിക്കോട് നടന്ന തന്റേടം ജെൻഡർ ഫെസ്റ്റിന്റെ സമാപന സമ്മേളനത്തിൽ മന്ത്രി ഡോ. കെ.എം. മുനീർ നടത്തിയ പ്രസ്താവനയുടെ അന്തസ്സത്ത ഉൾക്കൊണ്ട് നിർഭയ പദ്ധതിയുടെ ലക്ഷ്യവും ദൗത്യവും സമൂഹത്തിന്റെ താഴേതലം മുതൽ പ്രാവർത്തികമാക്കാൻ കുടുംബശ്രീ വിപുലമായ ഒരുക്കങ്ങൾ ചെയ്തു കഴിഞ്ഞു. ഇതിനായി കുടുംബശ്രീ പ്രത്യേക കൈപുസ്തകം തയ്യാറാക്കി. വിവിധ തലങ്ങളിൽ വിപുലമായ പരിശീലന പരിപാടികൾ നടന്നു വരികയാണ്. ഇതിനകം പരിശീലനത്തിൽ പങ്കെടുത്ത 77 പഞ്ചായത്തുകൾ കർമ്മപരിപാടികളുടെ രൂപരേഖ തയ്യാറാക്കി കഴിഞ്ഞു.

സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ ഭാഗമായി ഹെൽത്ത് റിസോഴ്സ് മാപ്പിംഗ്, സ്ത്രീ സൗഹൃദ ഗ്രാമം എന്ന ലക്ഷ്യത്തോടെ ക്രൈം മാപ്പിംഗ്, പ്രോസസ് ഡോക്യുമെന്റേഷൻ എന്നിവയുടെ പ്രഥമഘട്ട പ്രവർത്തനങ്ങൾ എന്നിവയും ഇക്കാലയളവിൽ നടന്നു. കുടുംബശ്രീക്ക് സംസ്ഥാന ബജറ്റിൽ നിന്നുള്ള വിഹിതം 45 കോടി രൂപയിൽ നിന്ന് നടപ്പുവർഷം 84.17 കോടി രൂപയായി വർദ്ധിപ്പിച്ചാണ് ഐക്യജനാധിപത്യ മുന്നണി സർക്കാർ സ്ത്രീശാക്തീകരണത്തിൽ അതിന്റെ പ്രതിബദ്ധതയും കുടുംബശ്രീയോടുള്ള പ്രതിപത്തിയും വ്യക്തമാക്കിയിരിക്കുന്നത്. ഇതിനു പുറമേ ഭവനശ്രീ പദ്ധതിക്ക് 25 കോടി രൂപയും കോഴിക്കോട് സ്ഥാപിക്കുന്ന ജെൻഡർ പാർക്കിന് ആറു കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**അവാർഡ് തുക വർദ്ധിപ്പിച്ചു**

പ്രവർത്തന മികവ് പുലർത്തുന്ന സിഡിഎസുകൾക്ക് സ്വരാജ് മാതൃകയിൽ നൽകുന്ന പ്രോത്സാഹന അവാർഡ് തുക 2011-12 വർഷം മുതൽ വർദ്ധിപ്പിച്ചു. സംസ്ഥാനതല മികച്ച സിഡിഎസുകൾക്ക് 2,75,000 രൂപയും, ജില്ലാ തല



മികച്ച സിഡിഎസുകൾക്ക് 75,000 രൂപയുമാണ് വർദ്ധിപ്പിച്ച അവാർഡ് തുക. 2011 - 2012 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 94 ലക്ഷം രൂപ വിനിയോഗിച്ചു.

രാജ്യത്തിനാകെ മാതൃകയാകുംവിധം നൂതനമായ പദ്ധതികളിലൂടെ, സുസ്ഥിരമായ പരിശ്രമങ്ങളിലൂടെ, സുതാര്യമായ പ്രവർത്തന ശൈലിയിലൂടെ കുടുംബശ്രീ കഴിഞ്ഞ വർഷം കൈവരിച്ച നേട്ടങ്ങളും വിജയവും അംഗീകാരവും വരുംവർഷങ്ങളിലും തുടരാൻ കഴിയുംവിധം മുന്നേറുകയാണ് ഈ സ്ത്രീ കൂട്ടായ്മയുടെ മഹത്തായ യാത്ര.■

*ലേഖകൻ കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷനിൽ പബ്ലിക് റിലേഷൻസ് ആഫീസറാണ്.*

ലിപിൻ രാജ് എം.പി.



# സേവനാവകാശ നിയമം

## ഭരണ ചക്രത്തിന്റെ അകവും പുറവും സുതാര്യമാകുമ്പോൾ

ഞാൻ രാജവീഥിയിൽ മരം നട്ടുപിടിപ്പിക്കുന്നത് അവയുടെ എണ്ണം കൂട്ടാനോ, തടികളുടെ ലാഭകണക്കോ ഓർത്തിട്ടല്ല. സസ്യകുലത്തിന്റെ അനുഗ്രഹമോ, പ്രകൃതി ഭംഗിയോ വിചാരിച്ചല്ല ഓരോ തൈച്ചെടിയിലും ഞാൻ ഈ വീഥിയിൽ നിൽക്കുന്നവയെ ജലമിറ്റിച്ചു നനയ്ക്കുന്നത്. അവയെന്റെ പ്രജകൾക്കു നൽകുന്ന തണലാണ് അവയുടെ പ്രാഥമിക കർത്തവ്യം. ബാക്കിയെല്ലാം പിന്നീടേ വരൂ.

*- അശോക ചക്രവർത്തി*

അഴിമതി വിരുദ്ധസമരങ്ങളും ലോക് പാൽ വിമർശനങ്ങളും ഭരണതലങ്ങളെ സ്വാധീനിക്കുമ്പോൾ കേരളം സുസ്ഥിര ഭരണ ക്രമത്തിൽ ഒട്ടും വിട്ടുവീഴ്ച വരുത്താൻ ഒരിക്കലും തയ്യാറായിട്ടില്ലെന്നതാണ് ചരിത്രം. കേന്ദ്രപദ്ധതികൾ കാര്യക്ഷമമായി നടത്തിയെടുത്ത്, മനുഷ്യവിഭവശേഷിയെ പരമാവധി പ്രയോജനപ്പെടുത്തുന്ന ഭരണ ചക്രത്തിന്റെ അലകും പിടിയും നിരന്തരം മിനുക്കിയെടുക്കുന്നതിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുൻപന്തിയിലാണ് എന്നും കേരളം. വിവരസാങ്കേതികതയെ ഭരണമേഖലയിൽ കാര്യക്ഷമമായി ഇത്രമേൽ ഉപയോഗിച്ച മറ്റൊരു സംസ്ഥാനം ഉണ്ടായിട്ടുണ്ടോയെന്നുതന്നെ സംശയിക്കാനിടതരാത്ത നിലയിലാണ് ഭരണസുതാര്യതയിൽ കേരളത്തിന്റെ നിൽപ്. പേപ്പർലെസ് (കടലാസ് രഹിത) വകുപ്പുകൾക്ക് തുടക്കം കുറിച്ച ധനകാര്യ മേഖലാസ്ഥാനം ഉൾപ്പെടുന്ന സെക്രട്ടറിയേറ്റ് തന്നെ ഉദാഹരണം. 'ചുവപ്പുനാട'യെന്ന പദത്തിന്റെ പര്യായങ്ങൾ ഒട്ടേറെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് പരിചിതമാണെങ്കിൽ കേരളത്തിലതിന് അന്ത്യം കുറിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഏറെക്കുറെ പേപ്പർ ഫയലുകളിൽ നിന്നും കമ്പ്യൂട്ടർ വേഡ് ഫയലുകളിലേക്കും ഇ-മെയിലുകളിലേക്കും ടെക്സ്റ്റ് മെസേജുകളിലേക്കും കേരളത്തിലെ ഭരണരംഗവും സിവിൽ സർവ്വീസും മാറിക്കഴിഞ്ഞിരിക്കുന്നു. വിവരാവകാശ നിയമം കൃത്യനിഷ്ഠയോടെ നടപ്പിലാക്കിയ കേരളത്തിലെ ഭരണചക്രത്തിനെ സുതാര്യമാക്കുന്ന സേവനാവകാശ നിയമത്തിന്റെ ഉൾചർച്ചകളിലാണ് മാധ്യമങ്ങളിന്ന്. സേവനാവകാശ നിയമം ഭരണതലത്തിന്റെ മുഖച്ഛായ തന്നെ മാറ്റുമെന്നാണ് മാധ്യമ സൂചനകൾ. വിരൽചൂണ്ടലുകളും നിരീക്ഷണങ്ങളും വെളിവാക്കുന്നതും അതുതന്നെ.

വിവരം പൗരന് ലഭ്യമാക്കുന്നതിന് മാത്രമാണ് വിവരാവകാശ നിയമത്തിന്റെ പ്രയോജനമെങ്കിൽ അതു നടപ്പിലാക്കാനുള്ള ചുമതല ഉറപ്പുവരുത്തുന്ന സേവനാവകാശ നിയമം വിവരാവകാശ നിയമത്തിന്റെ പരിമിതികളെയും മറികടക്കും. ബാങ്കിംഗ് കോഡ് & എത്തിക്സ് അനുസരിച്ച് ഇന്ത്യയിലെ ബാങ്കുകൾ നിലവിൽ സേവനാവകാശത്തിന്റെ പരിധിയിലാണ് പ്രവർത്തിക്കുന്നത്. ഉദാഹരണത്തിന് പുതിയ ബാങ്ക് അക്കൗണ്ട് തുറക്കാനും ഡിഡി എടുക്കാനും ചെക്ക് വിതരണത്തിനുമെല്ലാം ബാങ്കുകൾക്ക് വ്യക്തമായ സമയപരിധിയുണ്ട്. സംസ്ഥാന സിവിൽ സർവ്വീസ് സാങ്കേതികവിദ്യയെ ഓരോ തട്ടിലും പരമാവധി പ്രയോജനപ്പെടുത്തുന്നതിനാൽ സേവനാവകാശ നിയമത്തിന്റെ വരവോടെ ചിത്രം മാറിമറിയുമെന്ന് തീർച്ച. ഓരോ സർക്കാർ വകുപ്പുകളിൽ നിന്ന് പൗരന് ലഭിക്കേണ്ട സേവനങ്ങളും അത് നൽകാനെടുക്കുന്ന സമയപരിധിയും നിശ്ചിതപ്പെടുത്തി, പൗരന്മാരിലേക്ക് എത്തിക്കുകയാണ് നിയമത്തിന്റെ ആദ്യപടി. ഉദാഹരണത്തിന് വില്ലേജ് ഓഫീസിൽ നിന്നും വസ്തുവിന്റെ കുടിക്കിട സർട്ടിഫിക്കറ്റ് ലഭിക്കാൻ കർഷകനായ രമേശൻ നായർ അപേക്ഷ നൽകിയെന്നിരിക്കട്ടെ, എത്ര ദിവസം മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് നൽകാൻ റവന്യൂ വകുപ്പ് എടുക്കുമെന്നും അതു നൽകാത്ത പക്ഷം ബന്ധപ്പെട്ട അധികാരി പിഴ നൽകുകയും ചെയ്യുന്ന തരത്തിലാണ് സേവന പരിധി (Service delivery and Extention limit)യും അവകാശവും നിശ്ചയിക്കപ്പെടുക. കൂടാതെ സേവനാവകാശ നിയമമനുസരിച്ച് അപേക്ഷകന് എത്രനാൾ അപേക്ഷയിൻ മേലുള്ള സേവനം ലഭ്യമാകുമെന്ന കാര്യം അപേക്ഷ നൽകുമ്പോൾ തന്നെ അറിയാനും കഴിയും. അപേക്ഷ സ്വീകരിച്ചു കഴിഞ്ഞാലുടൻ അതു ഇലക്ട്രോണിക് രൂപത്തിലേക്ക് മാറ്റി ഇ-മെയിൽ, എസ്.എം.എസ് എന്നിവ വഴി തുടർസേവനങ്ങൾ അറിയിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടെങ്കിലും വിവരസാങ്കേതികതയുടെ സ്വാധീനം താഴെ തട്ടിൽ വരെ എത്താത്തത് ഇതിന് തടസ്സമാകാനിടയുണ്ട്. എന്നാൽ നിലവിൽ തന്നെ സർക്കാർ വകുപ്പുകളും, പ്രത്യേകിച്ചും ഭരണഘടനാ സ്ഥാപനമായ പി.എസ്.സി പോലും പരീക്ഷാസംബന്ധ അറിവുകൾ എസ്.എം.എസ്, ഇ-മെയിൽ വഴി അറിയിക്കുന്നതിന് രീതീകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഭരണഭാഷ മലയാളമാക്കുക. മലയാളം കമ്പ്യൂട്ടിംഗ്, മലയാളം ഫോണ്ട് തുടങ്ങി ബില്ലിംഗ് മേഖലയിൽ ഇലക്ട്രിസിറ്റി ബോർഡ് ആവിഷ്കരിച്ച അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുകൾ വരെ ഈ സ്വാധീനത്തിന്റെ തെളിവുകളാണ്.

പൗരാവകാശരേഖ (Citizen charter) പ്രസിദ്ധീകരിക്കുകയെന്നത് ഇന്ത്യൻ ഭരണതലത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 5 വർഷങ്ങളിൽ നേരിടേണ്ടി വന്ന പ്രധാനവെല്ലുവിളിയായിരുന്നു. ഇന്ത്യയിൽ ധനകാര്യസ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഗവൺമെന്റ് സ്വതന്ത്ര സ്ഥാപനങ്ങളുമായിരുന്നു ഇക്കാര്യത്തിൽ വഴികാട്ടി. വരാൻ പോകുന്ന സേവനാവകാശനിയമം വിവരാവകാശ നിയമത്തെക്കാൾ താഴെത്തട്ടിലുള്ളവർക്ക് വൻതോതിൽ സഹായമാകും. ഇ-ഗവേണൻസ് മാതൃകയാക്കിട്ടുള്ള വകുപ്പുകളിൽ നിന്ന് സഹായങ്ങളും സേവനങ്ങളും താഴേത്തട്ടിൽ വരെ എത്തിക്കാൻ സേവനാവകാശ നിയമത്തിന് കഴിയും. ഏതെങ്കിലും വിധത്തിൽ സേവനം നൽകുന്ന കാര്യത്തിൽ ശുഷ്ക്കതക്കുറവോ തടസ്സമോ, വീഴ്ചയോ ഉണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ദിവസമൊന്നിന് 500 രൂപ പിഴ ചുമത്തുന്നതാണ് കരടുനിയമത്തിലെ പ്രധാന ശുപാർശ. പരമാവധി പിഴയാവട്ടെ 5000 രൂപയായും നിജപ്പെടുത്തിട്ടുണ്ട്. വിവരാവകാശനിയമത്തിന്റെ മറപറ്റി ഒട്ടേറെ പേർ ഈ നിയമത്തിന്റെ നല്ല വശങ്ങളെ ദുരുപയോഗപ്പടുത്തിയതിനാൽ വീഴ്ച വരുത്തിയെന്ന് ആരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥന് പിഴ വിധിച്ചാൽ അദ്ദേഹത്തിനും ശിക്ഷയ്ക്കെതിരെ അപ്പീൽ നൽകാനുമുള്ള അവസരവും സേവനാവകാശനിയമത്തിലുണ്ട്.

പഞ്ചായത്ത് തലത്തിൽ ഒരു ഫയലായി മാറുന്ന നിവേദനം സെക്രട്ടറിയേറ്റിലെത്തുമ്പോൾ ആറും ഏഴും ഫയലായി രൂപാന്തരപ്പെടുന്നുവെന്ന ആരോപണത്തിന് സെക്രട്ടറിയേറ്റിനൊപ്പം തന്നെ പഴക്കമുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകളും ജീവനക്കാരുടെ ദൗർലഭ്യതയുമാണ് മിക്ക ഭരണസിരാകേന്ദ്രങ്ങളുടെയും ശാപം. ഫയൽ ബോധപൂർവ്വം വച്ചുതാമസിപ്പിക്കുക, അനാവശ്യമായ നിർദ്ദേശങ്ങളും രേഖകളും ആവശ്യപ്പെടുക തുടങ്ങിയവയ്ക്കും സേവനാവകാശനിയമം അന്ത്യം കുറിക്കുമെന്നാണ് പ്രതീക്ഷ. സോഷ്യൽ ഓഡിറ്റിംഗിനും കടലാസ് രഹിത വകുപ്പിനും തുടക്കമിട്ട കേരള സിവിൽ സർവ്വീസിൽ ജീവനക്കാരുടെ സഹായത്തോടെ, വിവര സാങ്കേതികവിദ്യയെ പരമാവധി ചൂഷണം ചെയ്താൽ മാത്രമേ സേവനാവകാശ നിയമം വിജയിക്കൂ. പല സർക്കാർ പദ്ധതികളും ഗുണഭോക്താക്കളുടെ അടുക്കലെത്താതെ പോകുന്നതിനൊരു അന്ത്യമുണ്ടാക്കാൻ സേവനാവകാശ നിയമത്തിന് കഴിയും. ഇ-ഗവേണൻസ്, ഐസിടി എന്നിവയുടെ വ്യാപനവും സേവനാവകാശനിയമത്തിന് കരുത്തേകും.

കേരളത്തിൽ പഞ്ചാത്തുകളിലും നഗരസഭകളിലും ഏർപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് കൗണ്ടറുകളിലൂടെ നടത്തിയ വിപ്ലവകരമായ പരീക്ഷണം ജീവനക്കാരും ഏറ്റെടുത്തതോടെ ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്ന ഫയലുകളും പാമ്പും എലിയും പാറ്റയും സ്ഥിരവാസികളായിരുന്ന ഫയൽ കൂമ്പാരങ്ങളും അപ്രത്യക്ഷമാവാൻ തുടങ്ങി. റവന്യൂ വകുപ്പിൽ രേഖകളുടെ ഡിജിറ്റലൈസേഷനോടൊപ്പം സേവനങ്ങൾ നൽകുന്നതിന് കൃത്യനിഷ്ഠയും വരുത്തിയതോടെ പരാതികൾ ഒട്ടൊക്കെ കുറഞ്ഞു. പുതിയ ബില്ലിംഗ് സോഫ്റ്റ്‌വെയറിലൂടെ കെ.എസ്.ഇ.ബിയും ഓൺലൈൻ ടിക്കറ്റ് റിസർവേഷനിലൂടെ കെ.എസ്.ആർ.ടി.സി.യും 1908 ടോൾഫ്രീ നമ്പരിലൂടെ സാമൂഹ്യക്ഷേമവകുപ്പും മാറ്റത്തിന്റെ വക്താക്കളായി മാറിയെന്നതാണ് സത്യം. ചുരുക്കത്തിൽ ഫ്രണ്ട് ഓഫീസ് കൗണ്ടറുകളിൽ തുടങ്ങിയത് വെറും മുഖം മിനുക്കൽ മാത്രമല്ല സേവനങ്ങൾ നൽകുന്നതിനുള്ള ബാദ്ധ്യതയും ചുമതലയും വകുപ്പുകളുടെമേൽ അരക്കിട്ടുറപ്പിക്കുന്നതിനുള്ള ഇ-ഗവേണൻസ് നടപടികളായിരുന്നു വെന്ന് സിവിൽ സർവ്വീസ് തിരിച്ചറിഞ്ഞു. 'വഴിവിളക്കു കത്തുന്നില്ല.' എന്ന് വിളിച്ചു പറഞ്ഞാൽ ഫോൺ എടുക്കാതെയോ, ഫോൺ ക്രാഡിലിൽ നിന്ന് മാറ്റിവെച്ചോ അവഗണിച്ചിരുന്ന കെ.എസ് ഇ.ബി പോലും പുതുവെളിച്ചത്തിന്റെയും ഐ.ടി. നിലാവിന്റെയും വെട്ടത്തിലാണിപ്പോൾ നീങ്ങുന്നത്, മറ്റു വകുപ്പുകൾക്ക് വഴിവെളിച്ചമായി തന്നെ.

ലോക്പാൽ പൗരനുനേരിട്ട് ബ്യൂറോക്രസിയുമായി ഇടപെടാനുള്ള അവസരങ്ങൾ തരുന്നുവെങ്കിൽ, സേവനാവകാശം അവന്റെ ചക്രവാളത്തെ വിപുലമാക്കുന്നുണ്ട്. ഉദാഹരണത്തിന് നീതീന്യായ വിഭാഗം ലോക്പാലിൽ പുറത്താണെങ്കിലും സംസ്ഥാനങ്ങളാണ് സേവനാവകാശം നടപ്പിലാക്കുകയെന്നതിൽ കീഴ്ക്കോടതികളെയും നിയമവകുപ്പിനെയും മറ്റനുബന്ധ നിയമസ്ഥാപനങ്ങളെയും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കും. ഹൈക്കോടതികൾ, സുപ്രിം കോടതി തുടങ്ങിയ മേൽത്തട്ടിലുള്ള നീതിന്യായ മേഖലകളിലല്ല, മറിച്ച് കീഴ്ക്കോടതികളിലാണ് സേവനങ്ങൾ നൽകുന്നതിലെ വീഴ്ച കൂടുതലും അഴിമതി കൂടുതലുമെന്ന് ജസ്റ്റിസ് എസ്.പി. ബറൂവ്വയുടെ നീരീക്ഷണവും ഇതിനോടു ചേർത്തു വായിക്കാം. സേവനാവകാശ നിയമം, ഒരിക്കലും അധികാര പരിധിയിലോ, സ്വതന്ത്ര നിലനില്പിലോ ഉള്ള കടന്നുകയറ്റമല്ലാത്തതിനാൽ കീഴ്കോടതികൾക്കും അവ ഒരു അധികാര കടന്നുകയറ്റമായി കാണാൻ കഴിയില്ല. നീതി സേവനം വേഗത്തിൽ ഉറപ്പുവരുത്താൻ ദേശീയ തലത്തിൽ തന്നെ ശ്രമങ്ങൾ ആരംഭിച്ചിട്ടുള്ളത് ഇതിനോട്കൂട്ടിവായിക്കാം. വിവരാവകാശനിയമത്തിൽ പരാതിപ്പെടുന്ന പൗരൻമ്മാർക്കു നേരെ വധശ്രമവും കൊലപാതകങ്ങളും തുടർസംഭവങ്ങളായതോടെ, നിയമത്തിൻ കീഴിൽ വിവരം തേടുന്നവരെ സംരക്ഷിക്കാൻ സർക്കാർതലത്തിൽ വിസിൽ ബ്ലോവേഴ്സ് ബിൽ(Whistle blowers bill) കൊണ്ടുവന്നിരുന്നു. സേവനാവകാശ നിയമം നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളിൽ ആദ്യത്തേത് ഇത്തരത്തിൽ വിവരാവകാശനിയമത്തിന്റെ തുടക്കത്തിലുണ്ടായ വീഴ്ചകളാണ്. നിയമത്തെക്കുറിച്ച് ബോധ്യമില്ലാതിരുന്ന ഉത്തർപ്രദേശിലെ ചില ഓഫീസർമാർ അപേക്ഷ സ്വീകരിക്കാൻ കൂട്ടാക്കിയതേ ഇല്ലത്രേ. അപേക്ഷ സ്വീകരിച്ചാൽ മാത്രം മറുപടി നൽകിയാൽ മതിയല്ലോ ! സേവനാവകാശനിയമവും ഉദ്യോഗസ്ഥസമൂഹത്തെ ബോധപൂർവ്വം പ്രതിക്കൂട്ടിലാക്കാനോ, വ്യക്തിവിരോധം തീർക്കാനോ ഉപയോഗപ്പെടുത്താതെ നോക്കേണ്ടതുണ്ട്. അതോടൊപ്പം സേവനാവകാശനിയമത്തിന്റെ ഗുണഫലം ലഭിക്കാൻ അപേക്ഷിക്കുന്ന പൗരന്റെ ജീവനുള്ള സംരക്ഷണവും വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാനുള്ള ബാധ്യതയും സിവിൽ സർവ്വീസിനുമുണ്ട്. സർവ്വീസ് സംഘടനകളുടെ സഹായമുണ്ടെങ്കിൽ മാത്രമേ കൃത്യമായ അവബോധം രൂപപ്പെടുത്താൻ കഴിയൂ.

ഇ-ഗവേണൻസ് നടപ്പിലാക്കിയ കാലത്തു തന്നെ പ്ലാനിംഗ് കമ്മീഷൻ സേവനാവകാശ നിയമത്തേയും പിപിപി (പബ്ലിക് പ്രൈവറ്റ് പാർട്ട്നർഷിപ്പ്) മോഡലിൽ നടപ്പിലാക്കുന്ന രീതി വിശദമായി ചർച്ച ചെയ്തിരുന്നു. സർവ്വീസ് ഡെലിവറി മൊഡ്യൂൾ ത്രൂ പ്രൈവറ്റ്/ഔട്ട് സോഴ്സ്ഡ്/എജൻസീസ് (Service delivery module through Private/outsourced Agencies) എന്ന പ്രയേഗം പോലും ഇടക്കാലത്ത് വിവാദത്തിലകപ്പെട്ടിരുന്നു. സർക്കാരിലേക്ക് ലഭിക്കുന്ന പൗരന്റെ വിവരങ്ങളും, അതിനുള്ള ഉത്തരങ്ങളും ഭരണവസ്തുതകളും സ്വകാര്യ ഏജൻസികൾക്ക് നൽകുന്നത് സുരക്ഷാപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് അന്ന് ആരോപണം ഉയർന്നിരുന്നു. എന്നിരുന്നാലും വികസിതരാജ്യങ്ങൾ ഇ-ഗവേണൻസിലും സേവനാവകാശവിതരണത്തിലും പിപിപി മോഡലാണ് വിജയകരമായി പിന്തുടരുന്നത്. സ്വകാര്യവിവരങ്ങൾ ഫെയ്സ് ബുക്കിൽ പ്രസിദ്ധപ്പെടുത്താമെങ്കിൽ പിന്നെന്ത് സ്വകാര്യതയെന്നാണവരുടെ ചോദ്യം. ■

അസൈനാർ

# മീനങ്ങാടി ഗ്രാമപഞ്ചായത്ത്

# ഒരുമയോടെ മികവിലേക്ക്

## (പങ്കാളിത്ത ബഡ്ജറ്റും സമഗ്ര വികസനവും)

അധികാര വികേന്ദ്രീകരണത്തിന്റെ അനന്തസാധ്യതകൾ ഒരു ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി എങ്ങനെ ഉപയോഗപ്പെടുത്താമെന്ന ചിന്തയുടെ അടിസ്ഥാനത്തിൽ 12-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി, മീനങ്ങാടി ഗ്രാമപഞ്ചായത്ത് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ അക്കാദമിക് വിഭാഗത്തിന്റെ സഹായത്തോടെ ഒരുമയോടെ മികവിലേക്ക് എന്ന പേരിൽ പങ്കാളിത്ത ബഡ്ജറ്റും സമഗ്ര വികസനപദ്ധതിയും തയ്യാറാക്കി നടപ്പിലാക്കാൻ ലക്ഷ്യമിട്ടു.

ഇതിനായി 2011 ഡിസംബർ 16ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും വിവിധ മേഖലകളിലെ വിദഗ്ധരുടെയും യോഗം ചേർന്ന് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ട സംഘടനാ സംവിധാനങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കി. തുടർന്ന് പഞ്ചായത്ത് ഭരണസമിതി ഒരുമയോടെ മികവിലേക്ക് എന്ന പദ്ധതിക്കും ഇതിന്റെ നടത്തിപ്പിനുള്ള സംഘടനാ സംവിധാനത്തിനും അംഗീകാരം നൽകി. ഭരണസമിതി 17 വർക്കിംഗ് ഗ്രൂപ്പിന് രൂപം നൽകി.

### വർക്കിംഗ് ഗ്രൂപ്പ്

നാളിതുവരെ 12 വർക്കിംഗ് ഗ്രൂപ്പുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഈ പരിപാടിയുടെ ഭാഗമായി വയോജനം, ഭിന്നശേഷി വിഭാഗം, നഗരവികസനം, കുട്ടികളുടെ വികസനം, ധനകാര്യ സഹകരണം, വനവികസനം എന്നിങ്ങനെ പുതിയ മേഖലകൾ ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. 7 മുതൽ 24 വരെ അംഗങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളിൽ ഉണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിന്റെയും പ്രവർത്തനവലിപ്പം കണക്കിലെടുത്താണ് അംഗങ്ങളെ തീരുമാനിച്ചത്. 17 വർക്കിംഗ് ഗ്രൂപ്പുകളിലായി 215 അംഗങ്ങൾ, പദ്ധതിയുടെ ഭാഗമായി ദൈനംദിന പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുകയാണ്.

പഞ്ചായത്തുതല വർക്കിംഗ് ഗ്രൂപ്പ് കൂടാതെ പ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്നതിലേക്ക്, പങ്കാളിത്തം കൂട്ടുന്നതിലേക്ക് പഞ്ചായത്തുതല വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുന്നതിലേക്ക് എല്ലാ വാർഡിലും വാർഡ് തല







**നമ്മുടെ അറിവും അക്ഷരവും സാങ്കേതികവിദ്യയും ലാഭം ചുരത്തുന്ന കാമധേനുവായി മാറുമ്പോൾ, അതിസമ്പന്നരൊഴികെയുള്ള മനുഷ്യരെല്ലാം നിസ്സഹായതയുടെ തുരുത്തിലേക്ക് ആട്ടിപ്പായിക്കപ്പെടുന്ന വർത്തമാന കാലഘട്ടത്തിൽ, സമത്വാധിഷ്ഠിത ബദൽവ്യവസ്ഥയുടെ സാർവ്വദേശീയ ഗാനം മുഴക്കാൻ, സാമൂഹ്യമാറ്റത്തിന്റെ പതാകവാഹകരായി ഒരുമയോടെ മികവിലേക്ക് എന്ന ഈ പരിപാടിയുമായി മുന്നോട്ടു പോകാൻ കഴിയുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആദ്യഘട്ട പ്രവർത്തനം ബജറ്റ് അവതരണത്തോടെയാണ് അവസാനിക്കുന്നത്.**



വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. വാർഡ് തല വർക്കിംഗ് ഗ്രൂപ്പുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും, ഫെസിലിറ്റേറ്റർമാരായി പ്രവർത്തിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ വിവിധ വിഷയങ്ങൾക്കായി ഏഴ് പേരടങ്ങുന്ന അക്കാദമിക് ടീമിന് രൂപം നൽകി. ഒരു വർക്കിംഗ് ഗ്രൂപ്പിലേക്ക് അഞ്ചുപേരെ വീതമാണ് തെരഞ്ഞെടുത്തത്. ഇത്തരത്തിൽ 19 വാർഡിലെയും വർക്കിംഗ് ഗ്രൂപ്പ് രൂപീകരണ യോഗത്തിൽ പങ്കെടുത്തത് 905 പേരാണ്.

### വാർഡ് സംഘടനാ സംവിധാനങ്ങൾ

എല്ലാ വാർഡിലും പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനും നേതൃത്വം നൽകാനും വാർഡ് മെമ്പറെ സഹായിക്കാനും പൊതുസംഘാടനം നടത്താനുമായി വാർഡ് വികസന സമിതിക്ക് രൂപം നൽകി. കൂടാതെ ഇതേ ലക്ഷ്യം പഞ്ചായത്തുതലത്തിൽ നിർവഹിക്കുന്നതിന് പഞ്ചായത്തുതല വികസനസമിതിക്കും രൂപം നൽകി. രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, സന്നദ്ധസംഘടനാ പ്രതിനിധികൾ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ, ജനപ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. പഞ്ചായത്തുതലത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറും വാർഡുതലത്തിൽ മെമ്പർ അദ്ധ്യക്ഷനും തെരഞ്ഞെടുക്കുന്ന ഒരാളെ കൺവീനറുമാക്കി.

വാർഡ് തലത്തിൽ വിവിധ വിഷയങ്ങൾ അടിസ്ഥാനപ്പെടുത്തി വിവരങ്ങൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും പ്രശ്നവിശകലന ഫോറം തയ്യാറാക്കി വിവിധങ്ങളായ വികസന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സമാഹരിച്ചു.

13.1.2012ന് വാർഡ് തലത്തിൽ നിന്നും 5 വീതം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്ത് ഹാളിൽ യോഗം ചേർന്ന് വാർഡുതല പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. പ്രസ്തുത യോഗത്തിൽവച്ച് വാർഡുതലത്തിൽ വിഷയഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗ്രാമസഭകൾ വിളിച്ചുചേർത്ത് പ്രശ്നവിശകലനം നടത്താനുള്ള തീരുമാനം പഞ്ചായത്ത് അറിയിച്ചു. അവിടെ നടക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. വാർഡുകളിൽ കുട്ടിക്കൂട്ടം (മുകുളങ്ങൾ), വനിതാസംഗമം, ഭിന്നശേഷി സംഗമം, വയോജന സംഗമം, യുവസഭ, പട്ടികജാതി സംഗമം, ഊരുയോഗങ്ങൾ എന്നിവ സംഘടിപ്പിച്ചു.

വാർഡുതലത്തിൽ കുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകാനായി ഓരോ വാർഡിൽനിന്നും 5 വീതം കുട്ടികളെ പഞ്ചായത്തിൽ 2012 ഫെബ്രുവരി 10-ാം തീയതി വിളിച്ചുചേർത്ത് പരിശീലനം നൽകി. ഇതിന്റെ ഭാഗമായി വാർഡ് തലത്തിൽ 15 അംഗങ്ങൾ ഉൾപ്പെടുന്ന മുകുളങ്ങളുടെ വാർഡ് കമ്മിറ്റികൾക്ക് രൂപം നൽകി. ഇത്തരത്തിൽ 19 വാർഡുകളിലായി 285 കുട്ടികൾ ഒരുമയോടെ മികവിലേക്ക് പദ്ധതിയുടെ ഭാഗമായി മാറി. ഈ കമ്മിറ്റി പഞ്ചായത്തിലെ ഒരു സ്ഥിരംസംവിധാനമായി പ്രവർത്തിക്കാനാണ് ആലോചിക്കുന്നത്.

### കുട്ടിക്കൂട്ടം (മുകുളങ്ങൾ)

6 വയസ്സു മുതൽ 18 വയസ്സു വരെയുള്ളവരാണ് കുട്ടിക്കൂട്ടത്തിൽ പങ്കെടുത്തത്. ഇവരെ പ്രധാനമായും 3 ഗ്രൂപ്പുകളായി തിരിച്ചു. 6 മുതൽ 10 വരെ, 11 മുതൽ 14, 15 മുതൽ 18 വരെ. കുട്ടിക്കൂട്ടത്തിൽ ഒരുമയോടെ മികവിലേക്ക് പദ്ധതി വിശദീകരിച്ചു. ഗ്രൂപ്പ് ചർച്ചയ്ക്കും ക്രോഡീകരണത്തിനും ശേഷം 15 അംഗ കുട്ടിക്കൂട്ടങ്ങൾ (മുകുളങ്ങൾ) ഓരോ വാർഡിലും രൂപീകരിച്ചു. കുട്ടിക്കൂട്ടത്തിന്റെ നടത്തിപ്പിനായി നോട്ടീസ് തയ്യാറാക്കി വാർഡുകളിൽ വിതരണം ചെയ്തു. വിദ്യാലയങ്ങളിൽ നോട്ടീസ് എത്തിച്ചു. ബോർഡുകൾ സ്ഥാപിച്ചു.

19 വാർഡുകളിലെ കുട്ടിക്കൂട്ടങ്ങളിലായി 1348 കുട്ടികൾ പങ്കെടുത്തു.

### വയോജന സംഗമം

19 വാർഡുകളിലും വയോജന സംഗമം സംഘടിപ്പിച്ചു. കൃഷ്ണഗിരി മേപ്പേരിക്കുന്നിൽ നടന്ന പഞ്ചായത്തുതല ഉദ്ഘാടനത്തിൽ 162 പേർ പങ്കെടുത്തു. എല്ലാ വാർഡിലും വിശദമായ ചർച്ചകളാണ് നടന്നത്. ഇതേത്തുടർന്ന് 11 അംഗങ്ങൾ ഉൾപ്പെടുന്ന വയോജന ക്ലബ് 19 വാർഡിലും രൂപീകരിച്ചു. 19 വാർഡിലെയും വയോജനസംഗമത്തിൽ 1344 പേർ പങ്കാളികളായി. പഞ്ചായത്തിന് വളരെയേറെ കാര്യങ്ങൾ ഈ മേഖലയിൽ ചെയ്യാനുണ്ട് എന്ന ഒരു വലിയ തിരിച്ചറിവാണ് ഞങ്ങൾക്ക് ഇതിൽനിന്നും ലഭിച്ചത്.

### വനിതാ സംഗമം

18 വയസ്സിനു മുകളിൽ പ്രായമുള്ള വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് വാർഡുതലത്തിൽ വനിതാസംഗമം സംഘടിപ്പിച്ചു. പഞ്ചായത്തിലാകെ 2374 വനിതകൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. സ്ത്രീകളുടെ തൊഴിൽ, കുടുംബശ്രീ, ആരോഗ്യം, സാമൂഹ്യാവസ്ഥ, വിധവകളുടെ പ്രത്യേക പ്രശ്നങ്ങൾ, അതിക്രമങ്ങൾ തുടങ്ങിയ വിഷയങ്ങൾ വിശദമായ ചർച്ചകൾക്ക് വിധേയമായി.

### ഭിന്നശേഷി വിഭാഗം

സമൂഹമനസ്സൊന്നാകെ സാന്ത്വനമേകാൻ ശ്രമിക്കേണ്ട ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ജനതയുടെ കുടുംബസംഗമം വാർഡുകൾ ചേർത്ത് പഞ്ചായത്തിലെ



നാലു സ്ഥലങ്ങളിലായി സംഘടിപ്പിച്ചു. വിവിധ വാർഡുകളിലായി 147 പേർ പങ്കെടുത്തു.

**യുവസഭ**

യുവജന സംഘടനാ പ്രതിനിധികൾ, ക്ലബ് ഭാരവാഹികൾ, വിവിധ സംഘടനാ പ്രതിനിധികൾ, എ.ഡി.എസ്. ഭാരവാഹികൾ എന്നിവരുൾപ്പെടെയുള്ള യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് യുവസഭയുടെ സംഘാടകസമിതി എല്ലാ വാർഡിലും രൂപീകരിച്ചു. ഇവരുടെ നേതൃത്വത്തിൽ എല്ലാ വാർഡിലും യുവതീയുവാക്കളെ ചേർത്ത് യുവസഭ സംഘടിപ്പിച്ചു. എല്ലാ വാർഡുകളിലുമായി ആകെ 1212 പേർ പങ്കെടുത്തു. യുവജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ, പരിഹാരം എന്നിവ സംബന്ധിച്ച് ചർച്ച നടന്നു. ഇവരുടെ വാർഡ് കമ്മിറ്റിക്കും രൂപംനൽകി.

**ഊരുകൂട്ടം**

പഞ്ചായത്തുതല ഊരുകൂട്ടം അപ്പാട് വച്ച് ബ്ലോക്ക് പഞ്ചായത്ത പ്രസിഡന്റ് വിജയ ഉദ്ഘാടനം ചെയ്തു. ഇതിൽ 147 പേർ പങ്കെടുത്തു. പഞ്ചായത്തിലാകെ 19 വാർഡുകളിലായി 2102 പേർ പങ്കെടുത്തു.

**പട്ടികജാതി സംഗമം**

പാതിരികവലയിൽ പഞ്ചായത്തുതല സംഗമം ഉദ്ഘാടനം ചെയ്തു. 174 പേർ പങ്കെടുത്തു.

ഇത്തരത്തിൽ വിവിധ സംഗമങ്ങൾ നടത്തി അവരുടെ പ്രശ്നവിശകലനം നടത്തിയതോടൊപ്പം, മറ്റു വിഷയങ്ങളിൽ അതത് വാർഡ് വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരെ കൂട്ടി പ്രശ്നവിശകലനം നടത്തി. ഇതേ സമയം പഞ്ചായത്തുതല വർക്കിംഗ് ഗ്രൂപ്പ് ദ്വിതീയ വിവരശേഖരണം പൂർത്തിയാക്കുകയുണ്ടായി.

വാർഡ് തല ക്രോഡീകരണത്തിനായി 2012 ഫെബ്രുവരി 16ന് പഞ്ചായത്ത് ഹാളിൽ യോഗം ചേർന്നു. 137 പേർ പങ്കെടുത്തു. വാർഡ് തലത്തിൽ തയ്യാറാക്കിയ പ്രശ്ന വിശകലന ഫോറവും സ്ഥിതി വിവരകണക്കുകളും ക്രോഡീകരിച്ചു. തുടർന്ന് പഞ്ചായത്തുതല വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് വാർഡുകളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്തിന്റെ 15 വർഷത്തേക്കുള്ള കരട് വികസനകാഴ്ചപ്പാടും വികസനനയവും തയ്യാറാക്കി.

വിവരാധിഷ്ഠിതമായി ദീർഘകാല കാഴ്ചപ്പാടിലൂന്നിയ പരമാവധി സംയോജന സാധ്യതകൾ വിനിയോഗിക്കുന്ന പഞ്ചവത്സര പദ്ധതിക്കും വാർഷിക പദ്ധതിക്കും രൂപം നൽകുന്ന ഒരുമയോടെ മികവിലേക്ക് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി പഞ്ചായത്തുതലത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെയും ജനപ്രതിനിധികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും വിവിധങ്ങളായ കൂട്ടായ്മകൾ 16.12.2011 മുതൽ 26.3.2012 വരെ 15 തവണ യോഗം ചേർന്നു. 617 പേർ പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്തു.

ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തയ്യാറാക്കുന്ന സ്വപ്നപദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപമാണ് ഇവിടെ പ്രതിപാദിച്ചത്.

ഈ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തിക്കാനുള്ളസ്ഥിരസംഘടനാ സംവിധാനം എന്ന നിലയിൽ 2147 പേർ അടങ്ങുന്ന സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്.

നമ്മുടെ അറിവും അക്ഷരവും സാങ്കേതികവിദ്യയും ലാഭം ചുരത്തുന്ന കാമധേനുവായി മാറുമ്പോൾ, അതിസമ്പന്നരൊഴികെയുള്ള മനുഷ്യരെല്ലാം നിസ്സഹായതയുടെ തുരുത്തിലേക്ക് ആട്ടിപ്പായിക്കപ്പെടുന്ന വർത്തമാന കാലഘട്ടത്തിൽ, സമത്വാധിഷ്ഠിത ബദൽ വ്യവസ്ഥയുടെ സാർവ്വദേശീയ ഗാനം മുഴക്കാൻ, സാമൂഹ്യമാറ്റത്തിന്റെ പതാകവാഹകരായി ഒരുമയോടെ മികവിലേക്ക് എന്ന ഈ പരിപാടിയുമായി മുന്നോട്ടുപോകാൻ കഴിയുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആദ്യഘട്ട പ്രവർത്തനം ബജറ്റ് അവതരണത്തോടെയാണ് അവസാനിക്കുന്നത്.



**പങ്കാളിത്ത ബജറ്റ്**

വിവിധതലത്തിൽ നേരത്തെ സൂചിപ്പിച്ചതു പോലെ നടത്തിയ ചർച്ചകളിൽ പ്രശ്നങ്ങൾ, കാരണങ്ങൾ, പരിഹാരം എന്നിവ ചർച്ചചെയ്യുന്നതോടൊപ്പം അതിന് ഏകദേശം വേണ്ടിവരുന്ന തുകയും ചർച്ചചെയ്യുകയുണ്ടായി. ഇത്തരത്തിൽ നടന്ന ചർച്ചകൾ ക്രോഡീകരിച്ച് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി കൂടിയിരുന്ന് ചർച്ച നടത്തി പഞ്ചായത്ത് തയ്യാറാക്കിയ നയത്തിന്റെ വെളിച്ചത്തിൽ ബജറ്റ് നോട്ട് തയ്യാറാക്കി. ഇത് സ്റ്റിയറിങ്ങ് കമ്മിറ്റി കൂടി ചർച്ച ചെയ്തു. ഈ യോഗത്തിലേക്ക് അക്കാഡമിക് കമ്മിറ്റി അംഗങ്ങളെക്കൂടി ക്ഷണിച്ചിരുന്നു. തുടർന്ന് നടത്തിയ ബജറ്റ് സമ്മേളനത്തിൽ വാർഡ് വികസനസമിതി അംഗങ്ങൾ, പഞ്ചായത്ത് വർക്കിങ്ങ് ഗ്രൂപ്പംഗങ്ങൾ എന്നിവരെ വിളിച്ചുകൂട്ടി 15 വർഷത്തെ നയം പഞ്ചായത്ത് പ്രസിഡന്റും ഒരു വർഷത്തെ ബജറ്റ് ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സണും അവതരിപ്പിച്ചു.

ഈ ബജറ്റ് സമ്മേളനത്തിൽ 425 പേരാണ് പങ്കെടുത്തത്. ജില്ലാ പ്ലാനിങ്ങ് ഓഫീസർ, ഡി.ഡി.പി., ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ എന്നിവരും പങ്കെടുത്തു. തുടർന്ന് ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച നടത്തി, ഇതിന്റെ കൂടി വെളിച്ചത്തിൽ ബജറ്റിന് അന്തിമരൂപം നൽകി, ഭരണസമിതി അംഗീകരിച്ചു. പഞ്ചവത്സരപദ്ധതി തയ്യാറാക്കാനുള്ള തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. 19 വാർഡിലും ഏകദിന ഗ്രാമസഭ വിളിക്കാനാണ് ഭരണസമിതി തീരുമാനിച്ചിട്ടുള്ളത്. എല്ലാ വാർഡിലും അതിന്റെ സംഘാടകസമിതികൾ രൂപീകരിച്ച് കഴിഞ്ഞു.■

*ലേഖകൻ മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*





ഡോ. മരിയ ലിസ മാത്യു

# മഴക്കാലം വരവായി... കോഴി വളർത്തലുകാർ ഈ മുന്നൊരുക്കങ്ങൾ നടത്തണം

മഴക്കാലം പടിവാതിലിലെത്തി... മഴക്കാലം പ്രശ്നരഹിതമാകാൻ കോഴിവളർത്തലുകാർ പ്രത്യേകിച്ച് ഇറച്ചിക്കോഴി കർഷകർ ശ്രദ്ധാപൂർവ്വം നടത്തണം ചുവടെ ചേർക്കുന്ന മുന്നൊരുക്കങ്ങൾ.

**കൂടും പരിസരവും**

കൂടിനു ചുറ്റുമുള്ള പുല്ലും കളയും ചെത്തിനീക്കി വൃത്തിയാക്കുക. മഴ വന്നാൽ പരിസരം കാടാകാൻ അധികം സമയം വേണ്ട. കൂടിനു ചുറ്റും വെള്ളം കെട്ടിനിൽക്കാതെ ഓട നിർമ്മിച്ച് വെള്ളം ഒഴുകിപ്പോകാൻ സാഹചര്യം ഉണ്ടാക്കുക. വെള്ളം കെട്ടിനിന്നാൽ കൂട്ടിനുള്ളിലേക്ക് വെള്ളം വലിയാൻ സാഹചര്യമുണ്ടാകും ഫലം രോഗമാണെന്നോർക്കുക.

തറ പൊട്ടി ദ്വാരങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അടയ്ക്കുക. തറ ഈർപ്പരഹിതമായിരിക്കുന്നുവെന്ന് ഉറപ്പാക്കുക.

**മരശിഖരങ്ങൾ വെട്ടി ഒതുക്കുക**

വേനൽക്കാലത്ത് തണൽ നൽകാനായി കോഴിക്കൂടിനു ചുറ്റും നട്ടുവളർത്തിയിരിക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ വെട്ടി ഒതുക്കുക. അല്ലാത്തപക്ഷം കൂടിനുമുകളിലേക്ക് ഒടിഞ്ഞുവീഴാം. മാത്രമല്ല ഇടതിങ്ങി നിൽക്കുന്ന മരങ്ങൾ കൂട്ടിനുള്ളിൽ സൂര്യപ്രകാശവും വായുസഞ്ചാരവും തടസ്സപ്പെടുത്തും.

**ശുദ്ധജലം ലഭ്യമാക്കുക**

കോഴികളുടെ ആരോഗ്യത്തിന് കുടിക്കാനുള്ള ശുദ്ധജല ലഭ്യത അത്യന്താപേക്ഷിതമാണ്. കിണറും ടാങ്കും വലയിട്ടുമൂടണം. ജലം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കാം. മെഡിക്ലോർ (Mediclor) ഉപയോഗിച്ചും വെള്ളം ശുദ്ധിയാക്കാം. 100 ലിറ്റർ വെള്ളത്തിന് 10 മില്ലിലിറ്റർ മെഡിക്ലോർ എന്ന കണക്കിൽ ചേർക്കണം. ക്ലോറിനേറ്റ് ചെയ്ത വെള്ളം 3 മണിക്കൂർ കഴിഞ്ഞേ ഉപയോഗിക്കാവൂ.

**ലിറ്റർ**

മഴയും കാറ്റും മൂലം തൂളിയടിച്ച് കൂടിന്റെ വശങ്ങളിലെ ലിറ്റർ നനയാതെ കട്ടികൂറഞ്ഞ തുണികൊണ്ട് കർട്ടൻ ഇടാം. മഴ മാറുമ്പോൾ കർട്ടൻ പൊക്കി വയ്ക്കാൻ മറക്കരുത്. ലിറ്റർ എന്തെങ്കിലും കാരണവശാൽ നനഞ്ഞാൽ ഉടൻ വാരി മാറ്റി ഉണങ്ങിയതു വിരിക്കണം.

മഴക്കാലത്ത് ലിറ്റർ കട്ടികൂട്ടിയിടണം. ഈർപ്പം കൂടുതലുണ്ടെങ്കിൽ കുമ്മായമോ അമോണിയം സൾഫേറ്റോ കലർത്തി ലിറ്റർ ഇളക്കണം. ഈർപ്പം കുറയുന്നതിനോടൊപ്പം രോഗാണുക്കൾ നശിക്കാനും ഇത് വഴിയൊരുക്കും.

**മാലിന്യസംസ്ക്കരണം**

കോഴിക്കാഷ്ഠം കൂടിനകത്ത് വാരിക്കൂട്ടരുത്. ഈച്ചയും കൊതുകും പെരുകാൻ കാരണമാകുമിത്. ഈച്ചയും കൊതുകും കോഴികളുടെ രക്തം കുടിക്കും. രോഗങ്ങൾ പകർത്തും. കോഴികൾക്ക് മാത്രമല്ല ഉടമയ്ക്കും കുടുംബാംഗങ്ങൾക്കും ഇത് ആരോഗ്യപ്രശ്നങ്ങളുണ്ടാക്കും.

ചത്ത കോഴികളെയും മറ്റവശിഷ്ടങ്ങളും കത്തിച്ചു കളയുകയോ ആഴത്തിൽ കുഴിച്ചിടുകയോ ചെയ്യണം.

**കോഴിത്തീറ്റ**

തീറ്റ നനഞ്ഞാൽ പൂപ്പൽ ബാധിക്കും. തീറ്റ തണുപ്പടിക്കാതിരിക്കാൻ തടിപ്പലകപ്പുറത്തുവേണം വയ്ക്കാൻ. മാത്രമല്ല ഭിത്തിയിൽ മുട്ടാനും പാടില്ല. നനഞ്ഞ കൈകൊണ്ട് തീറ്റയെടുക്കാൻ പാടില്ല. തീറ്റയെടുത്തു കഴിഞ്ഞാൽ ചാക്ക് തുറന്നിടാതെ കെട്ടിവയ്ക്കണം.

**രോഗങ്ങൾ**

കോളിബാസിലോസിസ്, രക്താതിസാരം, വയറിളക്കരോഗങ്ങൾ, വിരബാധ മുതലായവയാണ് കോഴികളുടെ പ്രധാന മഴക്കാല രോഗങ്ങൾ. ശ്വാസകോശ സംബന്ധിയായ രോഗങ്ങളും പ്രശ്നങ്ങളുമാണ് സൂക്ഷിച്ചില്ലെങ്കിൽ നേരിടേണ്ടത്.

വാക്സിനേഷനിലൂടെ പ്രതിരോധിക്കാവുന്ന അസുഖങ്ങൾക്കെതിരെ വാക്സിനേഷൻ, രോഗം എന്തുതന്നെയായാലും തുടക്കത്തിലെ ചികിത്സ... രോഗങ്ങളെ ഫാമിനു പുറത്തുനിർത്താനാവും...

അതുകൊണ്ട് 'പ്രിയ കർഷ'കരെ തുടങ്ങിക്കോളൂ... മഴക്കാല പൂർവ്വ ശുചീകരണവും മറ്റ് മുൻകരുതലുകളും.■



സി.കെ. രവീന്ദ്രൻ

# ശുചിത്വഗ്രാമം - ഹരിതഗ്രാമം

മാലിന്യമുക്ത കേരളം

സംസ്ഥാന ഗവൺമെന്റ് 2012ൽ ഉയർത്തിപ്പിടിച്ച "ശുചിത്വഗ്രാമം - ഹരിതഗ്രാമം" എന്ന മുദ്രാവാക്യം കേരള ജനത അടിയന്തരമായി ഏറ്റെടുക്കേണ്ട ഒരു വെല്ലുവിളിയാണ്. 2015 ഓടുകൂടി കേരളത്തിലെ എല്ലാ ഗ്രാമങ്ങളും ശുചിത്വ - ഹരിതഗ്രാമങ്ങളായി മാറ്റുന്നതിന് നാം കർമ്മനിരതരാകേണ്ടതുണ്ട്.

ഒരു ദശകത്തിന് മുമ്പ് കേട്ട വാക്കുകൾ ഇപ്പോൾ ഓർമ്മവരികയാണ്. "ആരോഗ്യരംഗത്ത് ഇന്ത്യ 2012ൽ നേടാൻ ലക്ഷ്യമിട്ടിട്ടുള്ള നേട്ടം കേരളം ഇപ്പോൾ തന്നെ നേടിക്കഴിഞ്ഞു." എന്നാൽ ഈ സാമൂഹ്യനേട്ടത്തിന് തിരിച്ചടി ഏറ്റിട്ടുണ്ടോ എന്ന് നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ട സന്ദർഭം കൂടിയാണ്. നിത്യേന കുളിച്ച് സ്വയം ശുദ്ധി വരുത്തുന്ന മലയാളി തന്റെ വീട്ടിലെ മാലിന്യങ്ങൾ മതിലിനപ്പുറത്തുള്ള അയൽക്കാരന്റെ വീട്ടുവളപ്പിലേക്ക് തള്ളിയിടുന്ന സംസ്കാരമാണ് പ്രകടിപ്പിക്കുന്നത്. ഇത് ഒരു അപകടകരമായ അവസ്ഥയാണ്.

രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങളെ കുറിച്ച് മാത്രം വാതോരാതെ സംസാരിക്കുന്ന നാം നമ്മുടെ ചുറ്റുപാടിന്റെ അവസ്ഥയെക്കുറിച്ച് ശ്രദ്ധിക്കാതെ പോകുന്നു. 'മനുഷ്യൻ പരിസ്ഥിതിയുടെ അടിമയാണ്' എന്ന




മുദ്രാവാക്യം നമുക്ക് സുപരിചിതമാണ്. രാഷ്ട്രീയവും സാമ്പത്തികവുമായ നേട്ടങ്ങൾ കൈവരിച്ചത് കൊണ്ടുമാത്രം അവന്റെ ജീവനും ചുറ്റുപാടും സുരക്ഷിതമാകണമെന്നില്ല. പരിസ്ഥിതിക്കുണ്ടാകുന്ന അപചയങ്ങളും അസന്തുലിതാവസ്ഥയും മനുഷ്യന്റെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. അന്തരീക്ഷത്തിലെ താപവും കാലാവസ്ഥാവ്യതിയാനവും മാനവരാശിയെ സ്വാധീനിക്കുമെന്നതിൽ തർക്കമുണ്ടാവില്ല. അതുകൊണ്ട് വ്യക്തിശുചിത്വം മാത്രമല്ല പരിസരശുചിത്വവും പാരിസ്ഥിതിക ശുചിത്വവും നേടിയെടുക്കേണ്ടതുണ്ട്.

എല്ലാ വീടുകളിലും കക്കൂസ് ഉണ്ടായാൽ ശുചിത്വമായി എന്നർത്ഥമില്ല. ശുദ്ധജല ലഭ്യത, ആഹാരശുചിത്വം, വ്യക്തിശുചിത്വം, പരിസരശുചിത്വം, ഖര -ദ്രവ മാലിന്യനിർമാർജ്ജനം എന്നിവ കൂടി സാധ്യമാകേണ്ടതുണ്ട്. എന്നാൽ ഇന്ന് നാം നേരിടുന്ന മാലിന്യപ്രശ്നങ്ങൾ പുതിയ രീതിയിലുള്ളവയാണെന്ന് കാണാൻ കഴിയും. ജനസംഖ്യാ വർദ്ധനവ്, പുത്തൻജീവിതശൈലി, മലയാളിയുടെ ആഹാരശീലം, സമൂഹത്തെയും പ്രകൃതിയെയും മറന്നുകൊണ്ടുള്ള സങ്കുചിത വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കൽ, മാലിന്യസംസ്ക്കരണ സംസ്ക്കാരമില്ലായ്മ എന്നീ ഘടകങ്ങളാണ് ഇതിന് പ്രധാന കാരണം. അതിന് ശുചിത്വ കാമ്പയിൻ തന്നെ നടത്തേണ്ടതുണ്ട്.

റോഡുകൾ, തോടുകൾ, ഓടകൾ, കുളം, കിണർ, ടാങ്ക്, ജലസ്രോതസുകൾ എന്നിവ വൃത്തിയാക്കൽ, വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള സാഹചര്യങ്ങൾ ഒഴിവാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്. ഇതിന് ഗ്രാമപഞ്ചായത്ത് വാർഡുതലത്തിൽ വായനശാലകൾ, ക്ലബുകൾ, സന്നദ്ധ സംഘടനകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, യുവജനസംഘടനകൾ, മഹിളാസംഘടനകൾ, കുടുംബശ്രീ, വ്യാപാര - വ്യവസായ സ്ഥാപനപ്രതിനിധികൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അതോടൊപ്പം തന്നെ എല്ലാ വീടുകളിലും 'ഡ്രൈഡേ' സന്ദേശം എത്തിക്കുന്നതിന് ആശാവർക്കർമാരുടെ സേവനവും ഉപയോഗപ്പെടുത്തേണ്ടതാണ്.

പാലക്കാട് അസംബ്ലി നിയോജക മണ്ഡലത്തെ സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ ശുചിത്വ ഗ്രാമമണ്ഡലമായി പ്രഖ്യാപിക്കാനുള്ള തയ്യാറെടുപ്പിലാണ് ഷാഫി പറമ്പിൽ എം.എൽ.എയും മണ്ഡലത്തിലെ മുനിസിപ്പൽ, പഞ്ചായത്ത് അധികൃതരും. പാലക്കാട് മുനിസിപ്പാലിറ്റിക്കും അതിനോട് ചേർന്നു കിടക്കുന്ന കണ്ണാടി, പിരായിരി, മാത്തൂർ ഗ്രാമപഞ്ചായത്തുകളും ചേർന്നതാണ് പാലക്കാട് അസംബ്ലി നിയോജക മണ്ഡലം. മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് താഴെ പറയുന്ന കർമ്മപദ്ധതിക്കാണ് രൂപം കൊടുത്തിട്ടുള്ളത്.

- *വ്യക്തി ശുചിത്വം.*
- *ഗാർഹിക ശുചിത്വം:* എല്ലാ വീടുകളിലും കക്കൂസുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, വിവിധതരം കമ്പോസ്റ്റുകൾ, കിണറുകൾക്ക് ആൾമറയും കൊട്ടത്തളവും.
- *അംഗനവാടികൾ:* കക്കൂസും കമ്പോസ്റ്റ് പിറ്റും എല്ലാം അംഗനവാടികളിലും.
- *സ്ക്കൂളുകൾ:* വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി കക്കൂസ്സും, മൂത്രപ്പുരയും.
- *മാർക്കറ്റുകൾ/ആഫീസുകൾ:* പൊതുകക്കൂസുകൾ, സാമൂഹ്യ ശുചിത്വ പ്ലാന്റുകൾ മുതലായവ.
- വലിയ അളവിൽ കുമിഞ്ഞുകൂടുന്ന മാലിന്യ സംസ്ക്കരണത്തിന് വലിയ പ്ലാന്റുകൾ സ്ഥാപിക്കൽ.
- MGNREGSൽ ഉൾപ്പെടുത്തി ഓടകളും ഓവുകളും നീർച്ചാലുകളും വൃത്തിയാക്കൽ.
- വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കലും പരിപാലനവും.

പദ്ധതിയുടെ സംസ്ഥാനതല ഉൽഘാടനം പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിച്ചു. ഷാഫി പറമ്പിൽ എം.എൽ.എ. യോഗത്തിൽ അദ്ധ്യക്ഷനായി. പിരായിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നാസർ സ്വാഗതം പറഞ്ഞു. വികലാംഗ കോർപ്പറേഷൻ ചെയർമാൻ കളത്തിൽ അബ്ദുള്ള, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ ആശംസാ പ്രസംഗം നടത്തി. നൂറ് കണക്കിന് തദ്ദേശവാസികൾ ഉൽഘാടന ചടങ്ങിൽ പങ്കെടുത്തു.■




*ശുചിത്വഗ്രാമം-ഹരിതഗ്രാമം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിക്കുന്നു.*

## സ്നേഹസാന്ത്വനം

പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ ജനകീയ കൂട്ടായ്മയിൽ രൂപം കൊണ്ട കാരുണ്യ പദ്ധതിയാണ് 'സ്നേഹസാന്ത്വനം.' വൃക്കരോഗം, തളർവാതം, കാൻസർ തുടങ്ങിയ മാരക രോഗങ്ങളാൽ വേദന കടിച്ചിറക്കി ശിഷ്ടകാലം തള്ളി നീക്കേണ്ടിവരുന്ന നിർദ്ധനരും നിരാലംബരുമായ നിത്യരോഗികൾക്ക് ആശ്വാസത്തിന്റെ തെളിനീരായി മാറുകയാണ് ഈ പദ്ധതി.

ജനങ്ങളിൽ നിന്നും കിട്ടുന്ന നിസീമമായ സഹകരണം മുന്നോട്ടുള്ള പ്രയാണത്തിൽ ഗ്രാമപഞ്ചായത്തിന് കരുത്ത് പകരുന്നു. നൂറ്റിഅമ്പതിൽപരം സഹോദരങ്ങൾ സ്നേഹ സാന്ത്വനത്തിന്റെ ഗുണഭോക്താക്കളായി കഴിഞ്ഞു. രോഗികളെ ചികിത്സാ കേന്ദ്രത്തിലെത്തിക്കാൻ തികച്ചും സൗജന്യമായി വാഹനം ഏർപ്പെടുത്തിക്കൊടുക്കാനും ആവശ്യമായ മരുന്നുകൾ നൽകാനും സാമ്പത്തിക ബുദ്ധിമുട്ടുകളിൽ സഹായം നൽകുവാനും ഈ പദ്ധതിക്ക് സാധിക്കുന്നു.

വമ്പിച്ച ജനാവലിയെ സാക്ഷിനിർത്തി ടൂറിസം വകുപ്പു മന്ത്രി എ.പി. അനിൽകുമാർ സ്നേഹ സാന്ത്വനം പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അഡ്വ. പി.റ്റി.എ. റഹീം എം.എൽ.എ, പ്രശസ്ത ഗാനരചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരി, പെരുമണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി. പീതാംബരന്റെ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*




*പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 'സ്നേഹസാന്ത്വനം' പദ്ധതി ടൂറിസം വകുപ്പ് മന്ത്രി എ.പി. അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. പി.ടി.എ. റഹീം എം.എൽ.എ, കൈതപ്രം ദാമോദരൻ നമ്പൂതിരി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി. പീതാംബരൻ തുടങ്ങിയവർ സമീപം.*



അട്ടപ്പാടി ബ്ലോക്ക്: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# കർഷകനായ ബാബുരാജിന് തുണയായത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി




**പി.വി. രാധാകൃഷ്ണൻ**

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽപ്പെട്ട നയനാംപെട്ടി ഊരിലെ കർഷകനായ ബാബുരാജിന് തുടർന്ന് കൃഷി ചെയ്യാൻ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുണയായി. തന്റെ അച്ഛൻ നഞ്ചനുള്ള ഓഹരിയായി മുത്തച്ഛൻ ഭൂതിയിൽ നിന്നും ലഭിച്ച 2.88 ഏക്കർ സ്ഥലത്ത് ബാബുരാജ് വർഷങ്ങളായി കൃഷി ചെയ്തു വരുന്നുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ കൃഷി ആദായകരമല്ലാത്തതിനാലും കച്ചവടക്കാരിൽ നിന്നും വാങ്ങിയ കടം വീട്ടാൻ കഴിയാത്തതിനാലും തുടർന്ന് കൃഷി ചെയ്യാൻ വഴിയറിയാതെ പ്രയാസപ്പെട്ടുക്കൊണ്ടിരിക്കുമ്പോഴാണ് ബാബുരാജിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സഹായത്തിനെത്തിയത്. 49.419 രൂപ ചെലവിൽ പുതൂർ ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ബാബുരാജിന്റെ സ്ഥലത്ത് വിവിധ കാർഷിക വികസന പ്രവർത്തനങ്ങൾ നടത്തിക്കൊടുത്തു.

ഇപ്പോൾ ഈ സ്ഥലത്ത് വാഴ (1500 എണ്ണം), തട്ടപ്പയർ, തീറ്റപ്പുൽ, നെല്ല് എന്നിവ കൃഷി ചെയ്യുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മൾബറി കൃഷിക്ക് തടമെടുത്ത് കൊടുത്തതും വളരെ പ്രയോജനകരമായി. കാർഷിക രംഗത്തുനിന്നും പിൻവലിയാൻ തുനിഞ്ഞ ബാബുരാജും ഭാര്യ ശാന്തമ്മയും ഇപ്പോൾ വളരെ ആവേശത്തോടെയാണ് തുടർപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച 10 എച്ച്. പി. പമ്പ് സെറ്റ് ജലസേചനത്തിന് വളരെ സഹായകരമായി.

അട്ടപ്പാടിയിൽ ആകെയുള്ള 8589 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 1023 കുടുംബങ്ങൾ (12%) മാത്രമാണ് ഇപ്പോൾ കൃഷി പൊതുജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളത്. അട്ടപ്പാടിയിലെ ആദിവാസി കുടുംബങ്ങൾക്ക് ശരാശരി 2.77 ഏക്കർ സ്ഥലം കൈവശമുണ്ട്. ഇവർക്ക് തുടർന്ന് കൃഷി ചെയ്യാനും ബാക്കിയുള്ളരെക്കൂടി കാർഷിക മേഖലയിലേക്ക് തിരിച്ചുകൊണ്ടുവരുവാനും അട്ടപ്പാടി ബ്ലോക്കിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കഴിഞ്ഞവർഷം മുതൽ വഴിയൊരുക്കിയിരിക്കുകയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെ എസ്.ടി. പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഊരുക്കൂട്ടങ്ങൾ മുഖേന തയ്യാറാക്കിയ 64 കോടി രൂപയുടെ പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കിത്തുടങ്ങിയതോടുകൂടിയാണ് തൊഴിലുറപ്പ് പദ്ധതിയെ പട്ടികവർഗ്ഗക്കാരുടെ ഭൂമിയിലെ കാർഷിക വികസന പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടാനായത്.

അട്ടപ്പാടി ബ്ലോക്കിൽ ആദിവാസികളുടെ 739 ഏക്കർ സ്ഥലം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കൃഷിയോഗ്യമാക്കപ്പെടുകയും ധാരാളം പേർ കാർഷിക മേഖലയിലേക്ക് തിരിച്ച് വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ചിണ്ടക്കി, കരിവാര, പോത്തുപ്പാടി, വട്ടലക്കി എന്നീ ട്രൈബൽ ഫാമുകളിലും മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലും പുതൂർ പഞ്ചായത്തിലെ റിസർവ് വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന കുറുമ്പ ഊരുകളിലും ശിരുവാണി ഡാമിനോട് ചേർന്ന് കിടക്കുന്ന മുത്തികുളം ഊരിലും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കാർഷിക വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. തരിശുഭൂമി കിളച്ച് കൃഷിയോഗ്യമാക്കൽ, കൃഷിക്ക് നിലമൊരുക്കൽ, മൺവരമ്പുകളുടെ നിർമ്മാണം, മഴക്കുഴി നിർമ്മാണം, വിളകൾക്ക് തടമെടുക്കൽ, തട്ടു തിരിക്കൽ എന്നിവയാണ് തൊഴുലുറപ്പ് പദ്ധതി പ്രകാരം ചെയ്തുവരുന്ന പ്രധാന പണികൾ. സാമ്പത്തിക പരാധീനതകൾ മൂലം കൃഷിയിറക്കുവാൻ കഴിയാതിരുന്ന നിരവധി ആദിവാസി കർഷകർ ഈ പ്രവർത്തനങ്ങൾ മൂലം ആഹ്ലാദത്തിലാണ്. ഇത്തരത്തിലൊരുക്കിയ കൃഷി ഭൂമിയിൽ ആദിവാസികൾ അവരുടെ പരമ്പരാഗത കൃഷികൾ ചെയ്തു തുടങ്ങിയിട്ടുണ്ട്. റാഗി, മുതിര, ചോളം, ചാമ, തുവര, മഞ്ഞൾ, പയർ, കപ്പ, ഇഞ്ചി, അമര, ഇരുവേലി, കുരുമുളക്, കശുമാവ്, വാഴ തുടങ്ങിയ കൃഷിയാണ് ചെയ്യുന്നത്. കൂടാതെ പരുത്തി, ബീറ്റ്റൂട്ട്, നിലക്കടല തുടങ്ങിയവ കൃഷി ചെയ്യുന്നവരുമുണ്ട്.

എന്നിരുന്നാലും മുഴുവൻ ആദിവാസികളെയും കാർഷിക മേഖലയിലേക്ക് തിരിച്ച് കൊണ്ടുവരുവാനും തുടർന്ന് കൃഷി ചെയ്ത് പട്ടിണിയും രോഗങ്ങളും ഇല്ലാതെ ഉപജീവനമാർഗ്ഗം നടത്തിപ്പോകുവാനും ആവശ്യമായ മറ്റു സാഹചര്യങ്ങൾ കൂടി ഒരുക്കിത്തരണമെന്നാണ് ബാബുരാജിന്റെ അഭിപ്രായം. വർഷങ്ങൾക്ക് മുമ്പ് പട്ടികവർഗ്ഗ കർഷകർക്ക് വളരെയേറെ സഹായകരമായിരുന്ന അട്ടപ്പാടിയിലെ പുതൂർ, കോട്ടത്തറ,



ഷോളയാർ, അഗളി, മുക്കാലി എന്നീ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ഈ സംഘങ്ങൾ വഴി ആദിവാസികൾക്ക് കാർഷിക വായ്പ, നല്ലയിനം വിത്തുകൾ, ജൈവവളം, കാർഷിക ഉപകരണങ്ങൾ, മാർക്കറ്റിംഗ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിക്കൊടുക്കണമെന്നും ബാബുരാജ് ആവശ്യപ്പെടുന്നു.

വന്യമൃഗങ്ങളിൽ നിന്നുള്ള ശല്യം തടയുന്നതിനായി മെക്കർ, ഉഴവുകാളകൾ, പമ്പ് സെറ്റ്, സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവ ആവശ്യമായവർക്ക് ലഭ്യമാക്കുക, ഗിരിജൻ സൊസൈറ്റികൾ മുഖേന ഫുഡ് പ്രൊസസിംഗ് യൂണിറ്റുകൾ ആരംഭിക്കുക എന്നിവയാണ് ബാബുരാജിന്റെ ഇതര നിർദ്ദേശങ്ങൾ. ഈ പ്രവർത്തനങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പും സഹകരണ വകുപ്പും മുൻകൈ എടുക്കണമെന്ന് പുതൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മരുതി സുരേഷ് ആവശ്യപ്പെട്ടു. നയനാംപെട്ടി ഊരിലെ ഊരുമൂപ്പൻ കൂടിയാണ് പ്രീഡിഗ്രി വരെ പഠിച്ചിട്ടുള്ള ബാബുരാജ്. കുട്ടികൾ അഞ്ചു അനു എന്നിവർ 10ലും 8ലും പഠിക്കുകയാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ കാർഷിക മേഖലയിലേക്ക് തിരിച്ചുവരുന്ന ആദിവാസികൾക്ക് തുടർച്ചയായി കൃഷി ചെയ്യുന്നതിനാവശ്യമായ സഹായം ചെയ്തുകൊടുക്കുക, അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന കാർഷിക വികസനം പദ്ധതികളുടെ സംയോജിത ഗുണഫലങ്ങൾ ആദിവാസി കർഷകർക്ക് യഥാസമയം ലഭ്യമാക്കുക തുടങ്ങിയ ചുമതലകൾ പട്ടികവർഗ്ഗ വികസന വകുപ്പിലെ എസ്.റ്റി. പ്രൊമോട്ടർമാർക്ക് നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പറപ്പെടുവിച്ചിട്ടുണ്ട്. ■

*ലേഖകൻ അട്ടപ്പാടി എം.ജി.എൻ.ആർ.ഇ.ജി.എസിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറാണ്.*

# കണ്ണൂർ സെൻട്രൽ ജയിൽ ക്ഷീര സ്വയംപര്യാപ്തതയിലേക്ക്

ചിത്രൻ കെ.
സുധീർകുമാർ

കേരളത്തിൽ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ ക്ഷീരമേഖല സ്വയംപര്യാപ്തമല്ല. സംസ്ഥാനത്തിന്റെ പാൽ ആവശ്യങ്ങൾ ഭൂരിഭാഗവും നിറവേറ്റുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന പാലിനെ ആശ്രയിച്ചാണ്. അതിനാൽ ജില്ലയിലെ പാലുൽപാദനം വർദ്ധിപ്പിച്ച് ക്ഷീരമേഖലയിൽ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കുക എന്ന ആശയം മുന്നിൽ കണ്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് ആവിഷ്ക്കരിച്ച ഒരു മാതൃകാപദ്ധതിയാണ് കണ്ണൂർ സെൻട്രൽ ജയിലിലെ വനിതാ തടവുകാർക്ക് പശുവളർത്തൽ പദ്ധതി.

കണ്ണൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന സെൻട്രൽ ജയിലിലെ വനിത തടവുകാർക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ തൊഴുത്ത് നിർമ്മിച്ച് 20 പശുക്കളെ വളർത്തുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്ത് 2010-11, 2011-12 എന്നീ വർഷങ്ങളിൽ പദ്ധതി തയ്യാറാക്കി. 213.16 മീറ്റർ സ്ക്വയർ വിസ്തീർണ്ണത്തോടു കൂടി ഒരു ഫാംഷെഡ് നിർമ്മിച്ചു. ജലവിതരണസംവിധാനം ഏർപ്പെടുത്തി. ഒന്നാം ഘട്ടമായി 10 പശുക്കളെ ലഭ്യമാക്കിയിട്ടുണ്ട്. മൃഗസംരക്ഷണം, ജയിൽ എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി പൂർത്തീകരിച്ച് ജയിൽ വകുപ്പിന് കൈമാറുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ പ്രവർത്തനത്തിനും തുടർ നടത്തിപ്പിനും ഉപദേശക സമിതി രൂപീകരിക്കും.

സങ്കരയിനം പശുക്കളായതിനാൽ തൊഴുത്തിലെ താപനിയന്ത്രണം സാധ്യമാക്കുന്നതിന് ഫാൻ ഉൾപ്പെടെയുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങൾ തൊഴുത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റും, സമ്പ് നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.

വനിതാ ജയിലിന് മാത്രമായി 20 ഏക്കറോളം സ്ഥലമുണ്ട്. ഇതിൽ ഒരു ഭാഗം പശുക്കൾക്ക് ആവശ്യമായ തീറ്റപ്പുൽ കൃഷി ചെയ്യാൻ ഉപയോഗിക്കും. ജയിലിലെ തടവുകാർക്ക് ഈ ഫാം ഒരു ഓൺഫീൽഡ് ട്രെയിനിംഗ് സംവിധാനമായും ഉപയോഗപ്പെടുത്താവുന്നതാണ്. നിലവിലുള്ള തടവുകാർക്ക് പശു പരിപാലനം സംബന്ധിച്ച









*കണ്ണൂർ സെൻട്രൽ ജയിലിലെ പശു വളർത്തൽ കേന്ദ്രം കൃഷി, മൃഗസംരക്ഷണ വകുപ്പു മന്ത്രി കെ.പി. മോഹനൻ സന്ദർശിക്കുന്നു.*

**വനിതാ തടവുകാരുടെ സ്വയംതൊഴിൽ മേഖലയിലെ പരിശീലനവും മാനസിക ഉല്ലാസവും പരിവർത്തനവും സാധ്യമാക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഒരു തദ്ദേശഭരണ സ്ഥാപനം ജയിലിന്റെ ക്ഷേമ പ്രവർത്തനങ്ങളിൽ ഇടപെടുന്നത്. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപന മല്ലാത്തതിനാൽ ആദ്യഘട്ടത്തിൽ ഈ പ്രവൃത്തിക്ക് അംഗീകാരം ലഭിച്ചിരുന്നില്ല. പിന്നീട് സംസ്ഥാന സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കിയത്.**

പരിശീലനം മൃഗസംരക്ഷണ വകുപ്പ് മുഖേന നൽകിയിട്ടുണ്ട്. സെൻട്രൽ ജയിലിൽ പ്രതിദിനം 200 ലിറ്ററോളം പാൽ ഉപയോഗിക്കുന്നുണ്ട്. നിലവിൽ ഒരു ദിവസം പാൽ വാങ്ങുന്നതിന് 5000 രൂപയിലധികം ചെലവഴിക്കുന്നുണ്ട്. പ്രതിവർഷം 20 ലക്ഷത്തിലധികമാണ് ചെലവ്. 2 മാസത്തേക്കുള്ള കാലിത്തീറ്റ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ പാലിന്റെ വിലയിൽ നിന്ന് തുക കണ്ടെത്തും. ജയിലിലെ ആവശ്യത്തിനുള്ള പാൽ ലഭിക്കുന്നതിനു പുറമെ തടവുകാർക്ക് പശു വളർത്തൽ പരിശീലിക്കുവാനും പദ്ധതി പ്രയോജനപ്പെടും. ശിക്ഷ പൂർത്തിയാക്കി പുറത്തുവരുന്നവർ വരുമാനമാർഗ്ഗമായി പശു വളർത്തലിൽ ഏർപ്പെടുവാനും ഇതു സഹായിക്കും.

പശുക്കളിൽ നിന്നുള്ള ചാണകം കൂടി പ്രയോജനപ്പെടുത്തിയാണ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ നിന്ന് ലഭിക്കുന്ന ജൈവവാതകം ജയിൽ അടുക്കളയിൽ പാചകത്തിനും മറ്റും ഉപയോഗിക്കുവാൻ സാധിക്കും. ചാണകം ജൈവവളമായി ജയിലിലെ മറ്റു കൃഷിക്ക് ഉപയോഗിക്കാം.

കണ്ണൂർ ജില്ലാ പഞ്ചായത്ത് മൃഗസംരക്ഷണം, ജയിൽ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ പൂർത്തിയാക്കിയ ഈ നൂതന സമഗ്ര പദ്ധതിയുടെ ഉദ്ഘാടനം 2012 ഫെബ്രുവരി 24ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ: കെ.എ. സരളയുടെ അദ്ധ്യക്ഷതയിൽ കൃഷി, മൃഗസംരക്ഷണ വകുപ്പു മന്ത്രി കെ.പി. മോഹനൻ നിർവ്വഹിച്ചു. ചടങ്ങിൽ അഡീഷണൽ ഡി.ജി.പി. പ്രിസൺ ഡോ. അലക്സാണ്ടർ ജേക്കബ്, ഐപിഎസ്, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ: ആർ വിജയകുമാർ, പ്രിസൺ ഡി.ഐ.ജി. കെ. രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. കൃഷ്ണൻ, സെൻട്രൽ പ്രിസൺ സൂപ്രണ്ട് ശിവദാസ് കെ. തൈപ്പറമ്പിൽ തുടങ്ങിയവർ സംബന്ധിച്ചു.

വനിതാ തടവുകാരുടെ സ്വയം തൊഴിൽ മേഖലയിലെ പരിശീലനവും മാനസിക ഉല്ലാസവും പരിവർത്തനവും സാധ്യമാക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഒരു തദ്ദേശഭരണ സ്ഥാപനം ജയിലിന്റെ ക്ഷേമ പ്രവർത്തനങ്ങളിൽ ഇടപെടുന്നത്. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമല്ലാത്തതിനാൽ ആദ്യ ഘട്ടത്തിൽ ഈ പ്രവൃത്തിക്ക് അംഗീകാരം ലഭിച്ചിരുന്നില്ല. പിന്നീട് സംസ്ഥാന സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കിയത്. ജില്ലാപഞ്ചായത്തിന്റെ ഈ പദ്ധതി മാതൃകയാക്കി മൃഗസംരക്ഷണ വകുപ്പും ഇത്തരം പദ്ധതി നടത്തുവാൻ മുന്നോട്ടു വന്നിട്ടുണ്ടെന്നുള്ളത് പദ്ധതിയുടെ മേന്മയ്ക്ക് തെളിവാണ്. ഇപ്പോൾ 10 പശുക്കളിൽ നിന്നു തന്നെ സെൻട്രൽ ജയിൽ, സബ് ജയിൽ, വനിതാ ജയിൽ എന്നിവിടങ്ങളിലേക്ക് ആവശ്യമായ പാൽ ഉൽപാദിപ്പിക്കുന്നുണ്ട്, കൂടാതെ ചില ദിവസങ്ങളിൽ പാൽ ലഭ്യത കൂടുതലായാൽ തൈര് മുതലായ അനുബന്ധ ഉൽപന്നങ്ങളും നിർമ്മിക്കുന്നു. പാലിന് വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിന് ചെറിയ ഒരു പരിഹാരമാവുന്ന ഈ പദ്ധതി ഒരു മാതൃകയാക്കി മറ്റു മേഖലകളിലേക്കും വ്യാപിപ്പിക്കാനായാൽ കണ്ണൂർ ജില്ലയ്ക്ക് പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാകാൻ കഴിയും എന്നതിൽ സംശയമില്ല. കൂടാതെ ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ കാങ്കോ ഫാമിലും ഇത്തരത്തിലുള്ള ഒരു പദ്ധതി കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് പൂർത്തിയാക്കി വരുന്നു. ■

## സാമ്പത്തിക വിശകലനം

| | |
|---|---|
| ഷെഡ്ഡും അനുബന്ധ സംവിധാനങ്ങളും ഒരുക്കുന്നതിനുള്ള ആകെ ചിലവ് | 16,83,000/- |
| 20 പശുക്കളുടെ വില | 5,00,000/- |
| രണ്ട് മാസത്തേക്ക് കാലിത്തീറ്റയും വൈക്കോലും | 1,00,000/- |
| ട്രാൻസ്പോർട്ടേഷൻ,ഇൻഷൂറൻസ്,ധാതുലവണങ്ങൾ, മരുന്നുകൾ | 41,000/- |
| കറവ യന്ത്രം | 50,000/- |
| ബയോഗ്യാസ് പ്ലാന്റ് | 1,87,472/- |
| സമ്പ് | 2,30,000/- |
| വൈദ്യുതീകരണം | 69,000/- |
| സ്ലറി പമ്പ് | 13,528/- |
| **ആകെ** | **28,74,000/-** |

# വാർത്തകളും വിശേഷങ്ങളും

## പന്ത്രണ്ടാം പദ്ധതി – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2012-13 വാർഷിക പദ്ധതിയും 12-ാം പഞ്ചവത്സര പദ്ധതിയും (2012-2017) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവായി. (സ.ഉ.(എം.എസ്)നം.168/12/തസ്വഭവ തീയതി 15.06.2012)

## അനധികൃതനിർമ്മാണം: 100 ച.മീറ്റർ വരെയുള്ള വീടുകൾക്ക് താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ

ചട്ടലംഘനം നടത്തി എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും, ഇപ്പോൾ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയിട്ടുള്ളതുമായ 100 ച.മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് നിയമം 235 (എഎ), 235 (ഡബ്ല്യു), കേരള മുനിസിപ്പാലിറ്റി ആക്ട് 242, 406 എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി "താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്" നൽകുവാൻ അതാത് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർക്ക് അധികാരം നല്കി ഉത്തരവായി. ഇപ്രകാരം നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേരുചേർക്കൽ എന്നീ സേവനങ്ങൾ ലഭിക്കുന്നതിനു വേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കുന്ന വീടുകളുടെ പൂർണ്ണവിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോ എടുത്ത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതർ ഒരു രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കുന്ന വീടുകൾ, ഭാവിയിൽ തുടർ നിർമ്മാണം കെട്ടിട നിർമ്മാണചട്ടങ്ങൾക്ക് വിധേയമായി മാത്രമേ നടത്തുവാൻ പാടുള്ളൂ. താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കി എന്ന കാരണത്താൽ ഈ കെട്ടിടങ്ങൾ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമപരമായ നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികൾ ഉറപ്പാക്കേണ്ടതുമാണ്. (സ.ഉ. (എം.എസ്) നം 149/2012/തസ്വഭവ. തീയതി, 4.06.2012)

## നിർധന കുടുംബങ്ങൾക്ക് അനുവദിച്ച വായ്പകളിൽ ഇളവും ഒറ്റത്തവണ തീർപ്പാക്കലും

തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ നിലവിലുള്ളതും നിർത്തലാക്കപ്പെട്ടതുമായ വികസന അതോറിറ്റികളിൽ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലയിപ്പിച്ചവ) നിന്ന് വായ്പ എടുത്ത നിർധന കുടുംബത്തിൽപ്പെട്ടവരുടെ വായ്പകളിൽ പിഴപ്പലിശ ഒഴിവാക്കുവാനും വായ്പയെടുത്തയാൾ മരണപ്പെട്ടാൽ പ്രസ്തുത വായ്പയിലെ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുവാനും വായ്പ കുടിശ്ശിക തിരിച്ചടവിൽ ഇളവുകൾ അനുവദിച്ച് 2012 ജൂലായ്/ആഗസ്റ്റ് മാസങ്ങളിൽ കുടിശ്ശിക നിവാരണ പരിപാടിയായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുവാനും തീരുമാനിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. (സ.ഉ. (കൈയ്യെഴുത്ത്) നം.165/2012/തസ്വഭവ, തീയതി: 14.06.2012)

## ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വെബ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് അനുമതി

നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് നൽകുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വെബ് അധിഷ്ഠിത സേവനത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇത്തരത്തിൽ വെബിലൂടെ ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ആധികാരിക രേഖയായിരിക്കുന്നതും അതിന് നിയമസാധുതയുണ്ടായിരിക്കുന്നതാണെന്നും അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചു. ഇപ്രകാരം ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി പ്രസ്തുത സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്ന ഓഫീസുകൾക്ക് വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പാക്കാവുന്നതാണ്. (സ.ഉ.(കൈ)നം 167/2012/തസ്വഭവ. തീയതി 15.06.2012)

## പദ്ധതി നിർവ്വഹണം – നിർവ്വഹണോദ്യോഗസ്ഥർക്കുള്ള നിർദ്ദേശങ്ങൾ


പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പാലിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. പദ്ധതി നിർവ്വഹണോദ്യോഗസ്ഥരായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും രജിസ്റ്ററുകളും അവരവർ തന്നെ സൂക്ഷിക്കേണ്ടതും സ്ഥലം മാറിപ്പോകുമ്പോൾ ചാർജ്ജ് കൈമാറുന്ന ഉദ്യോഗസ്ഥന് അവ കൈമാറേണ്ടതുമാണ്. അപ്രകാരം കൈമാറിയ ഫയലുകളുടെയും രജിസ്റ്ററുകളുടെയും രേഖകളുടെയും ലിസ്റ്റ് ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാ സെക്രട്ടറിക്ക് നൽകേണ്ടതാണ്. നിർവ്വഹണോദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സമിതി അദ്ധ്യക്ഷന്റെ അനുമതിയോടുകൂടിയായിരിക്കേണ്ടതുമാണ്. കൂടാതെ പദ്ധതി സംബന്ധിച്ചുണ്ടാകുന്ന ഓഡിറ്റ് പരാമർശങ്ങൾക്ക് കൃത്യമായി മറുപടി നൽകേണ്ടതും മറുപടി നൽകുവാൻ കൂട്ടാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി കൈക്കൊള്ളേണ്ടതുമാണ്. നിർവ്വഹണോദ്യോഗസ്ഥൻ സ്ഥലം മാറ്റം വാങ്ങിപ്പോകുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തെ പുതിയ ജോലിസ്ഥലത്തെ സംബന്ധിച്ച വിവരങ്ങൾ നിർബന്ധമായും അറിയിച്ചിരിക്കേണ്ടതാണ്. (സർക്കുലർ നം.4393/എസി2/12/തസ്വഭവ തീയതി 4.06.2012)

## പാൻമസാല തുടങ്ങിയ ലഹരി വസ്തുക്കളുടെ വില്പന നിയന്ത്രിക്കൽ സർക്കുലർ പുനസ്ഥാപിച്ചു

പുകയില ഉല്പന്നങ്ങൾ വില്ക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള അകലം 400 മീറ്റർ എന്ന് നിഷ്ക്കർഷിച്ചുകൊണ്ട് 24-11-2011ൽ പുറപ്പെടുവിച്ച 34591/ആർ.ഡി.3/11/തസ്വഭവ നമ്പർ സർക്കുലർ പുനസ്ഥാപിച്ചുകൊണ്ടും അത് റദ്ദാക്കിക്കൊണ്ടുള്ള 3-5-2011ലെ 72862/ആർ.ഡി.3/11/തസ്വഭവ നമ്പർ സർക്കുലർ പിൻവലിച്ചുകൊണ്ടും ഉത്തരവായി. (സ.ഉ.(കൈ)നം 133/2012/തസ്വഭവ. തീയതി 17.05.2012)

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by J. Sadanandan, Director of Panchayats(Additional Charge), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.




ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

**പരസ്യ നിരക്ക്**

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033